VOL NO: 06 | ISSUE 31
www.nerpatham.com
mail@nerpatham.com
2022 JULY 30 | ₹10

# നേർപഥം

വാരിക




## എതിർപ്പുകളിൽനിന്ന് ഊർജം ഉൾക്കൊള്ളുക

പെണ്ണിനെ ഇടയിലും മടിയിലുമിരുത്തിയാൽ പുരോഗമന പുസ്തകത്തിൽ പേര് വരുമെന്ന ഇക്കിളിചിന്തയിൽ നിന്ന് കേരളത്തിലെ സാമൂഹ്യമാധ്യമ ഡോൺ കിക്സോട്ടുമാർ മാത്രമല്ല ഭരണ-പ്രതിപക്ഷ നേതാക്കൾ വരെ മുക്തരല്ല എന്നാണ് വർത്തമാനകാല വൃത്താന്തങ്ങൾ സൂചിപ്പിക്കുന്നത്. പുരോഗമിച്ച് പുരോഗമിച്ച് പടുകുഴിയിലേക്ക് വഴികാട്ടുന്ന ഇത്തരം മാർഗദർശികളിലാണ് നാടിന്റെ ദീപശിഖ എന്നത് ആരെയാണ് ഭയപ്പെടുത്താത്തത്!

# പുരോഗമനത്തിന്റെ വർത്തമാനകാല വൃത്താന്തങ്ങൾ

|| മക്കയിലെ അൽഅമീൻ
|| തിന്മയെ നന്മകൊണ്ട് നേരിടുക
|| ഭാഷാവൈവിധ്യം; ഒരു ദൈവിക വരദാനം

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0288

# നേർപഥം
വാരിക

2022 ജൂലായ് 30
1443 ദുൽഹിജ്ജ 30
പുസ്തകം 06 / ലക്കം 31




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
പുരോഗമനത്തിന്റെ
വർത്തമാനകാല
വൃത്താന്തങ്ങൾ
ഹിലാൽ സലീം സി.പി

05
മുഖമൊഴി
എതിർപ്പുകളിൽനിന്ന്
ഊർജം ഉൾക്കൊള്ളുക

06
ലേഖനം
ഭാഷാവൈവിധ്യം; ഒരു ദൈവിക വരദാനം
ഡോ. ടി. കെ യൂസുഫ്

18
ചരിത്രപഥം
നബി(സ്വ)യുടെ വഫാത്ത്
ഹുസൈൻ സലഫി

23
ക്വുർആൻ ദർശനം
അഹ്ക്വാഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

26
ലേഖനം
തിന്മയെ നന്മ കൊണ്ട് നേരിടുക
സലീം പട്‌ല

34
ലേഖനം
പ്രഭ ചൊരിയുന്ന നബിജീവിതം
മക്കയിലെ അൽഅമീൻ
അബ്ദുൽ മാലിക് സലഫി

# ജെൻഡർ പൊളിറ്റിക്സ്; പൊതുബോധം തിരുത്തി ധൈഷണികസംവാദം ചരിത്രം രചിച്ച

കോഴിക്കോട്: 'ജെൻഡർ ന്യൂട്രാലിറ്റി; മതവും രാഷ്ട്രീയവും' എന്ന വിഷയത്തിൽ കോഴിക്കോട് ടൗൺ ഹാളിൽ ജൂലൈ 22ന് (വെള്ളിയാഴ്ച) വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ധൈഷണിക സംവാദം ജെൻഡർ പൊളിറ്റിക്സിനെ നിരാക്ഷേപം പിന്തുണക്കുന്ന പൊതുബോധത്തെ അഴിച്ചുപണിയാൻ വഴിയൊരുക്കുന്ന ചരിത്രപരമായ ഇടപെടലായി. ജെൻഡർ ന്യൂട്രൽ എന്ന ആശയത്തിനെതിരിൽ ശബ്ദമുയർത്തുന്നവരെ പ്രാകൃതരായി ചിത്രീകരിച്ച് വേട്ടയാടുന്ന ഈ കാലത്ത്, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ഈ പ്രോഗ്രാം ധാർമിക ബോധം നിലനിന്നുകാണാൻ ആഗ്രഹിക്കുന്നവരുടെയെല്ലാം നാവായി മാറുകയായിരുന്നു.

LGBTQLA+ ആക്ടിവിസത്തിന് ശാസ്ത്രത്തിന്റെ പിന്തുണയുണ്ടെന്ന അവരുടെ അവകാശവാദത്തിന്റെ അടിത്തറയിളക്കുന്നതായിരുന്നു വിഷയാവതരണങ്ങൾ. അനന്തമായി നീണ്ടുപോകുന്ന ജെൻഡർ ശൃംഖ ലയിലേക്ക് കൂടുതൽ അക്ഷരങ്ങൾ ചേർത്തുവെക്കാൻ വൈദ്യശാസ്ത്രത്തിൽ രാഷ്ട്രീയം എങ്ങനെ ഇട പെടുന്നുവെന്ന് ധൈഷണിക സംവാദം വ്യക്തമായി തുറന്നുകാട്ടി.

ജെൻഡർ ന്യൂട്രാലിറ്റിക്കെതിരിൽ ഇസ്‌ലാം രംഗത്തുവരുമ്പോൾ അതിനെ മതമൗലികവാദമായും പിന്തിരിപ്പനായും ചിത്രീകരിക്കുന്നവരുടെ മുമ്പിൽ, നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ വിഷയത്തിൽ ഇസ്‌ലാമിക പണ്ഡിതന്മാർ സ്വീകരിച്ച നിലപാടുകൾ വിശദീകരിച്ചുകൊണ്ട് നൽകിയ മറുപടികൾ ഇസ്‌ലാമിന്റെ അജയ്യത വിളിച്ചോതുന്നതായിരുന്നു.

LGBTQLA+ എന്നതിൽ അടക്കംചെയ്ത അപകടകരമായ ആശയങ്ങൾ നമുക്ക് പുതുതായി തോന്നുന്നുവെങ്കിലും ഇസ്‌ലാം ഇത്തരം അധാർമികതകളെ കുറിച്ചും അതിന്റെ പരിഹാരത്തെ സംബന്ധിച്ചും വ്യക്തതയോടെയുള്ള നിലപാട് പ്രവാചകന്റെയും അനുചരന്മാരുടെയും കാലത്തുതന്നെ കൈക്കൊണ്ടിരുന്നു. ഇത് ഇസ്‌ലാമിന്റെ ദൈവികത വിളിച്ചോതുന്നതാണെന്ന് ധൈഷണിക സംവാദം വ്യക്തമായി വരച്ചു കാണിച്ചു. മലയാളക്കരയിൽ ജെൻഡർ പൊളിറ്റിക്സ് കടന്നുവരുന്ന വഴികളെ തിരിച്ചറിയാനും അതിനെതിരെ സമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്ന് ഉയർന്നുവരേണ്ട ചെറുത്തുനിൽപ്പിനും വ്യക്തമായ ദിശാ ബോധം പകർന്നുനൽകുന്നതിൽ ധൈഷണിക സംവാദം വിജയിച്ചു.

ജെൻഡർ ന്യൂട്രാലിറ്റി പുതുതലമുറയിൽ ചെലുത്തുന്ന സ്വാധീനത്തെ തുറന്നുകാട്ടാനായി ജില്ലാതലങ്ങളിൽ യുവജന വിദ്യാർഥി സമ്മേളനങ്ങൾ ഇതിന്റെ തുടർച്ചയായി സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതൊരു തുടക്കം മാത്രമാണ്. ഇനിയുള്ള ദിവസങ്ങളിൽ പൊതുമണ്ഡലത്തിലും സമുദായത്തിനകത്തും ഈ വിഷയം ചർച്ച ചെയ്യപ്പെടാൻ ധൈഷണിക സംവാദം ഒരു ദിശാസൂചിയാകും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് അധ്യക്ഷത വഹിച്ചു. പ്രൊഫ. ഹാരിസ്ബ്നുസലീം, അബ്ദുൽമാലിക് സലഫി, ഡോ. അബ്ദുല്ല ബാസിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി കെ. സജ്ജാദ്, വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി, ഷബീബ് സ്വലാഹി, നിഷാദ് സലഫി പട്ടാമ്പി, വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഷഹബാസ് കെ. അബ്ബാസ്, മുഹമ്മദ് നസീഹ് എന്നിവർ പ്രസംഗിച്ചു. ■

# എതിർപ്പുകളിൽനിന്ന് ഊർജം ഉൾക്കൊള്ളുക

ധാർമിക സദാചാര മൂല്യങ്ങളെ സമൂഹത്തിൽനിന്നും തുടച്ചുനീക്കാനുള്ള തീവ്രമായ പരിശ്രമങ്ങളാണ് ലിബറലിസ്റ്റുകളും യുക്തിവാദികളും നടത്തിക്കൊണ്ടിരിക്കുന്നത്. ആൺ-പെൺ വേർതിരിവ് എന്തിനെന്നതാണ് ഇപ്പോൾ ഇവരുടെ ചോദ്യം. പൊതു ഇടങ്ങളിൽ പോലും പരസ്യമായി കാമകേളികൾ നടത്താൻ മടിയില്ലാത്തവരായി 'പുരോഗമന' യുവസമൂഹം മാറിക്കൊണ്ടിരിക്കുന്നു. അതിനെ ആരെങ്കിലും ചോദ്യം ചെയ്താൽ അവർ പിന്തിരിപ്പന്മാരായി ചിത്രീകരിക്കപ്പെടുന്നു. ഇത് മലയാളികൾക്ക് പരിചയമില്ലാത്ത കാര്യമാണ്. അഥവാ അവരുടെ ഇതപര്യന്തമുള്ള ശീലങ്ങൾക്കെതിരാണ്.

ജീവിതത്തിന്റെ നിഖില മേഖലകളിലും ധാർമികത മുറുകെ പിടിക്കണമെന്ന് നിഷ്കർശിക്കുന്ന മതമാണ് ഇസ്‌ലാം എന്നതിനാൽതന്നെ മൂല്യനിഷേധികളുടെയെല്ലാം വാൾത്തലകൾ ആദ്യം നീളുന്നത് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും നേർക്കാണ്. അതുകൊണ്ടൊന്നും അധർമത്തിനെതിരിലുള്ള പോരാട്ടത്തിൽനിന്നും പിന്തിരിയേണ്ടവരല്ല ഇസ്‌ലാമിക പ്രബോധകർ.

സത്യവിശ്വാസവും സൽകർമങ്ങളും സ്വീകരിച്ചാൽ ലഭിക്കാനിരിക്കുന്ന സൽഫലങ്ങളെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവരും തെറ്റായ വിശ്വാസവും ദുഷ്കർമങ്ങളും സ്വീകരിച്ചാൽ അനുഭവിക്കേണ്ടിവരുന്ന ദുഷ്ഫലങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നവരായിക്കൊണ്ടുമാണ് പ്രവാചകന്മാരെ അല്ലാഹു നിയോഗിച്ചതെന്ന് അനേകം ക്വുർആൻ സൂക്തങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവാചകന്മാരുടെ കാലശേഷം അവരുടെ ദൗത്യം നിർവഹിക്കേണ്ടവരാണ് സത്യപ്രബോധകർ. അവർക്കും നിർവഹിക്കുവാനുള്ളത് സന്തോഷവാർത്ത അറിയിക്കലും മുന്നറിയിപ്പ് നൽകലും തന്നെയാണ്.

സത്യസന്ധവും ആത്മാർഥവുമായ പ്രബോധനത്തിനുനേരെ എതിർപ്പുകളുയരുമെന്നതിൽ സംശയമില്ല. എന്നുവച്ച് ഭയന്ന് പിൻമാറുവാൻ പാടില്ല. പൊതുവായ തിന്മകളോടും മുസ്‌ലിം സമുദായത്തിനകത്തുള്ള വിശ്വാസ, കർമ കാര്യങ്ങളിലുള്ള വ്യതിയാനങ്ങളോടും രാജിയാകാനല്ല; പ്രതികരിക്കുവാനും യാഥാർഥ്യം ബോധ്യപ്പെടുത്താനുമാണ് പ്രബോധകർ ശ്രമിക്കേണ്ടത്. നബി (സ്വ) പഠിപ്പിക്കാത്ത വിശ്വാസങ്ങൾ പുലർത്തുന്നവരും അവിടുന്ന് മാതൃക കാണിക്കാത്ത ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നവരും അവിടുന്ന് പഠിപ്പിക്കാത്ത കാര്യങ്ങൾക്ക് പുണ്യം വിധിക്കുന്നവരുമാണ് മുസ്‌ലിം സമുദായത്തിൽ ഭൂരിപക്ഷം. അല്ലാഹുവിന്റെ ഗ്രന്ഥത്തിലും പ്രവാചകചര്യയിലും സ്ഥിരപ്പെട്ട വിശ്വാസ-കർമങ്ങളേ സ്വീകരിക്കാവൂ എന്ന് നിഷ്കർഷിക്കുന്നവർ ന്യൂനപക്ഷവും. തെളിവില്ലാത്ത വിശ്വാസാചാരങ്ങൾ ഉപേക്ഷിക്കണമെന്ന് പറയുന്നവരെ ഭൂരിപക്ഷം ഭിന്നിപ്പുകാരായി ചിത്രീകരിക്കുകയും ചെയ്യുന്നു.

ഈ പ്രതികൂല സാഹചര്യത്തിലും സത്യത്തിൽ ഉറച്ചു നിൽക്കുന്നവർക്ക് ആശ്വാസം നൽകുന്ന പല ഘടകങ്ങളുമുണ്ട്. ഇസ്‌ലാമിന്റെ പ്രമാണങ്ങളായ ക്വുർആനും പ്രവാചകചര്യയും ആർക്കും പരിശോധിക്കാവും വിധം ലഭ്യമാണെന്നതാണ് ഒരു ഘടകം. മിക്ക ഭാഷകളിലും ഇവയുടെ പരിഭാഷകൾ ലഭ്യമാണ്താനും. ഇസ്‌ലാമിക ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളിലും പ്രമാണങ്ങളോട് പ്രതിബദ്ധത പുലർത്തിയ കുറച്ചു പണ്ഡിതന്മാരെങ്കിലും ഉണ്ടായിരുന്നു എന്നതാണ് മറ്റൊരു ഘടകം. ശിയാക്കളും വിധിനിഷേധികളും അദ്വൈതവാദികളും ക്വബ്റാരാധകരും ഇസ്‌ലാമിന്റെ പേരിൽ കെട്ടിച്ചമച്ച വാദങ്ങൾക്ക് മറുപടി നൽകിക്കൊണ്ട് അവർ ഇസ്‌ലാമിന്റെ കാവൽഭടന്മാരായി വർത്തിച്ചിട്ടുണ്ട്. വർത്തമാന കാലത്ത് ലോകത്തുടനീളം ഇസ്‌ലാമിന്റെ മൗലിക രൂപം തെളിയിച്ചുകാണിക്കുന്നതിനു വേണ്ടി കൂട്ടായ്മകൾ നിലകൊള്ളുന്നു എന്നതാണ് മറ്റൊരു ഘടകം.

അല്ലാഹുവും റസൂലും പഠിപ്പിച്ച രൂപത്തിൽ തന്നെ ഇവിടെ ഇസ്‌ലാം നിലനിർത്തുന്നതിനു വേണ്ടി പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്തുകൊണ്ടിരുന്ന സത്യപ്രബോധകർ ഇല്ലായിരുന്നുവെങ്കിൽ മുസ്‌ലിം സമൂഹത്തിന്റെ സ്ഥിതി എന്താകുമായിരുന്നു എന്ന് ഊഹിക്കാവുന്നതേയുള്ളൂ. തർക്കിച്ചുതോൽപിക്കാൻ വെമ്പൽകൊള്ളുന്ന ഒരു എതിരാളിയുടെ റോളല്ല, പ്രബോധിതന് എല്ലാവിധത്തിലും നന്മയും രക്ഷയും ഉണ്ടാകണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്ന ഒരു ഗുണകാംക്ഷിയുടെ ഭാവമാണ് സത്യപ്രബോധകന് ഉണ്ടായിരിക്കേണ്ടത്.




“ആകാശഭൂമികളുടെ സൃഷ്ടിയും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്”
(റൂം 22).

# ഭാഷാവൈവിധ്യം; ഒരു ദൈവിക വരദാനം

**ഡോ. ടി. കെ യൂസുഫ്**

:9349798262

ആശയവിനിമയത്തിനുള്ള ഒരു ഉപാധിയായി ഭാഷയെ നമുക്ക് നിർവചിക്കാം. മനുഷ്യരുടെ ചിന്തകൾ ഭാഷകളുടെ മൂശയിൽ വാർത്തെടുക്കപ്പെടുന്നതുകൊണ്ട് അവയുടെ അഭാവത്തിൽ വിവരവിനിമയം ദുഷ്ക്കരമാണ്. ഭാഷാവൈവിധ്യത്തിന് പ്രധാനമായും രണ്ടുകാരണങ്ങളാണ് പറയപ്പെടുന്നത്. ഓരോ ജനതയും ആശയവിനിമയത്തിന് ചില ശബ്ദങ്ങൾ ആവിഷ്ക്കരിച്ചു. അല്ലെങ്കിൽ ഓരോ ജനതക്കും ജന്മസിദ്ധമായി ഒരു ഭാഷ സംസാരിക്കാനുള്ള കഴിവ് ലഭിച്ചു. വിശുദ്ധ ക്വുർആൻ ഭാഷാവൈവിധ്യത്തെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്:

“ആകാശഭൂമികളുടെ സൃഷ്ടിയും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്” (റൂം 22).

ആകാശഭൂമികളുടെ സൃഷ്ടിയോടനുബന്ധിച്ചാണ് ക്വുർആൻ ഭാഷാവൈവിധ്യം പരാമർശിക്കുന്നത്. തന്നെയുമല്ല മനുഷ്യരുടെ വർണവ്യത്യാസവും ഇതോടൊപ്പം പറയുന്നതായി കാണാം. അതുകൊണ്ട് തന്നെ മനുഷ്യരുടെ വർണവ്യത്യാസം പോലുള്ള ഒരു ജനിതകഘടകം ഭാഷാവൈവിധ്യത്തിലും സ്വാധീനം ചെലുത്തുന്നുണ്ടോ എന്നും അനുമാനിക്കാവുന്നതാണ്. കേവലം ചുറ്റുപാടും പരിസ്ഥിതിയും മാത്രമാണ് വൈവിധ്യത്തിന്റെ അടിസ്ഥാനഘടകമെങ്കിൽ അത് ഒരു ദൃഷ്ടാന്തമായി എടുത്തുപറയാനും സാധ്യതയില്ലല്ലോ.

ലോകത്ത് ഏകദേശം ഏഴായിരത്തോളം ഭാഷകളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കൃത്യമായി പറഞ്ഞാൽ 7151 ഭാഷകളുണ്ട്. ഭാഷകളുടെ വകഭേദങ്ങൾകൂടി കൂട്ടുകയാണെങ്കിൽ അവയുടെ എണ്ണം 8500 വരും. ജർമനിയിലെ Glottolog ആണ് ഇത്തരം ഒരു ഡാറ്റാശേഖരണം നടത്തിയിട്ടുള്ളത്. ഈ ഭാഷകളെല്ലാം ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, ഭാരതീയഭാഷ കുടുംബങ്ങളിലേക്ക് ചേർക്കപ്പെടുന്നതാണ്. നൂറ് മില്യണിൽ അധികം ആളുകൾ സംസാരിക്കുന്ന പത്തോളം ഭാഷകളാണ് ലോകത്ത് നിലനിൽക്കുന്നത്. ചൈനീസ്, ഇംഗ്ലീഷ്, സ്പാനിഷ്ഗ അറബിക്, ഹിന്ദി, റഷ്യൻ, പോർചുഗീസ്, ഫ്രഞ്ച്, ബംഗാളി, ജപാനീസ്, ജർമൻ എന്നിവയാണത്. ചുരുക്കിപ്പറഞ്ഞാൽ ലോക ഭാഷകളിൽ വിരലിൽ എണ്ണാവുന്ന ഏതാനും ഭാഷകൾ മാത്രമാണ് കൂടുതൽ ആളുകൾ സംസാരിക്കുന്നത്. ലോക ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗവും സംസാരിക്കുന്നത് കേവലം പന്ത്രണ്ട് ഭാഷകളാണ്. അതു

പോലെ ലോക ഭാഷകളുടെ 96 ശതമാനവും സംസാരിക്കുന്നവരുടെ എണ്ണം ആഗോള ജനസംഖ്യയുടെ രണ്ടോ മൂന്നോ ശതമാനം ആളുകൾ മാത്രമാണ്. ആയിരം ആളുകൾ പോലും സംസാരിക്കാത്ത ഭാഷകളുമുണ്ട്. സംസാരിക്കുന്നവരുടെ എണ്ണം എത്രതന്നെയായായലും ഭാഷാവൈവിധ്യത്തോടൊപ്പം ഒരു സാംസ്ക്കാരികവൈവിധ്യവും നമുക്ക് ദർശിക്കാനാവും.

ഏറ്റവും കൂടുതൽ ഭാഷാവൈവിധ്യം കാണപ്പെടുന്നത് ഏഷ്യയിലും ആഫ്രിക്കയിലുമാണ്. ഈ രണ്ട് വൻകരകളിലും രണ്ടായിരത്തിലധികം ജൈവഭാഷകളുണ്ട്. യൂറോപ്പിലാണ് ഏറ്റവും കുറവ് ഭാഷാവൈവിധ്യമുള്ളത്. അവിടെ ഏകദേശം 250 ഭാഷകളാണുള്ളത്. അവിടെയുള്ള പത്തോളം ഭാഷകൾ വംശനാശ ഭീഷണി നേരിടുന്നുമുണ്ട്. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും അമ്പത് ശതമാനം ഭാഷകളും കുറ്റിയറ്റുപോകാനിടയുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ലോകത്ത് അധികജനങ്ങളും ഒന്നിലധികം ഭാഷകൾ സംസാരിക്കുന്നവരാണ്. കുടിയേറ്റങ്ങളും കോളനി വാഴ്ചകളുമാണ് ബഹുഭാഷാ പ്രചരണത്തിന് വഴിയൊരുക്കുന്നത്. ബ്രിട്ടീഷ്, ഫ്രഞ്ച് കോളനിവാഴ്ചകൾ ഈ രണ്ട് ഭാഷകളുടെയും പ്രചരണത്തിനും വ്യാപനത്തിനും കാരണമായിത്തീർന്നിട്ടുണ്ട്. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ കൂടെപ്പിറപ്പായതുകൊണ്ട് ഇംഗ്ലീഷിന് കുറച്ചുകൂടി മേൽക്കോയ്മ നേടാനായിട്ടുണ്ട്, ആഗോളവത്ക്കരണവും ആംഗലേയ ഭാഷയുടെ ആധിപത്യത്തിന് ആക്കംകൂട്ടിയിട്ടുണ്ട്. മറ്റു ഭാഷകളുടെ നാശത്തിനും ഈ വ്യാപനം ഒരളവോളം കാരണമായിത്തീരുന്നുണ്ട്. കൂടുതൽ ഭാഷകൾ അറിയുന്നത് വിജ്ഞാന സമ്പാദനത്തിനും ഗവേഷണത്തിനും വളരെ സഹായകമാണ്. അതുകൊണ്ട് തന്നെ സകല സർവകലാശാലകളും ഒരു രണ്ടാം ഭാഷ അല്ലെങ്കിൽ അന്താരാഷ്ട്ര ഭാഷ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതായി കാണാൻ കഴിയും.

**ഏറ്റവും കൂടുതൽ ഭാഷാവൈവിധ്യം കാണപ്പെടുന്നത് ഏഷ്യയിലും ആഫ്രിക്കയിലുമാണ്. ഈ രണ്ട് വൻകരകളിലും രണ്ടായിരത്തിലധികം ജൈവ ഭാഷകളുണ്ട്. യൂറോപ്പിലാണ് ഏറ്റവും കുറവ് ഭാഷാവൈവിധ്യമുള്ളത്. അവിടെ ഏകദേശം 250 ഭാഷകളാണുള്ളത്. അവിടെയുള്ള പത്തോളം ഭാഷകൾ വംശനാശ ഭീഷണി നേരിടുന്നുമുണ്ട്. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും അമ്പത് ശതമാനം ഭാഷകളും കുറ്റിയറ്റുപോകാനിടയുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ലോകത്ത് അധികജനങ്ങളും ഒന്നിലധികം ഭാഷകൾ സംസാരിക്കുന്നവരാണ്. കുടിയേറ്റങ്ങളും കോളനിവാഴ്ചകളുമാണ് ബഹുഭാഷാ പ്രചരണത്തിന് വഴിയൊരുക്കുന്നത്. ബ്രിട്ടീഷ്, ഫ്രഞ്ച് കോളനിവാഴ്ചകൾ ഈ രണ്ട് ഭാഷകളുടെയും പ്രചരണത്തിനും വ്യാപനത്തിനും കാരണമായി ത്തീർന്നിട്ടുണ്ട്.**

ജൈവവൈവിധ്യം പോലെതന്നെ ഭാഷാവൈവിധ്യവും നാം സംരക്ഷിക്കേണ്ടതുണ്ട്. കാരണം ഒരു ഭാഷ നഷ്ടപ്പെടുമ്പോൾ അതിലൂടെ അനേകം വിജ്ഞാനങ്ങളും സംസ്ക്കാരങ്ങളും സാഹിത്യവും സർവോപരി ചിലരുടെ പ്രതിഭകളും കണ്ടുപിടുത്തങ്ങളും ലോകത്തിന് നഷ്ടപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ സിംഹവാലൻ കുരങ്ങിനെയും കരടിപ്പൂച്ചയെയും സംരക്ഷിക്കുന്നതുപോലെ നാം ഭാഷകളെയും സംരക്ഷിക്കേണ്ടതുണ്ട്. ജൈവവൈവിധ്യം, സാംസ്ക്കാരികവൈവിധ്യം, ഭാഷാവൈവിധ്യം; ഇവയെല്ലാം ദൈവിക വരദാനം തന്നെയാണ്. ഭാഷാവൈവിധ്യം ധാരാളമുള്ള രാജ്യങ്ങളിൽ വമ്പിച്ച ജൈവവൈവിധ്യവും നമുക്ക് ദർശിക്കാനാകും. ഭാഷാവൈവിധ്യത്തിന് പേരുകേട്ട ഇന്ത്യ, ഇന്തോനേഷ്യ, ആസ്ത്രേലിയ എന്നീ രാജ്യങ്ങളിൽ ജൈവ, സസ്യ, വൈവിധ്യങ്ങളും അനവധിയാണ്. ഒരു പൂന്തോട്ടത്തിലെ എല്ലാ പൂക്കളും ഒരേ ഇനമാകുന്നതിലും ആകർഷകം വ്യത്യസ്ത പൂക്കളാകുന്നതാണല്ലോ. അപൂർവയിനം പൂക്കളെ വളർത്തി സംരക്ഷിക്കുന്നതുപോല ന്യൂനപക്ഷ ഭാഷകളെയും കാത്തുസൂക്ഷിക്കേണ്ടതുണ്ട്.

ഭാഷാവൈവിധ്യത്തിന്റെ



മറ്റൊരു ഗുണം അത് ഭാഷയുടെ ചേതനയെ നിലനിർത്തുന്നതിൽ മറ്റനേകം ഘടകങ്ങളെ പോലെ ഗണ്യമായ പങ്കുവഹിക്കുന്നു എന്നതാണ്. പുരാതന കാലത്ത് വിരലിലെണ്ണാവുന്ന ഭാഷകൾ മാത്രമാണ് ലോകത്ത് നിലവിലുണ്ടായിരുന്നത്. അവയിൽ പലതും ഇന്ന് മണ്ണടിയുകയോ മൃതപ്രായ മാകുകയോ ചെയ്തിട്ടുണ്ട്. പുരാതനകാലത്തെ കുലപതിയായിരുന്ന ലാറ്റിൻ ഭാഷയുടെ ഇന്നത്തെ അവസ്ഥ അതിനുദാഹരണമാണ്. ഇന്നത്തെ പ്രമാണിയായ ഇംഗ്ലീഷിനും നാളെ ഈ ദുർഗതി വന്നുകൂടായ്കയില്ല. ഒരു ഭാഷയെ ഊർജ്ജസ്വലതയോടെ നിലനിർത്തണമെങ്കിൽ ഒരുപാട് ഘടകങ്ങൾ ആവശ്യമാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സാമ്പത്തിക, സാമൂഹിക അവസ്ഥകളാണ്. ഗൾഫ് രാജ്യങ്ങളിലെ എണ്ണപ്പണം അറബി ഭാഷയുടെ പ്രചാരണത്തിന് നിമിത്തമാകുന്നത് അതിനുദാഹരണമാണ്. ജനസംഖ്യ, ശാസ്ത്രം, മീഡിയ, വിദ്യാഭ്യാസം, വ്യവസായം, മതം, സംസ്‌ക്കാരം എന്നിവെയല്ലാം ഭാഷയുടെ ചൈതന്യം നിലനിർത്താനാനവശ്യമായ മറ്റു ഘടകങ്ങളാണ്.

**പുരാതനകാലത്ത് വിരലിലെണ്ണാവുന്ന ഭാഷകൾ മാത്രമാണ് ലോകത്ത് നിലവിലുണ്ടായിരുന്നത്. അവയിൽ പലതും ഇന്ന് മണ്ണടിയുകയോ മൃതപ്രായ മാകുകയോ ചെയ്തിട്ടുണ്ട്. പുരാതനകാലത്തെ കുലപതിയായിരുന്ന ലാറ്റിൻ ഭാഷയുടെ ഇന്നത്തെ അവസ്ഥ അതിനുദാഹരണമാണ്. ഇന്നത്തെ പ്രമാണിയായ ഇംഗ്ലീഷിനും നാളെ ഈ ദുർഗതി വന്നുകൂടായ്കയില്ല. ഒരു ഭാഷയെ ഊർജ്ജസ്വലതയോടെ നിലനിർത്തണമെങ്കിൽ ഒരുപാട് ഘടകങ്ങൾ ആവശ്യമാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സാമ്പത്തിക, സാമൂഹിക അവസ്ഥകളാണ്. ഗൾഫ് രാജ്യങ്ങളിലെ എണ്ണപ്പണം അറബി ഭാഷയുടെ പ്രചാരണത്തിന് നിമിത്തമാകുന്നത് അതിനുദാഹരണമാണ്. ജനസംഖ്യ, ശാസ്ത്രം, മീഡിയ, വിദ്യാഭ്യാസം, വ്യവസായം, മതം, സംസ്‌ക്കാരം എന്നിവെയല്ലാം ഭാഷയുടെ ചൈതന്യം നിലനിർത്താനാനവശ്യമായ മറ്റു ഘടകങ്ങളാണ്.**

**ബഹുഭാഷാ പഠനത്തിന്റെ പ്രയോജനങ്ങൾ**

ഭാഷാവൈവിധ്യത്തിന്റെ ഏറ്റവും വലിയ പ്രയോജനങ്ങളിലൊന്ന് വിവിധ ഭാഷകൾ പഠിക്കുന്നതിലൂടെ മനുഷ്യന് അനവധി നേട്ടങ്ങൾ ആർജിക്കാൻ കഴിയും എന്നതാണ്.

*1. ബുദ്ധിശക്തി വളർത്തും:*


വ്യത്യസ്ത ഭാഷകൾ കൈകാര്യം ചെയ്യുന്നവർക്ക് ബൗദ്ധിക വളർച്ചയും കാര്യങ്ങൾ അപഗ്രഥിക്കാനുള്ള ശേഷിയും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലായിരിക്കും. ഭാഷകൾ മാറി മാറി സംസാരിക്കുന്നത് ബുദ്ധിയെ പ്രവർത്തനക്ഷമമായി നിലനിർത്താനും അതുമൂലം അൾഷിമേഴ്‌സ് പോലുള്ള മറവി രോഗങ്ങളിൽനിന്നും മോചനം നേടുന്നതിനും സഹായകമാകും.

*2. സാംസ്‌കാരിക കവാടം:*

പല ഭാഷകൾ പഠിക്കുന്നതിലൂടെ പല സംസ്‌കാരങ്ങൾ സ്വാംശീകരിക്കാൻ കഴിയും. ഒരു ഭാഷ പഠിക്കുമ്പോൾ അതിലെ സംസ്‌കാരങ്ങൾ അറിയാനുള്ള കൗതുകവുമുണ്ടാകും. വിവർത്തനകൃതികളിലൂടെ നമുക്ക് അത് പൂർണമായും ഗ്രഹിക്കാൻ സാധ്യമല്ല. എന്തിനേറെ പറയുന്നു; പല സിനിമകളുടെയും നോവലുകളുടെയും തലക്കെട്ടു പോലും വിവർത്തനം ചെയ്താൽ അവ യഥാർഥ അർഥം ദ്യോതിപ്പിക്കുകയില്ല. ഉദാഹരണമായി; 'ഒന്നും ഒന്നും ഇമ്മിണി വല്യ ഒന്ന്' എന്ന് എങ്ങനെയാണ് മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തുക?

*3. മാതൃഭാഷയെ ശക്തിപ്പെടുത്തും:*

മാതൃഭാഷയല്ലാത്ത ഒരു ഭാഷ പഠിക്കുന്നവൻ അവൻ അറിയാതെ തന്നെ സ്വന്തം ഭാഷയിലുള്ള കഴിവ് വർധിപ്പിക്കുന്നുണ്ട്. ചില പദങ്ങൾക്ക് സമാനമായ പദം സ്വന്തം ഭാഷയിൽ കണ്ടെത്താൻ ശ്രമിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. മാതൃഭാഷയിലെ വാചകങ്ങൾ എങ്ങ



**ഭാഷാ വൈവിധ്യം ആളുകളെ അകറ്റും എന്ന ധാരണ തീർത്തും  അസ്ഥാനത്താണ്. മറിച്ച് അത് ആളുകളെ കൂടുതൽ അടുപ്പിക്കുകയാണ് ചെയ്യുന്നത്. ലോകത്ത് ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ട രാജ്യങ്ങളിൽ അധികവും ഏകഭാഷ സംസാരിക്കുന്നവയാണ്. ബഹുഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽ ആഭ്യന്തരയുദ്ധം വിരളമായിട്ടാണ് സംഭവിച്ചിട്ടുള്ളത്. ഭാഷാവൈവിധ്യത്തിന് ഒട്ടേറെ സവിശേഷതകൾ ഉള്ളതുകൊണ്ടാകാം അറിവുള്ളവർക്ക് കണ്ടെത്താൻ കഴിയുന്ന ഒരു ദൈവിക ദൃഷ്ടാന്തമായി ഖുർആൻ ഭാഷാവൈവിധ്യത്തെ വിശേഷിപ്പിക്കുന്നത്.**

നെ വരുന്നു എന്നതിനെ കുറിച്ച് രണ്ടാമതൊന്ന് ചിന്തിക്കാൻ ബഹുഭാഷാ പഠനം സഹായകമാകും. വാചകഘടനയുടെയും വ്യാകരണ നിയമങ്ങളുടെയും കാര്യം ശ്രദ്ധിക്കുന്നതും അപ്പോഴായിരിക്കും.

*4. സൗഹൃദം ഊഷ്മളമാക്കും:*

ഇതര ഭാഷകൾ സംസാരിക്കുന്ന സ്ഥലങ്ങളിലുള്ള നമ്മുടെ ബന്ധുക്കളുമായും സുഹൃത്തുക്കളുമായും നാം അവരുടെ ഭാഷയിൽതന്നെ ആശയവിനിമയം നടത്തുകയാണെങ്കിൽ അത് ആശയവിനിമയം കൂടുതൽ ഹൃദ്യമാക്കും.

*5. ലോക സഞ്ചാരം ആസ്വാദ്യകരമാകും:*

വിനോദ സഞ്ചാരത്തിനും മറ്റും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുന്നവർക്ക് അന്നാട്ടിലെ പ്രാദേശിക ഭാഷകൾ അറിയുകയാണെങ്കിൽ ഒരു ഗൈഡിന്റെ സഹായമില്ലാതെ ആളുകളുമായി സംവദിക്കാനാകും. അതുപോലെ ഒരു ഭാഷാ കുടുംബത്തിൽ പെട്ട ഒരു ഭാഷ പഠിക്കുന്നത് ആ ഗണത്തിലെ മറ്റു ഭാഷകളുടെ പഠനത്തിന് സഹായകമാകും.

6. പൈതൃകങ്ങളും സംസ്കാരങ്ങളും മനസ്സിലാക്കാം:

ഒരു നാട്ടിലെ പൈതൃകവും സംസ്കാരവും അറിയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം ആ നാട്ടിലെ ഭാഷ സ്വായത്തമാക്കലാണ്.

*7. സഹിഷ്ണുത, സഹവർത്തിത്വം:*

സാസ്കാരിക സംഘട്ടനം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിലുള്ള സഹിഷ്ണുതക്കും സഹവർത്തിത്വത്തിനും ബഹുഭാഷാ പഠനം സഹായകമാകും.

*8. ആഗോള പൗരത്വത്തിന് ആക്കം കൂട്ടും:*

ആയിരക്കണക്കിന് ഭാഷ പഠിച്ചിട്ടില്ലെങ്കിലും ഏതാനും ഭാഷകൾ പഠിച്ചാലും ലോകത്ത് എവിടെയും ഗൈഡിന്റെ സഹായമില്ലാതെ ആഗോള പൗരനായി സഞ്ചരിക്കാനാകും. ചെറുപ്പത്തിൽ ഒരു രണ്ടാം ഭാഷ പഠിച്ചിട്ടില്ലെങ്കിലും ദിവസവും ഒരു നിശ്ചിത സമയം ചെലവഴിക്കുകയാണെങ്കിൽ ധാരാളം ഭാഷകൾ പഠിക്കാനാകും. തലച്ചോറിന്റെ സംരക്ഷണത്തിന് ഇത് ഒരു മുതൽകൂട്ടാവുകയും ചെയ്യും.

9. തൊഴിലവസരങ്ങൾ ഉണ്ടാക്കും:

മൾട്ടി നാഷണൽ കമ്പനികൾ അരങ്ങുതകർക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആമസോൺ പോലുള്ള ഓൺലൈൻ വ്യാപാരസ്ഥാപനങ്ങളിലും ഗൂഗിൾ, ഫേസ് ബുക്ക്, യൂട്യൂബ് എന്നിവിടങ്ങളിലും ദ്വിഭാഷികൾക്കും ബഹുഭാഷ പണ്ഡിതർക്കും അനവധി തൊഴിലവസരമുണ്ട്.

10. വികസനം വ്യാപകമാക്കും:

ആഫ്രിക്ക, ഇന്ത്യ പോലുള്ള രാജ്യങ്ങളിലെ മുഴുവൻ ജനങ്ങൾക്കും സാംക്രമിക രോഗങ്ങളെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും മാർഗനിർദേശങ്ങൾ നൽകണമെങ്കിൽ പ്രാദേശിക ഭാഷകളിൽ തന്നെ നൽകിയെങ്കിലേ അത് ഫലപ്രദമാവുകയുള്ളൂ.

*11. ഐക്യവും സമാധാനവുമുണ്ടാക്കും:*

ഭാഷാ വൈവിധ്യം ആളുകളെ അകറ്റും എന്ന ധാരണ തീർത്തും അസ്ഥാനത്താണ്. മറിച്ച് അത് ആളുകളെ കൂടുതൽ അടുപ്പിക്കുകയാണ് ചെയ്യുന്നത്. ലോകത്ത് ആഭ്യന്തര യുദ്ധം പൊട്ടിപ്പുറപ്പെട്ട രാജ്യങ്ങളിൽ അധികവും ഏകഭാഷ സംസാരിക്കുന്നവയാണ്. ബഹുഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽ ആഭ്യന്തരയുദ്ധം വിരളമായിട്ടാണ് സംഭവിച്ചിട്ടുള്ളത്.

*12. ടെക്നോളജിക്ക് മുതൽക്കൂട്ടാകും:*

ഐ.ടി. അടക്കം ലോകത്തുള്ള എല്ലാ വ്യവസായങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നം വിദഗ്ധരുടെും പ്രാഗൽഭ്യമുള്ളവരുടെയും ക്ഷാമമാണ്. ബഹുഭാഷാ പഠനത്തിലൂടെ ലോകത്തെ ഏത് കോണിലുമുള്ള പ്രതിഭകളുടെ കഴിവും കാര്യക്ഷമതയും ഉപയോഗപ്പെടുത്താനാകും.

മുകളിൽ സൂചിപ്പിച്ചതുപോലെ ഭാഷാവൈവിധ്യത്തിന് ഒട്ടേറെ സവിശേഷതകൾ ഉള്ളതുകൊണ്ടാകാം അറിവുള്ളവർക്ക് കണ്ടെത്താൻ കഴിയുന്ന ഒരു ദൈവിക ദൃഷ്ടാന്തമായി ഖുർആൻ ഭാഷാവൈവിധ്യത്തെ വിശേഷിപ്പിക്കുന്നത്.



കവർ സ്റ്റോറി

# പുരോഗമനത്തിന്റെ വർത്തമാനകാല വൃത്താന്തങ്ങൾ

ഹിലാൽ സലീം സി.പി
: 79945 11562

**പെണ്ണിനെ ഇടയിലും മടിയിലുമിരുത്തിയാൽ പുരോഗമന പുസ്തകത്തിൽ പേര് വരുമെന്ന ഇക്കിളിചിന്തയിൽ നിന്ന് കേരളത്തിലെ സാമൂഹ്യമാധ്യമ ഡോൺ ക്വിക്സോട്ടുമാർ മാത്രമല്ല ഭരണ-പ്രതിപക്ഷ നേതാക്കൾ വരെ മുക്തരല്ല എന്നാണ് വർത്തമാനകാല വൃത്താന്തങ്ങൾ സൂചിപ്പിക്കുന്നത്. പുരോഗമിച്ച് പുരോഗമിച്ച് പടുകുഴിയിലേക്ക് വഴികാട്ടുന്ന ഇത്തരം മാർഗദർശികളിലാണ് നാടിന്റെ ദീപശിഖ എന്നത് ആരെയാണ് ഭയപ്പെടുത്താത്തത്!**

അനീതികളോട് നിരന്തരം കലഹിച്ചുകൊണ്ടാണ് മനുഷ്യൻ ഓരോ കാലഘട്ടങ്ങളിലും സ്വയം നവീകരിച്ചത്. ചരിത്രത്തിന്റെ വീഥികളിലൂടെയുള്ള തിരിച്ചുനടത്തം നമുക്ക് മുന്നിൽ തുറന്നിടുന്ന ചിത്രം പരിശോധിച്ചാൽ വ്യക്തമാകുന്നത്, പ്രതിഷേധാർഹമായി വർത്തിക്കുന്ന ഹേതുവിനും കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാണ്. മനുഷ്യനെ മനുഷ്യനാക്കുന്ന ഘടകങ്ങൾ പലതും ആദിമ മനുഷ്യനെന്ന സങ്കൽപത്തിൽ കാണാൻ സാധ്യമല്ല. പക്ഷേ, ആദിമമനുഷ്യനെന്ന സങ്കൽപത്തെപ്പറ്റിയുള്ള പ്രാഥമിക പഠനങ്ങളിൽ പോലും കാണാൻ സാധിക്കുന്നത് അവൻ സ്വയം നവീകരിക്കുന്നതിന് കൃത്യമായ ദിശ കണ്ടെത്താൻ കഴിയുന്നു എന്നതാണ്. ഇതിന്റെ പ്രസക്തി കൂടുതൽ വ്യക്തമാകുന്നത് ആധുനിക മനുഷ്യന്റെ 'പുരോഗമന ദാരിദ്ര്യം' തിരിച്ചറിയുമ്പോഴാണ്. ആദിമ മനുഷ്യനിൽ നിന്നും ഏറെയകലെയാണ് ആധുനിക മനുഷ്യന് നാം നൽകിയിട്ടുള്ള സ്ഥാനം. കൂടുതൽ സൂക്ഷ്മമായി പറഞ്ഞാൽ, ഏറെ ഉയരെയാണ്.

നാഗരികതയുടെ പടിവാതിൽ ചവിട്ടാത്ത ആദിമജനതയും നാഗരികതയുടെ ഉച്ചസ്ഥായിയിൽ വിരാജിക്കുന്ന ആധുനിക ജനതയും രണ്ടറ്റങ്ങളിലാണ് എന്നതാണ് നാം പഠിപ്പിക്കപ്പെട്ടത്. ആദിമ മനുഷ്യനിൽ നിന്നും ആധുനിക മനുഷ്യനിലേക്ക് വരക്കപ്പെട്ട ഗ്രാഫുകളിൽ കാലം മുന്നോട്ട് നീങ്ങുമ്പോൾ അവർ തമ്മിലുള്ള അന്തരം വർധിക്കുന്നതായി സൂചിതമായിട്ടുള്ളതായാണ് കാണാൻ സാധിക്കുക. പക്ഷേ, പൊതുസ്വീകാര്യമായ ഈ തിയറി



യിൽ നിന്നും വ്യതിരിക്തമായ ഗ്രാഫാണ് പുതിയകാല സന്ദർഭങ്ങളുടെ വെളിച്ചത്തിൽ യാഥാർഥ്യത്തോട് കൂടുതൽ അടുത്ത് നിൽക്കുന്നതായി മനസ്സിലാക്കാൻ സാധിക്കുന്നത്.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട ഒരു വാർത്തയാണ് ഈയിടെ വന്നത്. ഒന്നിലധികം ബസ് കാത്തിരിപ്പുകേന്ദ്രങ്ങൾ കോളേജിനു ചുറ്റുവട്ടത്ത് കാണാം. വിദ്യാർഥികൾ പലരും കോളേജ് ഹോസ്റ്റലിലോ തൊട്ടടുത്തുള്ള വാടകറൂമുകളിലോ ആണ് താമസിക്കുന്നത്. കേവലം രണ്ട് ബസുകൾ മാത്രം സർവീസ് നടത്തുന്ന ഭാഗത്തേക്കുള്ള കാത്തിരിപ്പു കേന്ദ്രം, ആ ഭാഗത്തേക്ക് വിദ്യാ ർഥികൾ സഞ്ചരിക്കാനില്ല എന്നതുകാരണം വിദ്യാർഥികൾക്ക് ആവശ്യമില്ലാത്തതാണ്. നാട്ടുകാർ ചേർന്ന് നിർമിച്ച, കഴിഞ്ഞ പത്തൊമ്പത് വർഷമായി നിലനിൽക്കുന്ന ആ പഴഞ്ചൻ കേന്ദ്രത്തിൽ യാത്ര ചെയ്യാൻ കാത്തിരിക്കുന്നവർക്ക് വേണ്ടി ഒരു ബെഞ്ച് കാണാം. ഈ ബെഞ്ച് പതിവായി വിദ്യാർഥികളുടെ കാമകേളികൾക്ക് വേദിയായതോടെ നാട്ടുകാർ 'പ്രേമപൂങ്കാവന'ത്തിലെ കട്ടുറുമ്പായി മാറി. ബെഞ്ചിനെ തുണ്ടം തുണ്ടമാക്കി ഒരാൾക്ക് മാത്രം ഇരിക്കാൻ കഴിയുന്ന രീതിയിലുള്ള മൂന്ന് ഇരിപ്പിടങ്ങളാക്കി മാറ്റി.

സല്ലാപങ്ങൾക്കുള്ള സീറ്റ് നഷ്ടപ്പെട്ട വിദ്യാർഥികൾക്ക് പിന്തുണയുമായി വിദ്യാർഥി പ്രസ്ഥാനങ്ങളും അണിനിരന്നു. ഇടത് ലിബറൽ സംഘങ്ങൾക്കൊപ്പം ഇത്തവണ പെരുമ്പാമ്പിന്റെ നടുക്കഷണം തന്നെ ഞങ്ങൾക്ക് വേണം എന്നു പറഞ്ഞ് മറ്റുള്ളവരും ഒത്തുചേർന്നപ്പോൾ കാലം മാറുമ്പോൾ കോലം മാറാൻ സാധ്യതയുണ്ടായിരുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും യുവജന സംഘടനകളും രംഗത്ത് വന്നു. ഇതിനിടെ വിദ്യാർഥികളിൽ ചിലർ ഒരാൾക്ക് മാത്രം ഇരിക്കാൻ പറ്റുന്ന സീറ്റിൽ ആൺകുട്ടികളുടെ മടിയിൽ പെൺകുട്ടികളിരുന്നു കൊണ്ടുള്ള ചിത്രം സാമൂഹ്യമാധ്യമങ്ങളിൽ പങ്കുവച്ചു. കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിയടക്കം 'സദാചാരഗുണ്ടായിസ'ത്തെ എതിർത്ത പോരാളികൾക്ക് ആശംസ നേർന്നതോടെ വിഷയം കാട്ടുതീ പോലെ പടർന്നു, അതിരുകൾ ഭേദിച്ച് വാർത്ത അന്താരാഷ്ട്ര സമൂഹം ചർച്ച ചെയ്തു.

**മടിത്തട്ടിൽ പൂക്കുന്ന പുരോഗമനം!**

പെണ്ണ് മടിയിൽ കയറിയിരുന്നതിനെ പുരോഗമനമായി ചിത്രീകരിക്കുന്നതാണ് പിന്നീട് കാണുന്നത്. പ്രാഥമികമായ ചോദ്യം, എങ്ങനെയാണ് ഇത് പുരോഗമനമാവുന്നത് എന്നതാണ്. പുരോഗമനം തെളിയിക്കാനുള്ള അളവുകോൽ കണ്ടുപിടിക്കാത്തതിനാൽ ഏത് തോന്നിവാസത്തെയും പുരോഗമനപരമായി ചിത്രീകരിക്കാൻ സാധിക്കും എന്നത് -ദീർഘവീക്ഷണത്തോടെ ചിന്തിച്ചാൽ- സമൂഹത്തെ തകർക്കാൻ കെൽപ്പുള്ള സംഗതിയാണ്. നിലനിൽക്കുന്ന സാമൂഹിക അനീതിയോട് പടവെട്ടി നേടുന്ന എന്താണ് ഈ പ്രവൃത്തിയിൽ കാണാൻ കഴിയുന്നത് എന്ന ചോദ്യമാകട്ടെ കാവ്യമാമീംസയായി അവശേഷിക്കുന്നു. ചുരുക്കിപ്പഞ്ഞാൽ അസ്വാഭാവികമായ ഏത് പ്രവൃത്തിയും 'പു

**മനുഷ്യനെ മനുഷ്യനാക്കുന്ന ഘടകങ്ങൾ പലതും ആദിമ മനുഷ്യനെന്ന സങ്കൽപത്തിൽ കാണാൻ സാധ്യമല്ല. പക്ഷേ, ആദിമമനുഷ്യനെന്ന സങ്കൽപത്തെപ്പറ്റിയുള്ള പ്രാഥമിക പഠനങ്ങളിൽ പോലും കാണാൻ സാധിക്കുന്നത് അവൻ സ്വയം നവീകരിക്കുന്നതിന് കൃത്യമായ ദിശ കണ്ടെത്താൻ കഴിയുന്നു എന്നതാണ്. ഇതിന്റെ പ്രസക്തി കൂടുതൽ വ്യക്തമാകുന്നത് ആധുനിക മനുഷ്യന്റെ 'പുരോഗമന ദാരിദ്ര്യം' തിരിച്ചറിയുമ്പോഴാണ്. ആദിമ മനുഷ്യനിൽ നിന്നും ഏറെയകലെയാണ് ആധുനിക മനുഷ്യന് നാം നൽകിയിട്ടുള്ള സ്ഥാനം. കൂടുതൽ സൂക്ഷ്മമായി പറഞ്ഞാൽ, ഏറെ ഉയരെയാണ്.**

രോഗമന' ലേബലൊട്ടിച്ചാൽ മാർക്കറ്റിൽ വിൽക്കാൻ സാധിക്കും.

പെണ്ണ് മടിയിലിരുന്നാൽ മാത്രം ഉയരുന്ന പുരോഗമനദണ്ഡ് കുഴപ്പം തന്നെയാണ്. ഇതോടൊപ്പം കൂട്ടിവായിക്കേണ്ടത്, Gender Neturaltiyക്ക് വേണ്ടി ഘോരഘോരം ശബ്ദിക്കുന്നവരുടെ പ്രതിഷേധം gender netural ആയി മാറ്റാൻ അവർക്ക് സാധിച്ചിട്ടില്ല എന്നതാണ്. ആണും പെണ്ണുമെന്നത് സാമൂഹ്യസൃഷ്ടി (Social Construct) ആണെന്നതാണ് ആധുനികതാ വാദപ്രകാരം എത്തിച്ചേരുന്ന തീർപ്പ്. എന്നാൽ മനു ഷ്യന്റെ ശുദ്ധപ്രകൃതി ഇതിൽ നിന്നും വിഭിന്നമാണ്. അല്ലാഹു പറയുന്നു: 'നിങ്ങളെ നാം ഇണകളാക്കി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു' (ക്വുർആൻ 78:8). മനുഷ്യന്റെ ശുദ്ധപ്രകൃതിയോടും അതിനെ പരിപോഷിപ്പിക്കാൻ ഉതകുന്ന മൂല്യങ്ങളും മാർഗനിർദേശങ്ങളും നൽകുന്ന വേദഗ്രന്ഥത്തോടും നിരന്തരം കലഹിക്കുക എന്നതാണ് പലപ്പോഴും ആധുനികതാ വാദികൾ ചെയ്യാറുള്ളത്. ഇവിടെയും ഈ വൈരുധ്യം കാണാനാ കഴിയുന്നു.

### സദാചാരവും ഗുണ്ടായിസവും


സദാചാരം അശ്ലീലവും അശ്ലീലം പുരോഗമനവുമാണെന്നതാണ് സിനിമയിലൂടെ മുതൽ സിലബസിലൂടെ വരെ ഒളിച്ചുകടത്തുന്ന 'പുതിയ കാല'ത്തിന്റെ പൊതുബോധസൃഷ്ടി. സദ്, ആചാരം എന്നീ രണ്ട് പദങ്ങൾ ചേർന്നതാണ് 'സദാചാരം.' ധാർമികജീവിതത്തിന് അത്യന്താപേക്ഷിതമായ ആചാരം/ധാർമിക ജീവിതം നയിക്കുന്നവർ പാലിക്കേണ്ടതായ ആചാരം എന്ന് വിവക്ഷ. സദാചാര മൂല്യങ്ങൾ ഉണ്ടാകുമ്പോഴാണ് കുടുംബ വ്യവസ്ഥിതി നിലനിൽക്കുക.


പുതിയകാലത്ത് സദാചാരമെന്നതിനെ പ്രവൃത്തിനിഘണ്ടുവിൽ നിന്നും ഒഴിവാക്കേണ്ട സംഗതിയായി അവതരിപ്പിക്കപ്പെടുന്നതായി കാണാം. ആചാരങ്ങളെല്ലാം ലംഘിക്കപ്പെടേണ്ടതാണെന്ന് പറയു

**പുരോഗമനം തെളിയിക്കാനുള്ള അളവുകോൽ കണ്ടുപിടിക്കാത്തതിനാൽ ഏത് തോന്നിവാസത്തെയും പുരോഗമനപരമായി ചിത്രീകരിക്കാൻ സാധിക്കും എന്നത് -ദീർഘവീക്ഷണത്തോടെ ചിന്തിച്ചാൽ- സമൂഹത്തെ തകർക്കാൻ കെൽപ്പുള്ള സംഗതിയാണ്. നിലനിൽക്കുന്ന സാമൂഹിക അനീതിയോട് പടവെട്ടി നേടുന്ന എന്താണ് ഈ പ്രവൃത്തിയിൽ കാണാൻ കഴിയുന്നത് എന്ന ചോദ്യമാകട്ടെ കാവ്യമാമീംസയായി അവശേഷിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ അസ്വാഭാവികമായ ഏത് പ്രവൃത്തിയും 'പുരോഗമന' ലേബലൊട്ടിച്ചാൽ മാർക്കറ്റിൽ വിൽക്കാൻ സാധിക്കും.**

ന്നവരുടെ മൂലസംസ്കാരമായ ലിബറലിസം മത, സാംസ്കാരിക, പാരമ്പര്യ വാദങ്ങളെ വിഴുങ്ങിയതോടെ സാമൂഹ്യ മാധ്യമങ്ങളിലെ ചർച്ചകൾ സമൂഹമധ്യത്തിലേക്കും എത്തിക്കഴിഞ്ഞു. 'മതം, സംസ്കാരം, സദാചാരം, പാരമ്പര്യം തുടങ്ങിയ പദങ്ങൾ പുതിയ സമൂഹസൃഷ്ടിക്ക് യോജിച്ചതല്ല' എന്നതിനാൽ അത്കൊണ്ടുള്ള അസ്കിതയെ ഇല്ലാതാക്കുന്നതിന്റെ പടവുകൾ അവർ സമർഥമായി കയറുകയാണ്. ലജ്ജ മനുഷ്യന്റെ ശുദ്ധപ്രകൃതിയുമായി ബന്ധപ്പെട്ടതാണെന്നിരിക്കെ അതിനെ ഇല്ലാതാക്കിയാൽ മനുഷ്യനെ മൂല്യബോധത്തിന്റെ കെട്ടുറപ്പുള്ള ചട്ടക്കൂട്ടിൽനിന്നും സ്വതന്ത്രമാക്കാം എന്നതാണ് ലാഭം. ഇതിന്റെ ആദ്യപടിയാണ് സദാചാരവും ദുരാചാരവും തമ്മിലുള്ള വ്യക്തമായ അതിരിനെ അലങ്കോലപ്പെടുത്തുകയെന്നത്.

സദാചാരത്തിന്റെ വേലിക്കെട്ട് തകർത്തുകഴിഞ്ഞാൽ മനുഷ്യനെ ധർമം പഠിപ്പിക്കുന്ന സാമൂഹ്യസ്ഥാപനങ്ങളിലേക്ക് കയറിച്ചെല്ലാൻ എളുപ്പമാണ്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. മനുഷ്യനെന്ന ജീവിവർഗം മറ്റു ജീവിവർഗങ്ങളെ അപേക്ഷിച്ച് കായികബലത്തിലായാലും ശാരീരികക്ഷമതയിലാണെങ്കിലും നൽകപ്പെട്ട കഴിവുകളിലാണെങ്കിലും താഴെയാണ്. ഒരു സിംഹത്തെ മൽപ്പിടുത്തത്തിൽ തോൽപിക്കാൻ മനുഷ്യന് സാധിക്കണമെന്നില്ല, പക്ഷിയെപോലെ പറക്കാൻ മനുഷ്യൻ അനുഗ്രഹിക്കപ്പെട്ടിട്ടില്ല. എന്നാൽ ഈ വസ്തുത നിലനിൽക്കുമ്പോഴും അവനെ കരുത്തനാക്കുന്നത്, മറ്റു ജീവജാലങ്ങളെ ചൊൽപ്പടിക്ക് നിർത്താൻ അവന് സാധിക്കുന്നു എന്നതാണ്. ഇത് പ്രധാനമായും രണ്ട് കാരണങ്ങൾ കൊണ്ടാണ്:





1. മനുഷ്യന്റെ ധിഷണ: മറ്റു ജീവവർഗങ്ങളെ അപേക്ഷിച്ച് മനുഷ്യന് നൽകപ്പെട്ട സുപ്രധാനമായ കഴിവാണ് ബുദ്ധിസാമർഥ്യം. കാട് ഭരിക്കുന്ന കരുത്തനായ സിംഹത്തെ പോലും മെരുക്കാനും ഭരിക്കാനും മനുഷ്യന് സാധിക്കുന്നത് ഇങ്ങനെയാണ്. മതം മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള അന്തരം ചർച്ച ചെയ്യുമ്പോൾ; ലിബറലിസം അവ തമ്മിലുള്ള സാമ്യം ചർച്ചക്കെടുക്കുന്നു. 'മനുഷ്യനെന്ന മാസ്റ്റർബ്രെയിൻ കേവല പരിണാമപ്രക്രിയയിലെ അവസാന കണ്ണിയാണെന്ന'തിനപ്പുറം മനുഷ്യന് വിശദീകരണം നൽകാൻ അവർക്ക് സാധിക്കുന്നില്ല, മനുഷ്യൻ തന്റെ ധിഷണ ഉപയോഗപ്പെടുത്തുമ്പോൾ അതിനത്യാവശ്യമായ ഘടകമാണ് വിവിധ നിയമങ്ങൾ. നിയമവും ചട്ടക്കൂടുമില്ലാത്ത മനുഷ്യൻ സ്വാഭാവികമായും അപകടകാരിയായിരിക്കും. മറ്റു ജീവിവർഗങ്ങൾക്കില്ലാത്ത സവിശേഷബുദ്ധി നൽകപ്പെട്ട മനുഷ്യന് എന്ത് തെരഞ്ഞെടു ക്കണം എന്ന ചോയ്സും നൽകപ്പെട്ടിട്ടുണ്ട്. അതിനാൽ മനുഷ്യനെന്ന ബുദ്ധിജീവിയുടെ ഉയർന്ന ബുദ്ധി വൈഭവത്തെ ഉപയോഗപ്പെടുത്താൻ ഏകോപനം നിർവഹിക്കുന്ന വ്യവസ്ഥകൾ അത്യാവശ്യമാണ്.

2. ഓരോ വ്യക്തിയുടെയും അതിജീവനത്തിന് സമൂഹം അത്യന്താപേക്ഷികമാണ്. തന്നെക്കാൾ കായികമായും മറ്റും കഴിവുകൾ നൽകപ്പെട്ട മറ്റു ജീവിവർഗങ്ങളെ അതിജീവിച്ച് മനുഷ്യജീവിതം സാധ്യമാക്കാൻ മനുഷ്യന് കഴിയുന്നത് ബുദ്ധിസാമർഥ്യം ഉപയോഗപ്പെടുത്തുന്നത് കൊണ്ടാണ്. ഇതുപയോഗപ്പെടുത്താൻ മനുഷ്യനെ പ്രാപ്തനാക്കുന്നത് സാമൂഹികമായ ഏകോപനമാണ്. അതിജീവനത്തിനായുള്ള കരുക്കൾ നീക്കാനും മാർഗങ്ങൾ അവലംബിക്കാനും സാമൂഹിക വ്യവസ്ഥയെ കെട്ടിപ്പടുക്കാനും സഹായിക്കുന്നത് ഏകോപനമാണ്. ഈ ഏകോപനം സാധ്യമാവാൻ മറ്റു ജീവികളിൽനിന്നും വ്യത്യസ്തമായി ഒരു സമൂഹ ത്തിൽ എങ്ങനെ ഇടപെടണമെന്നത് കൃത്യമായി മനുഷ്യന് മുന്നിൽ വരച്ചുകാട്ടേണ്ടതുണ്ട്. അഥവാ വ്യക്തമായ ധാർമിക പാഠങ്ങൾ അവന് അനിവാര്യമാണ്. ഭരണസ്വാതന്ത്ര്യമുള്ള മനുഷ്യന്റെ ഇടപെടൽ നാഗരികതയെ തകർക്കാനും ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതിനാൽ എന്താണ് ശരിയും തെറ്റുമെന്ന് അവൻ പഠിപ്പിക്കപ്പെടേണ്ടതുണ്ട്. ഇത് നടക്കുന്ന സമൂഹത്തിന്റെ അടിസ്ഥാന ഘടകവും പാഠശാലയുമാണ് കുടുംബം. ആ കുടുംബ സംവിധാനത്തെ ഇല്ലാതാക്കിയാൽ മത, സാംസ്കാരിക, പാരമ്പര്യ ചിഹ്നങ്ങളെ ഇല്ലായ്മ ചെയ്യാം എന്നതാണ് സർക്കാർ മെഷിനറികളെ കുടുംബത്തെ ശിഥിലമാക്കുന്ന പ്രവൃത്തികൾക്ക് പച്ചക്കൊടി വീശാൻ പ്രേരിപ്പിക്കുന്നത്. കുടുംബസംവിധാനം തകർന്നുകഴിഞ്ഞാൽ തങ്ങളുടെ ജന്റർ ക്ലബ്ബുകളും മറ്റും ഉപയോഗപ്പെടുത്തി ഈ പാഠശാലയിലെ സിലബസ് തങ്ങൾക്കിഷ്ടമുള്ളതുപോലെ മാറ്റിത്തിരുത്താം എന്നതാണ് ലക്ഷ്യം. എന്നാൽ ഈ ചിന്തയുമായി വന്ന ഭരണകൂടങ്ങളുടെ ഉദാഹരണങ്ങൾ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയും. മനുഷ്യന്റെ ശുദ്ധപ്രകൃതിയെ വിലക്കിയ ഭരണകൂടങ്ങൾ പിന്നീട് വീണു എന്നതല്ലാതെ മതത്തിന്

**പുതിയകാലത്ത് സദാചാരമെന്നതിനെ പ്രവൃത്തിനിഘണ്ടുവിൽ നിന്നും ഒഴിവാക്കേണ്ട സംഗതിയായി അവതരിപ്പിക്കപ്പെടുന്നതായി കാണാം. ആചാരങ്ങളെല്ലാം ലംഘിക്കപ്പെടേണ്ടതാണെന്ന് പറയുന്നവരുടെ മൂലസംസ്കാരമായ ലിബറലിസം മത, സാംസ്കാരിക, പാരമ്പര്യ വാദങ്ങളെ വിഴുങ്ങിയതോടെ സാമൂഹ്യ മാധ്യമങ്ങളിലെ ചർച്ചകൾ സമൂഹമധ്യത്തിലേക്കും എത്തിക്കഴിഞ്ഞു. 'മതം, സംസ്കാരം, സദാചാരം, പാരമ്പര്യം തുടങ്ങിയ പദങ്ങൾ പുതിയ സമൂഹസൃഷ്ടിക്ക് യോജിച്ചതല്ല' എന്നതിനാൽ അത്കൊണ്ടുള്ള അസ്കിതയെ ഇല്ലാതാക്കുന്നതിന്റെ പടവുകൾ അവർ സമർഥമായി കയറുകയാണ്.**

അവിടെയും യാതൊരു കോട്ടവും സംഭവിച്ചില്ല എന്നതാണ് ചരിത്രം. പള്ളികൾ പതിറ്റാണ്ടുകളോളം അടച്ചുപൂട്ടിച്ച കമ്യൂണിസ്റ്റ് ഭരണകൂടം നിലംപൊത്തിയപ്പോൾ പിറ്റേന്ന് രാവിലെ സ്വുബ്ഹിക്ക് പള്ളിയിൽ ജനം തടിച്ചുകൂടുകയായിരുന്നു.

മനുഷ്യനാഗരികതയുടെ ചരിത്രം പരിശോധിക്കുക. മനുഷ്യന് നൽകപ്പെട്ട അപാരമായ കഴിവുകൾ അവന് ഉപയോഗിക്കാൻ സാധിക്കുന്നത് സമൂഹമായി നിലനിൽക്കുമ്പോഴാണ്. അഥവാ മനുഷ്യന്റെ അതിജീവിനത്തിനുള്ള അത്യാവശ്യഘടകമാണ് സമൂഹം. മനുഷ്യനെന്ന Individual തന്റെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾത്തന്നെ അവൻ സൊസൈറ്റിയെന്ന ബബിളിനുള്ളിലാണ് എന്നതിനാൽ ആ സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ 'കുടുംബ'ത്തിന്റെ അവകാശങ്ങളും മുഖവിലക്കെടുത്തേ പറ്റൂ. കുടുംബവ്യവസ്ഥയെ തകർത്ത്, LGBTQ അജണ്ടകളിലൂടെ, Gender Defenitions ഇല്ലാതാക്കുന്നതോടെ മനുഷ്യൻ വലയംചെയ്യപ്പെടുന്ന ഈ ബബിൾ തകരുകയാണ്. മനുഷ്യനെന്ന സാമൂഹ്യജീവിയെ ഈ സുരക്ഷാകവചത്തിൽനിന്നും പുറത്തെത്തിച്ചുകഴിഞ്ഞാൽ അവനെ ചൂഷണം ചെയ്യാൻ എളുപ്പമാണ്. ഈ ചൂഷണവ്യവസ്ഥയുടെ പിന്നാമ്പുറങ്ങൾ മനസ്സിലാക്കാതെയാണ് പലരും വിപ്ലവ ചിന്തയുടെ അന്ധതയിൽ കുടുംബസംവിധാനത്തെ തകർക്കാൻ മുന്നിട്ടിറങ്ങുന്നത്.


അതിനാൽ സദാചാരം നിലനിൽക്കേണ്ടതുണ്ട്. എന്നാൽ അപക്വമായ പ്രവൃത്തികൾ പലപ്പോഴും ഈ ധാർമികസംസ്ഥാപനത്തിന് തിരിച്ചടി നൽകും എന്നുള്ളത് കാണാതിരിന്നുകൂടാ. ധാർമിക ബോധത്തെ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തിലുള്ള സദാചാരം പ്രചരിപ്പിക്കാൻ ദുരാചാരം ഉപയോഗിക്കാൻ പാടില്ല. നിയമസംവിധാനം നിലവിലുള്ള രാജ്യത്ത് നിയമങ്ങൾ ധാർമികതയോടൊപ്പം നിലനിൽക്കുന്നെങ്കിൽ അതിലൂടെയുള്ള സമരങ്ങൾ അവലംബിക്കാം. ഇതിലുപരിയായി വൈകാരികമായ, കായബലത്തിലധിഷ്ഠിതമായ പ്രവൃത്തികൾ തെറ്റായ ദിശയിലേക്കുള്ള പ്രയാണത്തിന്റെ ഇന്ധനമായി മാറാൻ മാത്രമെ ഉപകാരപ്പെടുകയുള്ളൂ.

**അധികാരമുള്ള ഘട്ടങ്ങളിൽ അധാർമികതയെ പല്ലും നഖവുമുപയോഗിച്ചു തന്നെ എതിർക്കേണ്ടതുണ്ട്. നിയമനിർമാണത്തിലൂടെ അതിനുള്ള പഴുതുകൾ ഇല്ലാതാക്കുകയാണ് വേണ്ടത്. മനുഷ്യന്റെ ആന്തരികചോദനയെ ഇല്ലായ്മ ചെയ്യുന്നുവെന്ന ദുഃഖഭാരത്തോടെയല്ല; പ്രത്യുത, അവന്റെ നിലനിൽപിനുതന്നെ വിഘാതം സൃഷ്ടിക്കുന്ന ആധുനിക 'കൾട്ടി'നെ പ്രതിരോധിക്കുകയാണ് എന്നതാവണം ചിന്ത. ആണും പെണ്ണും വഴിവക്കത്ത് കൊഞ്ചിക്കുഴയുന്നതു കണ്ട് ചാട്ടവാറോങ്ങിയ ഉമറി(റ)ന്റെ ചരിത്രം പാഠമാണ്. അന്യർ ചെയ്യുന്ന പ്രവൃത്തിക്ക് തനിക്കെന്ത് ചേതമെന്ന ചിന്ത ധാർമികസംസ്ഥാപനത്തിലേക്ക് നയിക്കില്ല എന്ന് ചുരുക്കം.**

എന്നാൽ അധികാരമുള്ള ഘട്ടങ്ങളിൽ അധാർമികതയെ പല്ലും നഖവുമുപയോഗിച്ചു തന്നെ എതിർക്കേണ്ടതുണ്ട്. നിയമനിർമാണത്തിലൂടെ അതിനുള്ള പഴുതുകൾ ഇല്ലാതാക്കുകയാണ് വേണ്ടത്. മനുഷ്യന്റെ ആന്തരിക ചോദനയെ ഇല്ലായ്മ ചെയ്യുന്നുവെന്ന ദുഃഖഭാരത്തോടെയല്ല; പ്രത്യുത, അവന്റെ നിലനിൽപിനുതന്നെ വിഘാതം സൃഷ്ടിക്കുന്ന ആധുനിക 'കൾട്ടി'നെ പ്രതിരോധിക്കുകയാണ് എന്നതാവണം ചിന്ത. ആണും പെണ്ണും വഴിവക്കത്ത് കൊഞ്ചിക്കുഴയുന്നതു കണ്ട് ചാട്ടവാറോങ്ങിയ ഉമറി(റ)ന്റെ ചരിത്രം പാഠമാണ്. അന്യർ ചെയ്യുന്ന പ്രവൃത്തിക്ക് തനിക്കെന്ത് ചേതമെന്ന ചിന്ത ധാർമികസംസ്ഥാപനത്തിലേക്ക് നയിക്കില്ല എന്ന് ചുരുക്കം. നാട്ടുകാർ നിർമിച്ച കാത്തിരിപ്പുകേന്ദ്രം നാട്ടുകാർതന്നെ വെട്ടിപ്പൊളിച്ചത് കണ്ടാണ് ലിബറൽ വേവലാതി. കോളേജിന് സമീപത്തെ ആളൊഴിഞ്ഞ പുൽക്കാട്ടിൽ സന്ധ്യാനേരത്ത് ആളനക്കം കണ്ട അധികൃതർ പിറ്റേന്ന് കാടൊക്കെ വെട്ടിനിരപ്പക്കിയപ്പോൾ തങ്ങളുടെ 'പുരോഗമന ഇട ങ്ങൾ' നഷ്ടപ്പെട്ടുവെന്ന് ചിലർ വേവലാതിപ്പെടുന്നത് പോലെയേ ഇതിനെയും തൽക്കാലം കാണാൻ സാധിക്കുകയുള്ളൂ.

**ഞങ്ങളുടെ അവകാശം!**

മനുഷ്യന്റെ അവകാശങ്ങളുടെ പരിധി എവിടെയാണ് എന്നത് കൂടുതലായി ചർച്ച ചെയ്യപ്പെ





ടേണ്ട വിഷയമാണ്. 'ഇതൊക്കെ ഞങ്ങളുടെ അവകാശമല്ലേ' എന്നതാണ് പലരുടെയും ആത്യന്തികമായ ചോദ്യം. ലിംഗപ്രദർശനം നടത്തിയ വ്യക്തി പിടിക്കപ്പെട്ടതോടെ അത് തന്റെ സ്വത്വത്തിന്റെ 'പ്രത്യേകത'യെന്നു പറഞ്ഞാണ് വിലങ്ങണിയാതെ പുറത്തെത്തിയത്. അഥവാ അവകാശം എന്നത് ഏതു സന്ദർഭത്തിലും എടുത്ത് വീശാവുന്ന വാളാണ്. അവകാശത്തിന്റെ പരിധി ഏതു മാപിനി വച്ച് അളക്കും എന്നതാണ് ഇവിടെയുള്ള പ്രശ്നം. നാളെ രണ്ടു പേർ വന്ന് ഞങ്ങൾക്ക് വെയ്റ്റിംഗ് ഷെഡ്ഡിൽ കിടന്ന് സ്വതന്ത്രമായി രതിയിൽ ഏർപ്പെടണം എന്ന് പറഞ്ഞാൽ അതിനെ അവരുടെ അവകാശമായി വകവെച്ച് കൊടുക്കാൻ സമൂഹം തയ്യാറാകുമോ? അത് വൃത്തികേടാണെന്ന് നിങ്ങൾ ചിന്തിച്ചാൽ പോലും നിങ്ങൾക്കെങ്ങനെ അവരെ അത് ചെയ്യുന്നതിൽനിന്നും തടയാൻ കഴിയും? കാരണം ഇവിടെ നിങ്ങളുന്നയിക്കുന്ന ആധുനികതാ വാദം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് 'അവകാശം' എന്നതിലാണ്. അതാകട്ടെ, Highly Ambigous ഉം ആണ്. അഥവാ ഉപരിപ്ലവമായ അർഥത്തിനപ്പുറം വ്യത്യസ്തവും വിപുലവുമായ വ്യാഖ്യാനങ്ങൾ ആ വാക്യത്തിന് നൽകാൻ സാധിക്കും.

അവകാശം എന്നതിനപ്പുറം കൃത്യമായ, പൂർത്തീകരിക്കപ്പെട്ട ധാർമിക പാഠത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ള മുന്നോട്ടുപോക്കാണ് ഇവിടെ ആവശ്യം. അങ്ങനെ വന്നാൽ തോന്നിവാസങ്ങൾക്ക് വിലങ്ങു വീഴും. അതുകൊണ്ട് തന്നെയാണ് ധാർമികപാഠം നൽകുന്ന മതവും മൂല്യങ്ങളും പുരോഗമന ഗീതം മൂളുന്നവരുടെ കണ്ണിലെ കരടായി മാറുന്നത്.

**നാഗരികത കാലത്തിനനുസൃതമായി സഞ്ചരിക്കുമെങ്കിലും ധാർമികത വസ്തുനിഷ്ഠമായിരിക്കണം. അത്തരം ധാർമികപാഠങ്ങൾ മാത്രമാണ് മനുഷ്യകുലത്തിന് ഗുണപരമായി വർത്തിക്കുക. വസ്തുനിഷ്ഠമായ ധാർമികപാഠങ്ങൾ നൽകാൻ സാധിക്കുക സ്രഷ്ടാവിന് മാത്രമാണ് എന്നതാണ്; പലപ്പോഴും മതം എന്ത് പറയുന്നുവോ, അതിനെതിര് പ്രവർത്തിക്കുക എന്ന ആശയസംഹിതയിൽ വിശ്വസിക്കുന്നവർക്ക് അന്തമില്ലാത്ത പുരോഗമന നാട്യങ്ങളെ ഉൾക്കൊള്ളുന്ന ലോക്കൽ ധാർമികപാഠങ്ങളെ പ്രതിരോധിക്കാൻ നിർബന്ധിതരാക്കുന്നത്. ആശയബാലിശത മറച്ചുവയ്ക്കാൻ മറുവശത്തുള്ളവരെ തെറി വിളിച്ച് തോൽപിക്കുന്നതിന്റെ അവസാന ഉദാഹരണമാണ് 'അമ്മാവൻ' വിളി. പഴഞ്ചൻ ആശയങ്ങൾ തിന്മയും പുത്തൻ ആശയങ്ങൾ നന്മയും എന്നതിന് തെളിവ് നൽകാനൊട്ടിവർക്ക് സാധിക്കുന്നുമില്ല!**

**അമ്മാവൻ സിൺഡ്രോം**

'പുതിയ കാലത്ത് ഇങ്ങനെയൊക്കെ ചെയ്യാവോ ചേട്ടാ?' എന്ന് ഒരു മാധ്യമപ്രവർത്തകൻ ചോദിച്ചത് പ്രദേശവാസിയോടാണ്. 'പുതിയ കാലം' എന്നതിന് ഇവിടെയെന്താണ് പ്രസക്തി എന്നതാണ് പ്രധാനപ്പെട്ട സംശയം. കാലം മുന്നോട്ട് സഞ്ചരിക്കുമ്പോൾ നാഗരികതയോടൊപ്പം ധാർമികതയും മാറ്റത്തിന് വിധേയമായി മുന്നോട്ട് സഞ്ചരിക്കണമെന്നത് ലിബറലിസത്തിന്റെ അടിസ്ഥാന പാഠമാണ്. അതായത് 1000 വർഷങ്ങൾക്ക് മുമ്പ് ജീവിച്ച് മരിച്ചവരൊക്കെ ആ കാലത്ത് ജീവിച്ചു എന്നതുകൊണ്ട് മാത്രം അധാർമികരായി മാറിയേക്കാമെന്ന് ചുരുക്കം. കാല ചക്രങ്ങൾക്കിടയിൽ ഭൂമിലോകത്ത് വസിച്ചവർ ഒത്തുചേരുന്ന ഒരു സന്ദർഭത്തിൽ ഒരുപാട് മനുഷ്യരുടെയിടയിൽനിന്ന് ഒരാൾ കൈയുയർത്തിക്കൊണ്ട് 'ഞാനാണ് ഏറ്റവും നന്മയുള്ളവൻ' എന്ന് വിളിച്ചുകൂവിയാൽ അവനിലുള്ള നന്മയെ തിരിച്ചറിയാൻ അത് മാത്രം മതിയാകുമെന്ന് പറയുന്നതുപോലെയാണ് കഴിഞ്ഞ ജനപഥങ്ങളെല്ലാം അധാർമികരും 'ഞാൻ' ധാർമികതയുടെ വിളനിലവുമാണെന്ന ലിബറൽ മൂല്യബോധത്തിന്റെ ബാലിശത. നാഗരികത കാലത്തിനനുസൃതമായി സഞ്ചരിക്കുമെങ്കിലും ധാർ

സ്വന്തം ഹോസ്റ്റൽ മുറിയിലെ സുഹൃത്ത് എല്ലാ രാത്രികളിലും പെണ്ണിനെ വിളിച്ചുകയറ്റി കാമകേളി നടത്തുമ്പോഴും വിശ്വാസദൃഢതയോടെ, അധാർമികതകളിൽ അകപ്പെടാതെ പിടിച്ചുനിന്നവരും ഇതേ ക്യാമ്പസ് മുറികളിലെ കെടാവിളക്കുകളായി തങ്ങളുടെ ബാധ്യതകൾ സദാ നിറവേറ്റുന്നുണ്ട്. താൻ ചെയ്യുന്നത് അധാർമിക പ്രവൃത്തിയാണെന്ന് ബോധ്യപ്പെടുന്നില്ല എന്നതാണ് ലിബറലിസം ബാധിച്ച വിദ്യാർഥിയുടെ അപചയത്തിന്റെ ആഴം ബോധ്യപ്പെടുത്തുന്നത്. കിടക്ക പങ്കിടുന്നതിൽ കുറ്റബോധമില്ലാത്ത വ്യക്തിക്ക് വേണ്ടത് അടിസ്ഥാന ധാർമികപാഠമാണ്. ആണും പെണ്ണും ഇടകലരുന്നതിനെ എതിർക്കുന്നവർ അവർക്ക് 'കാലം തിരിയാത്ത'വരാണ്.

മികത വസ്തുനിഷ്ഠമായിരിക്കണം. അത്തരം ധാർമികപാഠങ്ങൾ മാത്രമാണ് മനുഷ്യകുലത്തിന് ഗുണപരമായി വർത്തിക്കുക. വസ്തുനിഷ്ഠമായ ധാർമികപാഠങ്ങൾ നൽകാൻ സാധിക്കുക സ്രഷ്ടാവിന് മാത്രമാണ് എന്നതാണ്; പലപ്പോഴും മതം എന്ത് പറയുന്നുവോ, അതിനെതിര് പ്രവർത്തിക്കുക എന്ന ആശയസംഹിതയിൽ വിശ്വസിക്കുന്നവർക്ക് അന്തമില്ലാത്ത പുരോഗമന നാട്യങ്ങളെ ഉൾക്കൊള്ളുന്ന ലോക്കൽ ധാർമികപാഠങ്ങളെ പ്രതിരോധിക്കാൻ നിർബന്ധിതരാക്കുന്നത്. ആശയബാലിശത മറച്ചുവയ്ക്കാൻ മറുവശത്തുള്ളവരെ തെറി വിളിച്ച് തോൽപിക്കുന്നതിന്റെ അവസാന ഉദാഹരണമാണ് 'അമ്മാവൻ' വിളി. പഴഞ്ചൻ ആശയങ്ങൾ തിന്മയും പുത്തൻ ആശയങ്ങൾ നന്മയും എന്നതിന് തെളിവ് നൽകാനൊട്ടിവർക്ക് സാധിക്കുന്നുമില്ല!

### ആണും പെണ്ണും ഒന്നിച്ചിരുന്നാൽ?

ആണും പെണ്ണും ഒന്നിച്ചിരുന്നാൽ എന്താണ് കുഴപ്പം എന്നതാണ് കാതലായ ചോദ്യം. ഈ ചോദ്യത്തെ സമീപിക്കുമ്പോൾ പുതിയ കാലത്തെ ക്യാമ്പസ് ചിത്രം വ്യക്തമായിരിക്കണം. പ്രണയലേഖനങ്ങൾ പറത്തുന്ന കാമിനീ സങ്കൽപങ്ങളിൽ നിന്നും ക്യാമ്പസുകൾ പാശ്ചാത്യ സാംസ്കാരിക അധിനിവേശ ത്തോടെ വളരെയധികം മാറിയിരിക്കുന്നു. Friends With Benefits (FWB) എന്ന പേരിൽ കേവലമായ ലൈംഗിക ചോദനയുടെ പേരിൽ ആണും പെണ്ണും ഭാര്യാഭർത്താക്കന്മാരായി ഒരേ സമയം ക്ലാസ് മുറികളും കിടപ്പറയും പങ്കിടുന്നു. കേരളത്തിലെ പ്രശസ്തമായ എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപകൻ ഇത് വിശദീകരിച്ചപ്പോൾ കൂടെ പറഞ്ഞത്, കഴിഞ്ഞയാഴ്ച മാത്രം റിപ്പോർട്ട് ചെയ്തത് ഹോസ്റ്റൽ മുറിയിലെ സെക്സ് കേസുകൾ രണ്ടെണ്ണമാണ് എന്നാണ്. റിപ്പോർട്ട് ചെയ്യപ്പെടാത്തതാണ് ഭൂരിഭാഗവും. ഇത് ഹോസ്റ്റലിലെ കഥയാണ്. കോളെജിനു ചുറ്റുമുള്ള വാടകക്കെട്ടിടങ്ങളിൽ എല്ലാ രാത്രികളും കിടക്ക പങ്കിടുന്ന കാര്യം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല.

ഇതിവിടെ പരാമർശിച്ചത്, പുതിയകാല ഉന്നതവിദ്യാഭ്യാസത്തിന്റെ ശുക്ലഗന്ധമയമുള്ള മറുവശം ബോധ്യപ്പെടുത്താനാണ്. അതൊരിക്കലും ആ കോളേജുകളെ പഴിക്കാനല്ല. സ്വന്തം ഹോസ്റ്റൽ മുറിയിലെ സുഹൃത്ത് എല്ലാ രാത്രികളിലും പെണ്ണിനെ വിളിച്ചുകയറ്റി കാമകേളി നടത്തുമ്പോഴും വിശ്വാസദൃഢതയോടെ, അധാർമികതകളിൽ അകപ്പെടാതെ പിടിച്ചുനിന്നവരും ഇതേ ക്യാമ്പസ് മുറികളിലെ കെടാവിളക്കുകളായി തങ്ങളുടെ ബാധ്യതകൾ സദാ നിറവേറ്റുന്നുണ്ട്. താൻ ചെയ്യുന്നത് അധാർമിക പ്രവൃത്തിയാണെന്ന് ബോധ്യപ്പെടുന്നില്ല എന്നതാണ് ലിബറലിസം ബാധിച്ച വിദ്യാർഥിയുടെ അപചയത്തിന്റെ ആഴം ബോധ്യപ്പെടുത്തുന്നത്. കിടക്ക പങ്കിടുന്നതിൽ കുറ്റബോധമില്ലാത്ത വ്യക്തിക്ക് വേണ്ടത് അടിസ്ഥാന ധാർമികപാഠമാണ്. ആണും പെണ്ണും ഇടകലരുന്നതിനെ എതിർക്കുന്നവർ അവർക്ക് 'കാലം തിരിയാത്ത' വരാണ്. അതിനാൽ ധർമസംസ്ഥാപനത്തിന്റെ മാർഗങ്ങൾ സ്വീകരിക്കേണ്ടത് അവരെ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം. സദാചാര ഗുണ്ടായിസം കാണിക്കൽ അവരുടെയുള്ളിലെ തിന്മയെ ആളിക്കത്തിക്കാൻ മാത്രമെ പര്യാപ്തമാവൂ.

### ശാസ്ത്രപഠനങ്ങൾ എന്തുപറയുന്നു?

2012ൽ Scientific American' ൽ വന്ന Men and Women Can't Be "Just Friends"(1) എന്ന ആർട്ടിക്കിൾ പരിശോധിക്കാം:

ആൺ-പെൺ റിലേഷൻഷിപ്പിനെ ആണും പെണ്ണും മനസ്സിലാക്കുന്നത് രണ്ടുവിധത്തിലാണ്. സൗഹൃദ സംഭാഷണങ്ങൾ ആണിനെ പെൺസുഹൃത്തിലേക്ക് ലൈംഗികമായി ആകർഷിക്കുമ്പോൾ പെണ്ണിനെ സംബന്ധിച്ച് അത് കേവലം Platonic Relation മാത്രമാണ്, അഥവാ ലൈംഗികമായ ചിന്തകളല്ല ആണിനെപ്പറ്റി അവൾക്കുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ആൺ-പെൺ ബന്ധങ്ങളെ കേവലം സുഹൃത്തു



ക്കളായി മാത്രം പരിഗണിക്കാൻ പെണ്ണിന് സാധ്യമാണ്, ആണിന് സാധ്യമല്ല.

2020 നവംബറിൽ വന്ന Why people make friends: The nature of friendship. Personal Relationships(2) എന്ന പഠനത്തിന്റെ ഭാഗമായി അവരെത്തിച്ചേർന്ന തീർപ്പ് ആൺ-പെൺ സൗഹൃദങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ലൈംഗികബന്ധത്തിനുള്ള അവസരവും പുരുഷന്റെ സൗഹൃദ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നു എന്നതാണ്. (കൂടുതൽ പഠനങ്ങൾ ആവശ്യമുള്ളവർക്ക് ഈ വിഷയത്തിൽ പുറത്ത് വന്ന മറ്റു പഠനങ്ങളുടെ റഫറൻസുകൾ ലേഖനത്തിന്റെ അന്ത്യഭാഗത്ത് ചേർത്തിട്ടുണ്ട്).

ഈ പഠനങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാകുന്നത്, ഇത്തരം ബന്ധങ്ങളിൽ പെണ്ണ് ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യത ഏറെയാണ് എന്നതാണ്. കാത്തിരിപ്പു കേന്ദ്രത്തിൽ പ്രതിഷേധിക്കാൻ മടിയിലിരിക്കുന്നവളുടെ ചിന്തയും മടിയിലിരുത്തുന്നവന്റെ ചിന്തയും രണ്ടാണ് എന്ന് ചുരുക്കം. അന്യരായ സ്ത്രീപുരുഷന്മാർ പരസ്പരം കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കുന്നത് ഇസ്‌ലാമിക ദർശനത്തിൽ വിലക്കിയത് കൂട്ടിവായിക്കണം. ലിബറലിസം പെണ്ണിന്റെ ശവക്കല്ലറയാണ്. അത് മുന്നോട്ടുവയ്ക്കുന്ന എന്തൊക്കെയുണ്ടോ, അതൊക്കെ ഒടുവിൽ സ്ത്രീവിരുദ്ധമാണെന്ന് കാണാൻ കഴിയും. പെണ്ണിനെ മനുഷ്യനായി പരി ഗണിക്കാൻ പറ്റുമോ എന്ന യൂറോപ്യൻ നവോത്ഥാനപൂർവ ചർച്ചകളിൽ നിന്ന് പെണ്ണെന്നാൽ എന്താണ് (What is a woman?) എന്ന ചോദ്യത്തിന് മുന്നിൽ പകച്ചുനിൽക്കുന്നിടത്ത് എത്തിനിൽക്കുകയാണ് ലിബറലിസം.

മതം മാത്രമാണ് പരിഹാരം. തിരിച്ചുനടക്കുന്നത് മാത്രമാണ് മാർഗം. തിരിച്ചുനടക്കുന്നത് ആദിമ നാഗരികതയിലേക്കല്ല, ആധുനിക നാഗരികതയോടൊപ്പം വസ്തുനിഷ്ഠമായ ധാർമിക ബോധത്തിലേക്കാണ്. മനുഷ്യനെ മനുഷ്യനാക്കുന്നത് മൂല്യങ്ങളാണ്. മൂല്യങ്ങളെ മൂലകങ്ങളാക്കി അനാവശ്യമെന്ന് പറയുന്നവരും അടിമമനോഭാവത്തോടെ പബ്ലിക്കിൽ ലൈംഗിക വൃത്തികൾ ചെയ്യുന്നവരും എന്ത് നന്മയുടെ പാഠമാണ് പഠിപ്പിക്കുന്നത്? മൃഗീയതയിലേക്കുള്ള ഈ തിരിച്ചുനടത്തം നമുക്ക് ആവശ്യമില്ല. ഇസ്‌ലാം അവിടെയും ഒരേയൊരു പരിഹാരമാണ്. 'Islam will be the last line of denfense against woke culture' എന്നത് ഇസ്‌ലാം വിമർശകർ പോലും ശരിവയ്ക്കുകയാണ്. മാർഗം ശരിയാണ്, പ്രബോധകർക്ക് ഇനി അത്യാവേശത്തോടെ മുന്നോട്ട് നടക്കാം.

***References***


1. Ward, A. F. (2012, October 23). Men and Women Can't Be "Just Friends." Scientific American. https://www.scientificamerican.com/article/men-and-women-cant-be-just-friends/

2. Apostolou, M., Keramari, D., Kagialis, A., & Sullman, M. (2021). Why people make friends: The nature of friendship. Personal Relationships, 28(1), 4-18.

3. Bleske-Rechek, A., Joseph, W. E., Williquette, H., & Donovan, B. (2016). Sex differences in young adults' attraction to opposite-sex friends: Natural sampling versus mental concepts. Evolutionary sPychological Science, 2(3), 214-219.

4. Bleske-Rechek, A., Somers, E., Micke, C., Erickson, L., Matteson, L., Stocco, C., ... & Ritchie, L. (2012). Benefit or burden? Attraction in cross-sex friendship. Journal of Social and Personal Relationships, 29(5), 569-596.

5. Chung, W. S., Lim, S. M., Yoo, J. H., & Yoon, H. (2013). Gender difference in brain activation to audio-visual sexual stimulation; do women and men experience the same level of arousal in response to the same video clip?. International Journal of Impotence Research, 25(4), 138-142.

6. Rupp, H. A., & Wallen, K. (2008). Sex differences in response to visual sexual stimuli: A review. Archives of sexual behavior, 37(2), 206-218.

7. Awasthi, B. (2017). From Attire to Assault: Clothing, Objectification, and De-humanization–A Possible Prelude to Sexual Violence?. Frontiers in spychology, 8, 338.


■



# നബി(സ്വ)യുടെ വഫാത്ത്



ഹുസൈൻ സലഫി
: +971 50 634 6963

**അവസാനത്തെ ഇമാമത്ത്**

ഉറക്കെ ഓതുന്ന നമസ്കാരത്തിന് നബി(സ്വ) അവസാനമായി ഇമാമായി നിൽക്കുന്നത് ഒരു മഗ്‌രിബിനായിരുന്നു. നാലുദിവസങ്ങൾക്ക് മുമ്പായിരുന്നു അത്. അത് ഒരു വ്യാഴാഴ്ചയായിരുന്നു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ആ നമസ്കാരത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് കാണുക:

ഉമ്മുൽഫദ്‌ൽ ബിൻത് അൽഹാരിസി(റ)ൽനിന്ന് നിവേദനം, അവർ പറഞ്ഞു: "നബി(സ്വ) (ആ) മഗ്‌രിബ് നമസ്കാരത്തിൽ 'വൽമുർസലാതി ഗുർഫാ' ഓതുന്നത് ഞാൻ കേട്ടു. പിന്നീട് അല്ലാഹു അവിടുത്തെ (റൂഹിനെ) പിടിക്കുന്നതുവരെ അതിനുശേഷം ഞങ്ങളെയുംകൊണ്ട് അവിടുന്ന് നമസ്കരിച്ചിട്ടില്ല" (ബുഖാരി).

രോഗം കഠിനമായ സമയത്ത്, അവസാനത്തെ നമസ്കാരത്തിൽ, അതും മഗ്‌രിബിന് നബി(സ്വ) ഓതിയത് ഒന്നര പേജ് വലിപ്പമുള്ള സൂറഃ അൽമുർസലാത് ആയിരുന്നു എന്നത് നാം പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്. മഗ്‌രിബ് നമസ്കാരത്തിൽ ചെറിയ സൂറത്തേ ഓതാവൂ എന്ന ഒരു ധാരണ നമുക്കിടയിലുണ്ട്. ആ ധാരണ നാം തിരുത്താൻ ശ്രദ്ധിക്കണം.

ഈ സൂറത്തിൽ സ്വർഗ-നരക വിവരണങ്ങളും സത്യനിഷേധികൾക്കുള്ള മുന്നറിയിപ്പും സത്യവിശ്വാസികൾക്കുള്ള സുവിശേഷവുമെല്ലാം അടങ്ങിയിട്ടുള്ളതായി നമുക്ക് കാണാൻ സാധിക്കുന്നതാണ്.

നബി(സ്വ) വഫാത്തിന്റെ രണ്ടുദിവസങ്ങൾക്ക് മുമ്പുവരെ ജമാഅത്ത് നസ്കാരത്തിന്റെ കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തിയതായി നാം കാണുന്നു. അബൂബക്ർ(റ) ജനങ്ങളെയുംകൊണ്ട് നമസ്കാരത്തിന് ഇമാമായി നിൽക്കുകയാണ്. നബി(സ്വ) അൽപം ആശ്വാസം ലഭിച്ചു എന്ന് തോന്നിയ ആ സന്ദർഭത്തിൽ നമസ്കാരത്തിന് ശ്രമിക്കുകയായിരുന്നു.

"അങ്ങനെ അവിടുന്ന് രണ്ടാളുകൾക്കിടയിൽ പിടിച്ച് എഴുന്നേൽക്കുന്നു. അവിടുത്തെ ഇരുകാലുകളും മണ്ണിൽ വരക്കുന്നുണ്ടായിരുന്നു. അവർ (ആഇശ(റ)) പറഞ്ഞു: 'അങ്ങനെ അവിടുന്ന് പള്ളിയിൽ പ്രവേശിച്ചപ്പോൾ അബൂബക്ർ(റ) അവിടുത്തെ കാലനക്കം കേട്ടു. (അപ്പോൾ) അദ്ദേഹം പുറകിലേക്ക് പോയി. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ്വ) അദ്ദേഹത്തോടുതന്നെ (നിൽക്കാനായി) ആംഗ്യം കാണിച്ചു. (എന്നിട്ട് പറഞ്ഞു): 'താങ്കൾ താങ്കളുടെ സ്ഥാനത്ത് നിൽക്കൂ.' എന്നിട്ട് അല്ലാഹുവിന്റെ റസൂൽ(സ്വ) വന്ന് അബൂബക്റി(റ)ന്റെ ഇടതുഭാഗത്ത് ഇരുന്നു. ആഇശ(റ) പറഞ്ഞു: 'അങ്ങനെ അല്ലാഹുവിന്റെ റസൂൽ(സ്വ) ജനങ്ങളെയും കൊണ്ട് ഇരുന്നും അബൂബക്ർ(റ) നിന്നും നമസ്കരിക്കുന്നു. അബൂബക്ർ(റ) നബി(സ്വ)യുടെ നമസ്കാരത്തെ പിന്തുടരുന്നു. ജനങ്ങൾ അബൂബക്റി(റ)ന്റെ നമസ്കാരത്തെയും പിന്തുടരുന്നു" (മുസ്ലിം).

അബൂബക്റി(റ)ന്റെ ഇടതുഭാഗത്ത് നബി(സ്വ) ഇരിക്കുന്നു. അവിടുത്തെ നമസ്കാരത്തിൽ പതുക്കെ പറയുന്നത് അബൂബക്ർ(റ) ശ്രദ്ധിച്ച് കേൾക്കുകയും അദ്ദേഹം ജനങ്ങൾക്ക് വേണ്ടി ഉറക്കെ പറയുകയും ചെയ്താണ് ആ നിസ്കാരം നിസ്കരിച്ചത്. ഫലത്തിൽ അന്നത്തെ ഇമാം നബി(സ്വ)തന്നെ ആയിരുന്നു. അതായിരുന്നു നബി(സ്വ)യുടെ മദീന പള്ളിയിലെ അവസാന നമസ്കാരം. അത് ഒരു ദ്വുഹ്ർ നമസ്കാരമായിരുന്നു എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്.

അല്ലാഹുവിലേക്ക് ഏറ്റവും അടുത്ത മഹാനായിരുന്നല്ലോ മുഹമ്മദ് നബി(സ്വ). അദ്ദേഹത്തിന് തന്റെ അവസാനസമയത്ത് പോലും നമസ്കാരത്തിന്റെ കാര്യത്തിൽ എത്രത്തോളം ശ്രദ്ധയുണ്ടായിരുന്നു എന്നത് നാം കണ്ടു. എന്നാൽ ഇന്ന് നമ്മുടെ നാട്ടിലെ ചിലരുടെ വിശ്വാസം വളരെ വിചിത്രമാണ്. മഹാന്മാർ അല്ലാഹുവിലേക്ക് അടുത്ത് കഴിഞ്ഞാൽ പിന്നീട് അവരെ നമസ്കരിക്കാൻ പള്ളിയിൽ കണ്ടെന്നുവരില്ലെന്നും, അവർ ചിലപ്പോൾ ജുമുഅക്ക് പോലും പങ്കെടുക്കില്ലെന്നും അവർ വിശ്വസിക്കുന്നു. ഒരാൾ അല്ലാഹുവിനെ സ്നേഹിച്ച് ശക്തിയാർജിച്ചാൽ അവർക്കൊരു ഭ്രാന്ത് വരുമത്രെ; അത് സാധാരണ ഭ്രാന്തല്ല. അവർ 'ബുദ്ധിയുള്ള ഭ്രാന്തന്മാർ' എന്നാണ് അറിയപ്പെടുക. ഈ അവസ്ഥയിലെത്തിയ ഒരാൾ നമസ്കരി ക്കാതിരുന്നാലും അവരെ ആക്ഷേപിച്ചുകൂടാ. ഈ മർതബയിൽ എത്തിയ ആളായിരുന്നു സി.എം മടവൂർ. ഇയാൾ നമസ്കാരിക്കാതെയിരിക്കുന്നത് കണ്ടപ്പോൾ ജനങ്ങൾ അയാളോട് കാരണം ചോദിച്ചു. ഉടനെ അയാൾ തന്റെ കൈപ്പത്തി കാണിച്ചു. അപ്പോൾ കൈപ്പത്തിയിൽ കഅ്ബ തെളിയുകയായി. ഹറമിൽ ടിയാൻ ഇമാമായി നിൽക്കുന്നതാണ് പോലും അവർ കണ്ടത്! ആരാണ് സി.എമ്മിനോട് ചോദിച്ചതെന്നോ, അയാൾ കൈപ്പത്തി കാണിച്ചപ്പോൾ അതിൽ കഅ്ബ കണ്ടവർ ആരെന്നോ ചോദിക്കരുത്. കഥയിൽ ചോദ്യമില്ലല്ലോ. മറ്റൊരിക്കൽ വാതിൽപ്പൊളിയിലാണത്രെ കഅ്ബ കാണിച്ചുകൊടുത്തത്. ഈ കഥകളെല്ലാം അപ്പടി വിശ്വസിക്കുന്നവരുണ്ടെന്നതാണ് അത്ഭുതകരമായ കാര്യം. ഇവരെയെല്ലാം ശരിയായ വഴിയിലേക്ക് എത്തിക്കേണ്ടത് നമ്മുടെ കടമയാണ്.

മമ്പുറം തങ്ങൾ എല്ലാ സ്വുബ്ഹിക്കും ഹറമിലായിരുന്നു പോലും. മഹാന്മാർക്ക് നാൽപത് തടിയാണെന്ന് ഇവർ വിശ്വസിക്കുന്നു. ഒരു തടി

**മമ്പുറം തങ്ങൾ എല്ലാ സ്വുബ്ഹിക്കും ഹറമിലായിരുന്നു പോലും. മഹാന്മാർക്ക് നാൽപത് തടിയാണെന്ന് ഇവർ വിശ്വസിക്കുന്നു. ഒരു തടി ഇവിടെ നമസ്കരിക്കാതിരിക്കുമ്പോൾ മറ്റൊരുതടി ഹറമിലാകുമത്രെ! എന്നാൽ നമ്മുടെ നബി(സ്വ)യുടെ സ്ഥിതി ഈ കഥകളുമായി തട്ടിച്ചുനോക്കി പഠിക്കുമ്പോൾ സലഫികൾ പറയുന്ന കാര്യം ശരിയാണെന്ന് ബോധ്യമാകാൻ പ്രയാസമുണ്ടാകില്ല. അലസത കാരണത്താൽ ജമാഅത്ത് നമസ്കാരത്തിൽ വീഴ്ച വരുത്തുന്ന സഹോദരങ്ങൾ നമ്മുടെ നേതാവിന്റെ അന്ത്യനിമിഷത്തെ പറ്റി പഠിക്കുകയും ഗുണപാഠം ഉൾകൊള്ളുകയും ചെയ്യേണ്ടതുണ്ട്.**

ഇവിടെ നമസ്കരിക്കാതിരിക്കുമ്പോൾ മറ്റൊരുതടി ഹറമിലാകുമത്രെ! എന്നാൽ നമ്മുടെ നബി(സ്വ)യുടെ സ്ഥിതി ഈ കഥകളുമായി താരതമ്യപഠനത്തിന് വിധേയമാക്കുമ്പോൾ സലഫികൾ പറയുന്ന കാര്യം ശരിയാണെന്ന് ബോധ്യമാകാൻ പ്രയാസമുണ്ടാകില്ല. അലസത കാരണത്താൽ ജമാഅത്ത് നമസ്കാരത്തിൽ വീഴ്ച വരുത്തുന്ന സഹോദരങ്ങൾ നമ്മുടെ നേതാവിന്റെ അന്ത്യനിമിഷത്തെ പറ്റി പഠിക്കുകയും ഗുണപാഠം ഉൾകൊള്ളുകയും ചെയ്യേണ്ടതുണ്ട്.

**വഫാത്തിന്റെ ഒരുദിവസം മുമ്പ്**

നമസ്കാരത്തെ സംബന്ധിച്ച് ഓർമിപ്പിക്കുന്നതിന്റെ കൂടെ അടിമകളുടെ കാര്യവും നബി(സ്വ) ജനങ്ങളെ ഓർമിപ്പിച്ചു. അവരോട് നീതി കാണിക്കണമെന്നു പറയുകയും അവരുടെ അവകാശങ്ങൾക്ക് വേണ്ടി ശബ്ദിക്കുകയും ചെയ്ത നേതാവായിരുന്നു നബി(സ്വ). നബി(സ്വ) തന്റെ അടിമകളെയെല്ലാം മോചിപ്പിച്ചു.

പരമ്പരാഗതമായി തുടരുന്ന അടിമത്തമുണ്ടായിരുന്നു. യുദ്ധം പോലുള്ള സാഹചര്യങ്ങൾ ഉണ്ടാകുമ്പോളും അടിമത്തം ഉടലെടുക്കാറുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുകയല്ല ഇസ്‌ലാം ചെയ്തത്. അടിമകളെ മോചിപ്പിക്കുക എന്നത് മഹത്തായ കർമമായിട്ടാണ് ഖുർആനും ഹദീസുകളും നമ്മെ പഠിപ്പിക്കുന്നത്. ഇസ്‌ലാം പല കാര്യങ്ങൾക്കും പ്രായശ്ചിത്തമായി ആദ്യം പറയുന്നത് അടിമമോചനമാണ്.

ലോകത്തോട് വിടപറയുന്നതിന് മുമ്പേ എല്ലാ ബാധ്യതകളും അവിടുന്ന് നിറവേറ്റി. തന്റെ കീഴിലുള്ള എല്ലാ അടിമകളെയും മോചിപ്പിച്ചു. കൈവശമുണ്ടായിരുന്ന ഏഴ് ദീനാർ സ്വർണനാണയം ധർമം ചെയ്തു. ഉപയോഗിച്ചിരുന്ന ആയുധങ്ങളെല്ലാം അനുചരന്മാർക്ക് കൈമാറി.

നബി(സ്വ) വഫാത്താകുന്ന അന്ന് രാത്രിപോലും വിളക്ക് കത്തിക്കുവാനുള്ള എണ്ണ അയൽക്കാരിൽ നിന്ന് ആഇശ(റ) കടം വാങ്ങുകയായിരുന്നു. മുമ്പ് ഒരു യഹൂദിയുടെ പക്കൽനിന്നും തന്റെ പടയങ്കി പണയം വെച്ച് മുപ്പത് സ്വാഅ് ഗോതമ്പ് നബി(സ്വ) വാങ്ങിയിട്ടുണ്ടായിരുന്നു. ആ പടയങ്കി വഫാത്തിന്റെ സമയത്തും പണയത്തിൽ തന്നെയായിരുന്നു.

**ലോകത്തോട് വിടപറയുന്നതിന് മുമ്പേ എല്ലാ ബാധ്യതകളും അവിടുന്ന് നിറവേറ്റി. തന്റെ കീഴിലുള്ള എല്ലാ അടിമകളെയും മോചിപ്പിച്ചു. കൈവശമുണ്ടായിരുന്ന ഏഴ് ദീനാർ സ്വർണ നാണയം ധർമം ചെയ്തു. ഉപയോഗിച്ചിരുന്ന ആയുധങ്ങളെല്ലാം അനുചരന്മാർക്ക് കൈമാറി. നബി(സ്വ) വഫാത്താകുന്ന അന്ന് രാത്രിപോലും വിളക്ക് കത്തിക്കുവാനുള്ള എണ്ണ അയൽക്കാരിൽ നിന്ന് ആഇശ(റ) കടം വാങ്ങുകയായിരുന്നു. മുമ്പ് ഒരു യഹൂദിയുടെ പക്കൽനിന്നും തന്റെ പടയങ്കി പണയം വെച്ച് മുപ്പത് സ്വാഅ് ഗോതമ്പ് നബി(സ്വ) വാങ്ങിയിട്ടുണ്ടായിരുന്നു. ആ പടയങ്കി വഫാത്തിന്റെ സമയത്തും പണയത്തിൽ തന്നെയായിരുന്നു.**

**അവസാന ദിവസം**

സ്വഹാബിമാർ എല്ലാവരും മദീനാ പള്ളിയിൽ അബൂബക്‌റി(റ)ന്റെ പിന്നിൽ ഫജ്ർ നമസ്കാരത്തിനായി അണിയായി നിൽക്കുകയാണ്. അനസ്(റ) ആ രംഗം വിവരിക്കുന്നത് ഇപ്രകാരമാണ്:

"മുസ്‌ലിംകൾ ഒരു തിങ്കളാഴ്ച ഫജ്ർ നമസ്കാരത്തിലാണ്; അബൂബക്ർ(റ) ആണ് അവരെയും കൊ ണ്ട് (നേതൃത്വം നൽകി) നമസ്കരിക്കുന്നത്. അപ്പോൾ നബി(സ്വ) പെട്ടെന്ന് എഴുന്നേറ്റ് ആഇശ(റ)യുടെ അറയുടെ വിരി നീക്കി. എന്നിട്ട് അവിടുന്ന് അവരെ നോക്കുകയാണ്. ആ സമയത്ത് അവർ അണികളായി നിൽക്കുകയാണ്. അപ്പോൾ അവിടുന്ന് പുഞ്ചിരിച്ചു. അപ്പോൾ അബൂബക്ർ(റ) തന്റെ പിന്നിലേക്ക് പതുക്കെ നീങ്ങി. അല്ലാഹുവിന്റെ റസൂൽ(സ്വ) നമസ്കാരത്തിലേക്ക് പുറപ്പെടാൻ ഉദ്ദേശിക്കുന്നു എന്നാണ് അദ്ദേഹം വിചാരിച്ചത്. മുസ്‌ലിംകൾ നബിയെ കണ്ട സന്ദർഭത്തിൽ സന്തോഷത്താൽ അവരുടെ നമസ്കാരത്തിൽ പിഴവ് സംഭവിക്കുമോ എന്ന് അദ്ദേഹം വിചാരിച്ചു. അപ്പോൾ നബി(സ്വ) തന്റെ കൈകൊണ്ട് ആംഗ്യം കാണിച്ചുകൊണ്ട് (പറഞ്ഞു): 'നിങ്ങൾ പൂർത്തിയാക്കുക.' പിന്നീട് അവിടുന്ന് അറയിലേക്ക് തന്നെ പ്രവേശിച്ചു. വിരി താഴ്ത്തുകയും ചെയ്തു" (ബുഖാരി).

നബി(സ്വ) വിരിനീക്കി നോക്കുമ്പോൾ; താൻ ഏറെ സ്നേഹിക്കുന്ന, തന്നെ ഏറെ സ്നേഹിക്കുന്ന തന്റെ അനുചരന്മാർ താൻ പഠിപ്പിച്ച പ്രകാരം, താൻ നിശ്ചയിച്ച ഇമാമിന്റെ കീഴിൽ തോളോടുതോൾ ചേർന്ന്, കാലുകൾ ചേർത്തുവെച്ച് നമസ്കരിക്കുകയാണ്. അതുകണ്ട് ലോ



കത്തിന്റെ നേതാവ് സന്തോഷത്താൽ പുഞ്ചിരിക്കുന്നു. നബി(സ്വ) യുടെ അനുചരന്മാരിലേക്കുള്ള അവസാനത്തെ നോട്ടവും, സന്തോഷത്താലുള്ള ഇഹലോകത്തെ അവസാന പുഞ്ചിരിയുമായിരുന്നു അത്.

നബി(സ്വ) വിരിമാറ്റിയപ്പോൾ തങ്ങളുടെ പ്രിയപ്പെട്ട നേതാവ് തങ്ങളിലേക്ക് വരികയാണെന്ന് വിചാരിച്ചു സ്വഹാബിമാർ. അബൂബക്ർ(റ) തന്റെ കാൽ പതുക്കെ പിന്നിലേക്ക് നീക്കുന്നു. അദ്ദേഹം സ്വഫ്ഫിലേക്ക് മാറുകയാണ്. നബി(സ്വ) നമസ്കാരത്തിന് വന്നെങ്കിലോ എന്ന് കൊതിച്ചായിരുന്നു അദ്ദേഹം അപ്രകാരം ചെയ്തത്. നമസ്കാരത്തിൽ ആകെ ഇളക്കം. തങ്ങളുടെ നമസ്കാരത്തിൽ കുഴപ്പം സംഭവിച്ചേക്കുമോ എന്ന് പോലും സ്വഹാബിമാർ വിചാരിച്ചു. കാരണം, അവരുടെ പ്രിയപ്പെട്ട നബി(സ്വ) അവരിലേക്ക് വരികയാണല്ലോ എന്ന സന്തോഷം അവർക്ക് അടക്കാൻ കഴിയുന്നില്ല. പക്ഷേ, പ്രവാചകൻ(സ്വ) നമസ്കാരത്തിന് വരാൻ സാധിക്കാത്ത വിധം ക്ഷീണത്തിലാണ്. അവസാനമായി നബി(സ്വ) അനുചരന്മാരോട് ആംഗ്യത്തിലൂടെ നമസ്കാരം പൂർത്തിയാക്കുവാൻ കൽപിക്കുകയും ചെയ്തു. ശേഷം നബി(സ്വ) ആഇശ(റ) യുടെ അറയിലേക്ക് പ്രവേശിക്കുകയും വിരി താഴ്ത്തുകയും ചെയ്തു. നബി(സ്വ)യുടെ, സ്വഹാബിമാർ അവസാനമായി നമസ്കരിക്കുവാൻ നിൽക്കുന്ന കാഴ്ചയായിരുന്നു അത്. അടുത്ത ഒരു നമസ്കാര സമയത്തേക്ക് അദ്ദേഹത്തിന് ആയുസ്സുണ്ടായില്ല. ഏകദേശം ദുഹാ സമയം ആയപ്പോൾ ലോകത്തിന്റെ നേതാവ് വഫാത്തായി.

**വഫാത്തിന്റെ നേരം**

നബി(സ്വ) വഫാത്തിനോട് അടുത്ത സമയത്ത് മകൾ ഫാത്വിമഃ (റ) ഉപ്പയുടെ അടുത്തേക്ക് വരികയുണ്ടായി. ആ സമയത്ത് നബി(സ്വ) മകളോട് കാതിൽ ചില രഹസ്യങ്ങൾ പറഞ്ഞതായി നമുക്ക് കാണാൻ സാധിക്കും.

ആഇശ(റ) അദ്ദേഹത്തോട് (ഉർവയോട്) പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) തന്റെ മകൾ ഫാത്വിമയെ വിളിച്ചു. എന്നിട്ട് അവരോട് (എന്തോ) സ്വകാര്യം പറഞ്ഞു. അപ്പോൾ അവർ കരഞ്ഞു. പിന്നീട് (വേറെ ചില) സ്വകാര്യം അവളോട് അവിടുന്ന് പറഞ്ഞു. അപ്പോൾ അവർ ചിരിക്കുകയും ചെയ്തു. ആഇശ(റ) പറഞ്ഞു: 'അപ്പോൾ ഞാൻ ഫാത്വിമയോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂൽ(സ്വ) നിന്നോട് എന്ത് സ്വകാര്യമാണ് പറഞ്ഞത്? എന്നിട്ട് കരയുകയും ചെയ്തല്ലോ! പിന്നീട് നിന്നോട് അവിടുന്ന് (മറ്റൊരു) സ്വകാര്യം പറഞ്ഞു. അപ്പോൾ നീ ചിരിക്കുകയും ചെയ്തു.' (ആ സ്വകാര്യങ്ങൾ എന്താണ്?). അവർ പറഞ്ഞു: 'എന്നോട് അവിടുന്ന് അവിടുത്തെ മരണത്തെ പറ്റിയുള്ള വിവരം സ്വകാര്യമായി പറഞ്ഞു. അപ്പോൾ ഞാൻ കരഞ്ഞു. പിന്നീട് എന്നോട് സ്വകാര്യം പറഞ്ഞു: തന്റെ കുടുംബത്തിൽനിന്ന് തന്നെ ആദ്യം അനുഗമിക്കുക ഞാൻ ആയിരിക്കുമെന്ന് എന്നെ അറിയിച്ചു. അപ്പോൾ ഞാൻ ചിരിക്കുകയും ചെയ്തു''(മുസ്‌ലിം).

**ആഇശ(റ) അദ്ദേഹത്തോട് (ഉർവയോട്) പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) തന്റെ മകൾ ഫാത്വിമയെ വിളിച്ചു. എന്നിട്ട് അവരോട് (എന്തോ) സ്വകാര്യം പറഞ്ഞു. അപ്പോൾ അവർ കരഞ്ഞു. പിന്നീട് (വേറെ ചില) സ്വകാര്യം അവളോട് അവിടുന്ന് പറഞ്ഞു. അപ്പോൾ അവർ ചിരിക്കുകയും ചെയ്തു. ആഇശ(റ) പറഞ്ഞു: 'അപ്പോൾ ഞാൻ ഫാത്വിമയോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂൽ(സ്വ) നിന്നോട് എന്ത് സ്വകാര്യമാണ് പറഞ്ഞത്? എന്നിട്ട് കരയുകയും ചെയ്തല്ലോ! പിന്നീട് നിന്നോട് അവിടുന്ന് (മറ്റൊരു) സ്വകാര്യം പറഞ്ഞു. അപ്പോൾ നീ ചിരിക്കുകയും ചെയ്തു.' (ആ സ്വകാര്യങ്ങൾ എന്താണ്?). അവർ പറഞ്ഞു: 'എന്നോട് അവിടുന്ന് അവിടുത്തെ മരണത്തെ പറ്റിയുള്ള വിവരം സ്വകാര്യമായി പറഞ്ഞു. അപ്പോൾ ഞാൻ കരഞ്ഞു. പിന്നീട് എന്നോട് സ്വകാര്യം പറഞ്ഞു: തന്റെ കുടുംബത്തിൽനിന്ന് തന്നെ ആദ്യം അനുഗമിക്കുക ഞാൻ ആയിരിക്കുമെന്ന് എന്നെ അറിയിച്ചു. അപ്പോൾ ഞാൻ ചിരിക്കുകയും ചെയ്തു''(മുസ്‌ലിം).**

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും കാണാം: "നീ (സ്വർഗത്തിൽ) വിശ്വാസികളായ സ്ത്രീകളുടെ നേതാവാകുന്നതിൽ നീ തൃപ്തിയാകില്ലേ, അല്ലെങ്കിൽ ഈ സമുദായത്തിലെ സ്ത്രീകളുടെ നേതാവാകുന്നതിൽ നീ തൃപ്തിയാകില്ലേ?" (മുസ്‌ലിം).

നബി(സ്വ)ക്ക് തന്റെ മരണം അടുത്തിരിക്കുന്നു എന്നത് സംബന്ധിച്ചുള്ള വിവരം ലഭിച്ചിട്ടുണ്ടായിരുന്നു എന്നതാണ് ഇതിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്ന മറ്റൊരു കാര്യം. ഫാത്വിമ(റ)യെ സംബന്ധിച്ചു പറഞ്ഞ കാര്യങ്ങളും അപ്രകാരം തന്നെ. നബി(സ്വ) പറഞ്ഞതു പ്രകാരം തന്നെ അവിടുത്തെ വഫാത്തിന് ശേഷം ആറുമാസം ആയപ്പോഴേക്ക് മകളും ഈ ലോകത്തോട് വിടപറയുകയുണ്ടായി.

നബി(സ്വ) അവിടുത്തെ വഫാത്തിലേക്ക് അടുക്കുകയാണ്. വേദന കഠിനമായി. മകൾ ഉപ്പയെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: 'എന്റെ ഉപ്പാക്ക് എന്തൊരു വിഷമമാണ്!' അപ്പോൾ അവിടുന്ന് അവരോട് പറഞ്ഞു: 'ഇന്നത്തേതിനുശേഷം നിന്റെ ഉപ്പാക്ക് ഒരു വിഷമവുമില്ല'(ബുഖാരി).

നബി(സ്വ) പേരമക്കളായ ഹസൻ (റ), ഹുസയ്ൻ(റ) എന്നിവരെ അടുത്തേക്ക് ചേർത്തുപിടിച്ചു. ഇരുവരെയും അവിടുന്ന് ഉമ്മവച്ചു. ഇരുവരുടെയും കാര്യത്തിൽ നല്ല രൂപത്തിൽ പെരുമാറണമെന്ന് വസ്വിയ്യത്ത് നൽകുകയും ചെയ്തു. തന്റെ ഭാര്യമാരെയും അടുത്തേക്ക് വിളിച്ചു. അവരോടും ഉപദേശങ്ങളും ഉദ്ബോധനങ്ങളും നൽകി.

വേദന വീണ്ടും കൂടിവന്നു. പണ്ട് ഖയ്ബറിൽവച്ച് ഒരു ജൂതസ്ത്രീ നൽകിയ വിഷത്തിന്റെ വിഷമവും അന്നേരം അവിടുത്തേക്ക് ഉണ്ടായിരുന്നു. നബി(സ്വ) ഇപ്രകാരം പറയുകയും ചെയ്തു:

"ആഇശാ, ഖയ്ബറിൽ ഞാൻ ഭക്ഷിച്ച ആ ഭക്ഷണത്തിന്റെ വേദന ഞാൻ അനുഭവിച്ചുകൊണ്ടേയിരിക്കുകയാണ്. ആ വിഷത്താൽ എന്റെ ജീവനാഡി മുറിഞ്ഞു പോകുന്നത് ഞാൻ ഇപ്പോൾ അനുഭവിക്കുകയാണ്" (ബുഖാരി).

നബി(സ്വ)ക്ക് രോഗം ബാധിച്ചുള്ള സാധാരണ മരണമാണ് സംഭവിച്ചതെങ്കിലും അന്ന് ഖയ്ബറിൽ ശത്രുവായ ജൂതപ്പെണ്ണ് നൽകിയ വിഷത്തിന്റെ പ്രയാസവും മരണനേരത്ത് ഉണ്ടായതിനാൽ അവിടുന്ന് ശഹീദ് കൂടിയാണെന്ന് ഈ ഹദീസിന്റെ വെളിച്ചത്തിൽ അഭിപ്രായപ്പെട്ട പണ്ഡിതന്മാരുണ്ട്.

വിഷത്തിന്റെയും മരണത്തിന്റെയും വേദന കൂടിവരാൻ തുടങ്ങി. അപ്പോഴും അവിടുന്ന് ഈ സമുദായത്തോട് നൽകുന്ന ഉപദേശം ഇതായിരുന്നു:

അനസി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂലി(സ്വ)ന് മരണം ആസന്നമായ നേരത്ത് (നൽകിയ) പൊതുവായ വസ്വിയ്യത്ത് ഇതായിരുന്നു: 'നമസ്കാരവും നിങ്ങളുടെ വലതുകൈ ഉടമപ്പെടുത്തിതും (അഥവാ അടിമകളും)... നമസ്കാരവും നിങ്ങളുടെ വലതുകൈ ഉടമപ്പെടുത്തിതും" (ബുഖാരി).

നമസ്കാരത്തിന്റെയും അടിമകളുടെയും കാര്യം ശ്രദ്ധിക്കുവാനാണ് നബി(സ്വ)യുടെ അവസാന ഉപദേശം എന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവസാന സമയത്തും അടിച്ചമർത്തപ്പെടുന്നവർക്ക് വേണ്ടി ശബ്ദിച്ച, കഷ്ടപ്പെടുന്നവർക്ക് വേണ്ടി ശബ്ദിച്ച ലോകത്തിന്റെ നേതാവായിരുന്നു നബി(സ്വ). ഇത്രയും കാരുണ്യവും സഹിഷ്ണുതയുമുള്ള നേതാവിനെയാണ് ലോകം ഇന്ന് ഭീകരവാദിയും അക്രമിയുമായി ചിത്രീകരിക്കുന്നത്. അതെ, സത്യസന്ധമായ നബിചരിത്രം വായിച്ചാൽ ആരും അദ്ദേഹത്തിലേക്ക് ആകർഷിക്കപ്പെടുമെന്ന തിരിച്ചറിവാണ് ഇത്തരം കള്ളപ്രചാരണത്തിന്റെ പിന്നിലെ പ്രധാന കാരണം.

***(അവസാനിച്ചില്ല).***

**നമസ്കാരത്തിന്റെയും അടിമകളുടെയും കാര്യം ശ്രദ്ധിക്കുവാനാണ് നബി(സ്വ) യുടെ അവസാന ഉപദേശം എന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അവസാന സമയത്തും അടിച്ചമർത്തപ്പെടുന്നവർക്ക് വേണ്ടി ശബ്ദിച്ച, കഷ്ടപ്പെടുന്നവർക്ക് വേണ്ടി ശബ്ദിച്ച ലോകത്തിന്റെ നേതാവായിരുന്നു നബി(സ്വ). ഇത്രയും കാരുണ്യവും സഹിഷ്ണുതയുമുള്ള നേതാവിനെയാണ് ലോകം ഇന്ന് ഭീകരവാദിയും അക്രമിയുമായി ചിത്രീകരിക്കുന്നത്. അതെ, സത്യസന്ധമായ നബിചരിത്രം വായിച്ചാൽ ആരും അദ്ദേഹത്തിലേക്ക് ആകർഷിക്കപ്പെടുമെന്ന തിരിച്ചറിവാണ് ഇത്തരം കള്ളപ്രചാരണത്തിന്റെ പിന്നിലെ പ്രധാന കാരണം.**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089



അധ്യായം: 46

# അഹ്ക്വാഫ്

(മക്കയിൽ അവതരിച്ചത്)

وَٱذْكُرْ أَخَا عَادٍ إِذْ أَنذَرَ قَوْمَهُۥ بِٱلْأَحْقَافِ
وَقَدْ خَلَتِ ٱلنُّذُرُ مِنۢ بَيْنِ يَدَيْهِ وَمِنْ خَلْفِهِۦٓ
أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ
يَوْمٍ عَظِيمٍ ٢١

21. ആദിന്റെ സഹോദരനെ (അഥവാ ഹൂദിനെ)പ്പറ്റി നീ ഓർമിക്കുക. അഹ്ക്വാഫിലുള്ള തന്റെ ജനതയ്ക്ക് അദ്ദേഹം താക്കീത് നൽകിയ സന്ദർഭം. അദ്ദേഹത്തിന്റെ മുമ്പും അദ്ദേഹത്തിന്റെ പിന്നിലും താക്കീതുകാർ കഴിഞ്ഞുപോയിട്ടുമുണ്ട്.അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. നിങ്ങളുടെമേൽ ഭയങ്കരമായ ഒരുദിവസത്തെ ശിക്ഷ ഞാൻ ഭയപ്പെടുന്നു. (എന്നാണ് അദ്ദേഹം താക്കീത് നൽകിയത്).

قَالُوٓا۟ أَجِئْتَنَا لِتَأْفِكَنَا عَنْ ءَالِهَتِنَا فَأْتِنَا بِمَا
تَعِدُنَآ إِن كُنتَ مِنَ ٱلصَّٰدِقِينَ ٢٢

22. അവർ പറഞ്ഞു: ഞങ്ങളുടെ ദൈവങ്ങളിൽനിന്ന് ഞങ്ങളെ തിരിച്ചുവിടാൻ വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. എന്നാൽ നീ സത്യവാന്മാരുടെ കൂട്ടത്തിലാണെങ്കിൽ ഞങ്ങൾക്കു നീ താക്കീത് നൽകുന്നത് ശിക്ഷ) ഞങ്ങൾക്കു കൊണ്ടുവന്നു തരൂ.

قَالَ إِنَّمَا ٱلْعِلْمُ عِندَ ٱللَّهِ وَأُبَلِّغُكُم مَّآ أُرْسِلْتُ
بِهِۦ وَلَٰكِنِّىٓ أَرَىٰكُمْ قَوْمًا تَجْهَلُونَ ٢٣

23. അദ്ദേഹം പറഞ്ഞു: (അതിനെപ്പറ്റിയുള്ള) അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു. ഞാൻ എന്തൊന്നുമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അതു ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. എന്നാൽ നിങ്ങളെ ഞാൻ കാണുന്നത് അവിവേകം കാണിക്കുന്ന ഒരു ജനതയായിട്ടാണ്.

فَلَمَّا رَأَوْهُ عَارِضًا مُّسْتَقْبِلَ أَوْدِيَتِهِمْ قَالُوا۟
هَٰذَا عَارِضٌ مُّمْطِرُنَا ۚ بَلْ هُوَ مَا ٱسْتَعْجَلْتُم بِهِۦ ۖ
رِيحٌ فِيهَا عَذَابٌ أَلِيمٌ ٢٤

24. അങ്ങനെ അതിനെ (ശിക്ഷയെ) തങ്ങളുടെ താഴ്വരകൾക്ക് അഭിമുഖമായിക്കൊണ്ട് വെളിപ്പെട്ട ഒരു മേഘമായി അവർ കണ്ടപ്പോൾ അവർ പറഞ്ഞു: ഇതാ നമുക്ക് മഴ നൽകുന്ന ഒരു മേഘം! അല്ല, നിങ്ങൾ എന്തൊന്നിന് ധൃതി കൂട്ടിയോ അതുതന്നെയാണിത്. അതെ വേദനയേറിയ ശിക്ഷ ഉൾകൊള്ളുന്ന ഒരു കാറ്റ്.

تُدَمِّرُ كُلَّ شَىْءٍۭ بِأَمْرِ رَبِّهَا فَأَصْبَحُوا۟ لَا
يُرَىٰٓ إِلَّا مَسَٰكِنُهُمْ ۚ كَذَٰلِكَ نَجْزِى ٱلْقَوْمَ
ٱلْمُجْرِمِينَ ٢٥

25. അതിന്റെ രക്ഷിതാവിന്റെ കൽപന പ്രകാരം സകല വസ്തുക്കളെയും അത് നശിപ്പിച്ചുകളയുന്നു. അങ്ങനെ അവർ താമസിച്ചിരുന്ന സ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത അവസ്ഥയിൽ അവർ ആയിത്തീർന്നു. അപ്രകാരമാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫലം നൽകുന്നത്.

وَلَقَدْ مَكَّنَّٰهُمْ فِيمَآ إِن مَّكَّنَّٰكُمْ فِيهِ
وَجَعَلْنَا لَهُمْ سَمْعًا وَأَبْصَٰرًا وَأَفْـِٔدَةً فَمَآ
أَغْنَىٰ عَنْهُمْ سَمْعُهُمْ وَلَآ أَبْصَٰرُهُمْ وَلَآ
أَفْـِٔدَتُهُم مِّن شَىْءٍ إِذْ كَانُوا۟ يَجْحَدُونَ
بِـَٔايَٰتِ ٱللَّهِ وَحَاقَ بِهِم مَّا كَانُوا۟ بِهِۦ
يَسْتَهْزِءُونَ ٢٦
وَلَقَدْ أَهْلَكْنَا مَا حَوْلَكُم مِّنَ ٱلْقُرَىٰ
وَصَرَّفْنَا ٱلْـَٔايَٰتِ لَعَلَّهُمْ يَرْجِعُونَ ٢٧
فَلَوْلَا نَصَرَهُمُ ٱلَّذِينَ ٱتَّخَذُوا۟ مِن دُونِ ٱللَّهِ
قُرْبَانًا ءَالِهَةًۢ ۖ بَلْ ضَلُّوا۟ عَنْهُمْ ۚ وَذَٰلِكَ
إِفْكُهُمْ وَمَا كَانُوا۟ يَفْتَرُونَ ٢٨

26. നിങ്ങൾക്ക് നാം സ്വാധീനം നൽകിയിട്ടില്ലാത്ത മേഖലകളിൽ അവർക്കു നാം സ്വാധീനം നൽകുകയുണ്ടായി. കേൾവിയും കാഴ്ചകളും ഹൃദയങ്ങളും അവർക്കു നൽകുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതിനാൽ അവരുടെ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല. എന്തൊന്നിനെ അവർ പരിഹസിച്ചിരുന്നുവോ അത് അവരിൽ വന്നുഭവിക്കുകയും ചെയ്തു.

27. നിങ്ങളുടെ ചുറ്റുമുള്ള ചില രാജ്യങ്ങളെയും നാം നശിപ്പിക്കുകയുണ്ടായി. ആ രാജ്യക്കാർ സത്യത്തിലേക്കു മടങ്ങുവാ ൻവേണ്ടി നാം തെളിവുകൾ വിവിധ രൂപത്തിൽ വിവരിച്ചുകൊടുക്കുകയും ചെയ്തു.

28. അല്ലാഹുവിന് പുറമെ (അവനിലേക്ക്) സാമീപ്യം കിട്ടുവാനായി അവർ ദൈവങ്ങളായി സ്വീകരിച്ചവർ അപ്പോൾ എന്തുകൊണ്ട് അവരെ സഹായിച്ചില്ല? അല്ല, അവരെ വിട്ട് അവർ (ദൈവങ്ങൾ) അപ്രത്യക്ഷരായി. അത് (ബഹുദൈവവാദം) അവരുടെ വകയായുള്ള വ്യാജവും അവർ കൃത്രിമമായി സൃഷ്ടിച്ചുണ്ടാക്കിയിരുന്നതുമത്രെ.

21). (നീ ഓർമിക്കുക) ഭംഗിയാർന്ന പ്രശംസകൊണ്ട്. (ആദിന്റെ സഹോദരനെ-ഹൂദ് (അ) ആണത്) അല്ലാഹുവിലേക്ക് വഴി കാണിക്കാനും അവന്റെ ദീനിലേക്ക് പ്രബോധനം ചെയ്യാനും അല്ലാഹു പ്രത്യേകം തെരഞ്ഞെടുത്ത ആദരണീയരായ പ്രവാചകന്മാരിൽ പെട്ടവനായിരുന്നു അദ്ദേഹം. (തന്റെ ജനതയ്ക്ക് അദ്ദേഹം താക്കീത് നൽകിയ സന്ദർഭം). ആദ് സമുദായമാണത്. (അഹ്ക്വാഫിലുള്ള) അതായത് അഹ്ക്വാഫിലുള്ള പ്രസിദ്ധമായ അവരുടെ ഭവനങ്ങളിൽ, യമൻ പ്രദേശത്തുള്ള ധാരാളം മണലുള്ള പ്രദേശങ്ങളാണത്. (അദ്ദേഹത്തിന്റെ മുമ്പും അദ്ദേഹത്തിന്റെ പിന്നിലും താക്കീതുകാർ കഴിഞ്ഞുപോയിട്ടുണ്ട്) അവരിൽ ആദ്യമായി വന്നവനോ അവർക്കെതിരായി വന്നവനോ അല്ല. അവരോട് അദ്ദേഹം പറയുന്നത് (അല്ലാഹുവെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. നിങ്ങളുടെമേൽ ഭയങ്കരമായ ഒരുദിവസത്തെ ശിക്ഷ ഞാൻ ഭയപ്പെടുന്നു). പ്രശംസനീയമായ പ്രവർത്തനങ്ങളും ശരിയായ വാക്കും ഉൾക്കൊള്ളുന്നു. ആരാധന അല്ലാഹുവിനായിരിക്കണമെന്നാണ് അദ്ദേഹം അവരോട് കൽപിച്ചത്. ശിർക്കിനെയും അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കുന്നതിനെയും അവരോട് വിരോധിക്കുകയും ചെയ്തു. അദ്ദേഹത്തെ അനുസരിക്കാതിരുന്നാലുണ്ടാകുന്ന കഠിന ശിക്ഷയെക്കുറിച്ച് അവരെ താക്കീത് ചെയ്യുകയും ചെയ്തു. ആ പ്രബോധനമൊന്നും അവരിൽ ഫലം കണ്ടില്ല.

22). (അവർ പറഞ്ഞു: ഞങ്ങളുടെ ദൈവങ്ങളിൽ നിന്ന് ഞങ്ങളെ തിരിച്ചുവിടാൻ വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്തുവന്നിരിക്കുന്നത്?). സത്യം നിന്നോടൊപ്പമില്ല. ഞങ്ങളുടെ ദൈവങ്ങളോടുള്ള അസൂയയല്ലാതെ മറ്റൊരുദ്ദേശ്യവും നിനക്കില്ല. ആ ദൈവങ്ങളിൽ നിന്ന് ഞങ്ങളെ തെറ്റിക്കാനാണ് നീ ഉദ്ദേശിക്കുന്നത്. (എന്നാൽ നീ സത്യവാന്മാരുടെ കൂട്ടത്തിലാണെങ്കിൽ ഞങ്ങൾക്ക് നീ താക്കീത് നൽകുന്ന ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവന്ന് തരൂ). ധിക്കാരത്തിന്റെയും അജ്ഞതയുടെയും പരമാവധിയാണിത്.

23). (അദ്ദേഹം പറഞ്ഞു:അതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു). കാര്യങ്ങളുടെ കടിഞ്ഞാണും നിയന്ത്രണങ്ങളുമെല്ലാം അവന്റെ കൈകളിലാണ്. അവനുദ്ദേശിക്കുമ്പോൾ ശിക്ഷ അവൻ നിങ്ങൾക്ക് കൊണ്ടുവരും. (ഞാനെന്തൊന്നുമായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അത് ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു). വ്യക്തമായ പ്രബോധനമല്ലാതെ എന്റെമേൽ ബാധ്യതയില്ല. (എന്നാൽ നിങ്ങളെ ഞാൻ കാണുന്നത് അവിവേകം കാണിക്കുന്ന ഒരു ജനതയായിട്ടാണ്) അതാണ് ഇത്ര വലിയ ധൈര്യം നിങ്ങളിൽ നിന്നുണ്ടാകാൻ കാരണം.

24,25). അങ്ങനെ വമ്പിച്ച ശിക്ഷ അല്ലാഹു അവരുടെമേൽ അയച്ചു. അവരെ നശിപ്പിക്കുകയും തകർത്തുകളയുകയും ചെയ്ത കാറ്റായിരുന്നു അത്. അതാണ് അല്ലാഹു പറഞ്ഞത്: (അങ്ങനെ അതിനെ അവർ കണ്ടപ്പോൾ) അതായത് ശിക്ഷയെ. (തങ്ങളുടെ താഴ്‌വരകൾക്കഭിമുഖമായിക്കൊണ്ട് വെളിപ്പെട്ട ഒരു മേഘമായി) ഒരു കാർമേഘംപോലെ അത് പ്രത്യക്ഷപ്പെട്ടു. അവരു

ടെ താഴ്‌വരകൾക്ക് അഭിമുഖമായി അത് വന്നു. അവ വെള്ളമൊഴുകുന്നതും അവരുടെ കൃഷിക്ക് നനക്കുന്നതും അവയിലെ കിണറുകളിൽ നിന്നും കുളങ്ങളിൽ നിന്നും അവർ കുടിക്കുകയും ചെയ്യാറുള്ളതാണ്. (അവർ പറഞ്ഞു:) സന്തോഷത്തോടെ. (ഇതാ നമുക്ക് മഴ നൽകുന്ന ഒരു കാർമേഘം) അതായത്, ഈ മേഘം വഴിയെ നമുക്ക് മഴതരും. അല്ലാഹു പറഞ്ഞു: (അപ്പോൾ നിങ്ങൾ എന്തൊന്നിന് ധൃതി കൂട്ടിയോ അതുതന്നെയാണിത്). ഇത് നിങ്ങളുടെ വാക്കിലൂടെ നിങ്ങൾ നിങ്ങളോടുതന്നെ ചെയ്ത അപരാധമാണ്. (ഞങ്ങൾക്ക് നീ താക്കീത് ചെയ്യുന്നത്-ശിക്ഷ-കൊണ്ടുവന്ന് തരൂ) (46:22). (അതെ, വേദനയേറിയ ശിക്ഷ ഉൾക്കൊള്ളുന്ന ഒരു കാറ്റ്; സകല വസ്തുക്കളെയും അത് നശിപ്പിച്ചുകളയുന്നു). ദുശ്ശകുനത്തിന്റെയും കാഠിന്യത്തിന്റെയും ആ കാറ്റ് കടന്നുപോയി. അതുമൂലം അല്ലാഹു അവരെ കീഴ്പ്പെടുത്തി.

عَلَيْهِمْ سَبْعَ لَيَالٍ وَثَمَٰنِيَةَ أَيَّامٍ حُسُومًا
فَتَرَى ٱلْقَوْمَ فِيهَا صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾

"തുടർച്ചയായ ഏഴു രാത്രിയും എട്ട് പകലും അത് (കാറ്റ്) അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു. അപ്പോൾ കടപുഴകി വീണ ഈന്തപ്പനത്തടികൾപോലെ ആ കാറ്റിൽ ജനങ്ങൾ വീണ് കിടക്കുന്നതായി നിനക്ക് കാണാം" (69:7).

(അതിന്റെ രക്ഷിതാവിന്റെ കൽപനപ്രകാരം) അവന്റെ അനുവാദവും ഉദ്ദേശ്യവും അനുസരിച്ച്. (അങ്ങനെ അവർ താമസിച്ചിരുന്ന സ്ഥലങ്ങളല്ലാതെ മറ്റൊന്നും കാണപ്പെടാത്ത അവസ്ഥയിൽ അവർ ആയിത്തീർന്നു) അത് അവരുടെ നാൽക്കാലികളെയും സമ്പത്തിനെയും ശരീരങ്ങളെയും നശിപ്പിച്ചുകളഞ്ഞു. (അപ്രകാരമാണ് കുറ്റവാളികളായ ജനങ്ങൾക്ക് നാം പ്രതിഫല നൽകുന്നത്) അവരുടെ അക്രമവും പാപവും നിമിത്തം.

26). ഇവിടെ പറയുന്നത് അല്ലാഹു അവർക്ക് മഹത്തായ അനുഗ്രഹങ്ങൾ നൽകിയിട്ടും അവർ അവനോട് നന്ദി കാണിക്കുകയോ അവനെ ഓർക്കുകയോ ചെയ്തില്ല എന്നാണ്. അതാണ് അല്ലാഹു പറഞ്ഞത്: (നിങ്ങൾക്ക് നാം സ്വാധീനം നൽകിയിട്ടില്ലാത്ത മേഖലയിൽ ഞാൻ അവർക്ക് സ്വാധീനം നൽകുകയുണ്ടായി). അതായത് ഭൂമിയിലെ വിശിഷ്ട വസ്തുക്കൾ അനുഭവിക്കാനും തങ്ങളുടെ ഇഷ്ടങ്ങൾ ആസ്വദിക്കാനും നാം അവർക്ക് സൗകര്യം ചെയ്തുകൊടുത്തു. ആലോചിച്ച് മനസ്സിലാക്കുന്നവന് ആലോചിക്കാനും സന്മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നവന് ഉപദേശം സ്വീകരിക്കാനുമുള്ള ആയുസ്സും നാം അവർക്ക് നൽകി. ഇത് കേൾക്കുന്നവരേ, നിങ്ങൾക്കും ആദ് സമൂദായത്തിന് നൽകിയതുപോലെ സൗകര്യങ്ങൾ നാം നൽകിയിട്ടുണ്ട്. അതായത് ഈ സൗകര്യങ്ങളെല്ലാം നിങ്ങൾക്ക് മാത്രമാണെന്നും ഇത് നിങ്ങളുടെ ശിക്ഷയെ തടുക്കുവാൻ പര്യാപ്തമാണെന്നും നിങ്ങൾ വിചാരിക്കരുത്. മറിച്ച്, നിങ്ങളെക്കാൾ സൗകര്യം മറ്റുള്ളവർക്കുണ്ടായിരുന്നു. അവരുടെ സ്വത്തോ സന്താനങ്ങളോ സൈന്യങ്ങളോ അല്ലാഹുവിൽനിന്ന് രക്ഷപ്പെടാൻ അവർക്ക് ഉപകരിച്ചിട്ടില്ല. (കേൾവിയും കാഴ്ചയും ഹൃദയങ്ങളും അവർക്ക് നൽകുകയും ചെയ്തു) അവരുടെ ബുദ്ധിക്കോ കാഴ്ചയ്ക്കോ കേൾവിക്കോ യാതൊരു കുറവുമുണ്ടായിരുന്നില്ല.

അജ്ഞത നിമിത്തം അവർ സത്യത്തെ അ വഗണിക്കുകയും അതിനെക്കുറിച്ച് പഠിക്കാൻ കഴിയാതെ വരികയും ചെയ്തുവെന്ന് പറയാനാകും. അതല്ലാതെ ബുദ്ധിത്തകരാറുമൂലമല്ല. നൽകുന്നവൻ അല്ലാഹുവാണല്ലോ. (അവരുടെ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല) അൽപമോ അധികമോ; കാരണം: (അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതിനാൽ) അവന്റെ ഏകത്വത്തിനും ആരാധന അവന് മാത്രമായിരിക്കാനുള്ള തെളിവുകളെ. (എന്തൊന്നിനെ അവർ പരിഹസിച്ചിരുന്നുവോ അത് അവരിൽ വന്നുഭവിക്കുകയും ചെയ്തു). അതായത്, സംഭവിക്കുമെന്നതിനെ അവർ നിഷേധിക്കുന്ന ശിക്ഷ, ആ ശിക്ഷയെ താക്കീത് ചെയ്ത പ്രവാചകന്മാരെ അവർ പരിഹസിക്കുകയും ചെയ്തു.

27,28). അറബികളായ മുശ്‌രിക്കുകളെയും മറ്റുള്ളവരെയും, അവരുടെ താമസസ്ഥലങ്ങൾക്ക് ചുറ്റുമുണ്ടായിരുന്ന നിഷേധികളായ മുൻ സമുദായങ്ങളെ നിശിപ്പിച്ചിനെക്കുറിച്ച് പറഞ്ഞ് താക്കീത് ചെയ്യുകയാണിവിടെ. അറേബ്യൻ പ്രദേശങ്ങളിൽതന്നെയാണുണ്ടായിരുന്നത്. അവർ തങ്ങളുടെ ദുഷിച്ച വഴികളിൽനിന്ന് പിന്തിരിയാ ൻ വേണ്ടി, അതായത് അവിശ്വാസത്തിന്റെയും തിരസ്കരണത്തിന്റെയും വഴികൾ ഉപേക്ഷിക്കാൻ വേണ്ടി, അല്ലാഹു അവർക്ക് പലതരത്തിലു ള്ള ദൃഷ്ടാന്തങ്ങൾ അയച്ചുകൊടുത്തു. അവർ മടങ്ങാതെ വന്നപ്പോൾ കഴിവുള്ള പ്രതാപശാലിയുടെ ശിക്ഷിക്കൽ അല്ലാഹു അവരെ ശിക്ഷിച്ചു. അല്ലാഹുവിന് പുറമെ അവർ വിളിച്ചു പ്രാർഥിച്ചിരുന്ന അവരുടെ ദൈവങ്ങൾ അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല. അതാണ് അല്ലാഹു ഇവിടെ പറയുന്നത്: (അല്ലാഹുവിന് പുറമെ അവനിലേക്ക് സാമീപ്യം കിട്ടുവാനായി അവർ ദൈവങ്ങളായി സ്വീകരിച്ചവർ അപ്പോൾ എന്തുകൊണ്ട് അവരെ സഹായിച്ചില്ല?) അവരിലേക്കവർ സാമീപ്യം തേടുകയും അവരിൽനിന്നും ഉപകാരം പ്രതീക്ഷിച്ച് അവരെ ദൈവങ്ങളാക്കുകയും ചെയ്തിരുന്നു. (അല്ല അവരെവിട്ട് അവർ -ദൈവങ്ങൾ- അപ്രത്യക്ഷരായി). അവർ അവർക്ക് ഉത്തരം നൽകുകയോ അവരെ പ്രതിരോധിക്കുകയോ ചെയ്തില്ല. (അത്-ബഹുദൈവവാദം-അവരുടെ വകയായുള്ള വ്യാജവും അവർ കൃത്രിമമായി സൃഷ്ടിച്ചുണ്ടാക്കിയതുമത്രെ. അവർ അവരെക്കുറിച്ച് വെച്ചുപുലർത്തിയിരുന്ന വ്യാമോഹങ്ങളായ കളവുകൾ. അവർ സത്യത്തിലാണെന്നും അവരുടെ പ്രവർത്തനങ്ങളെക്കൊണ്ട് അവർക്ക് പ്രയോജനമുണ്ടാകുമെന്നും അവർ വാദിച്ചുകൊണ്ടിരുന്നു. അങ്ങനെ അവർ വഴിപിഴക്കുകയും നിഷ്ഫലരായിത്തീരുകയും ചെയ്തു. ■

# തിന്മയെ നന്മകൊണ്ട് നേരിടുക



സലീം പട്‌ല

ഏകദേശം പന്ത്രണ്ടുവർഷം മുമ്പ് നടന്ന ഒരു കാര്യം: ബാംഗ്ലൂരിൽ ഗാന്ധി നഗറിലെ നാഷണൽ മാർക്കറ്റിൽ ചെറിയ കച്ചവടവുമായി കഴിഞ്ഞിരുന്ന കാലം. എന്റെ സുഹൃത്തിന്റെ മെജസ്റ്റിക്കിലുള്ള ബാഗ് കടയിലേക്ക് ഒരു മലയാളി കസ്റ്റമർ കയറിവരുന്നു. സംസാരത്തിനിടക്ക് ഇസ്‌ലാമും ക്രൈസ്തവതയും വിശുദ്ധ ക്വുർആൻ യേശുക്രിസ്തുവിന് നൽകിയ മഹത്ത്വവുമൊക്കെ ചർച്ചയാവുന്നു. ക്രിസ്തുമത പ്രചാരകനായ ആ സഹോദരൻ സംസാരത്തിലുടനീളം ഇസ്‌ലാമിനെയും ക്വുർആനിനെയും നിശിതമായി വിമർശിക്കാനാണ് അധികവും ശ്രമിച്ചത്. സ്നേഹവും കരുണയും തീരെയില്ലാത്തവരാണ് മുസ്‌ലിംകളെന്നും, വിട്ടുവീഴ്ചയോ സഹിഷ്ണുതയോ ഇസ്‌ലാം ഒരിക്കലും പഠിപ്പിക്കുന്നില്ലെന്നുമാണ് ആ സുഹൃത്ത് പറഞ്ഞുകൊണ്ടേയിരുന്നത്. അവസാനമായി ഒരു വലിയ വെല്ലുവിളി നടത്തിയിട്ടാണയാൾ കടയിൽനിന്ന് ഇറങ്ങിപ്പോകുന്നത്. തെറ്റ് ചെയ്തവരോട് പൊറുക്കണമെന്നോ തിന്മ ചെയ്തവരോട് നന്മ ചെയ്യണമെന്നോ ബൈബിളിലുള്ളതുപോലുള്ള, സഹനത്തിന്റെയും വിട്ടുവീഴ്ചയുടെയും പാഠങ്ങൾ ക്വുർആനിലെവിടെയെങ്കിലും കാണിച്ചുതരാൻ കഴിയുമോ എന്നായിരുന്നു പ്രസ്തുത വെല്ലുവിളി!



വെല്ലുവിളിച്ച് ഇറങ്ങിപ്പോയ ആ ക്രൈസ്തവ സഹോദരനെ പിന്നെ കാണുന്നത് രണ്ടുമൂന്ന് വർഷങ്ങൾക്ക് ശേഷം ശിവാജി നഗറിലെ സലഫി മസ്ജിദിലെ ഇഫ്താർ സംഗമത്തിലാണ്. അതിനിടയിൽ അദ്ദേഹം ക്രിസ്ത്യമതം വിട്ട് ക്രിസ്തുവിന്റെ മതമായ ഇസ്‌ലാമിലെത്തിക്കഴിഞ്ഞിരുന്നു!

ഇസ്‌ലാമിലെ സ്നേഹം, സൗമ്യത, വിട്ടുവീഴ്ച, മാപ്പുനൽകൽ, തിന്മയെ നന്മകൊണ്ട് നേരിടൽ... തുടങ്ങിയ വിഷയത്തിലുള്ള ഗൗരവമായ പഠനവും അന്വേഷണവുമായിരിക്കാം ആ ക്രൈസ്തവ സുഹൃത്തിനെ ഇസ്‌ലാമിലെത്തിച്ചത്.

യുദ്ധക്കൊതിയനും നിഷ്‌കരുണനും മാനുഷിക ദുരന്തങ്ങളുടെ മുന്നിൽ ഒരിറ്റു കണ്ണുനീർ പോലും വീഴ്ത്താത്ത നിർദയനും പ്രതികാരദാഹിയും നരഹത്യാത്വരയുള്ള മനസ്സിനുടമയും പരുഷപ്രകൃതനുമൊക്കെയാണ് ശരാശരി ക്രിസ്ത്യാനി മനസ്സിൽ കൊണ്ടുനടക്കുന്ന മുഹമ്മദ് നബി(സ്വ). തിരുനബി (സ്വ)യിലൂടെ അവതരിപ്പിക്കപ്പെട്ട വിശുദ്ധ ക്വുർആനാകട്ടെ ഭീകരതയുടെയും യുദ്ധക്കൊതിയുടെയും ഗ്രന്ഥവും!

ചില മിഷണറിമാരുടെയും ഇവാഞ്ചലിസ്റ്റുകളുടെയും ഇസ്‌ലാം വിമർശകരുടെയും ആവർത്തിച്ചും നിരന്തരവുമുള്ള പ്രസംഗങ്ങളിൽനിന്നും എഴുത്തുകളിൽനിന്നുമായിരിക്കും ഇസ്‌ലാമിനെയും നബിയെയും ക്വുർആനിനെയും കുറിച്ചുള്ള ചിത്രം അവർക്ക് ലഭിച്ചിരിക്കുക.

മിഷണറിമാരുടെ വാക്കുകളെ അന്ധമായി വിശ്വസിച്ചുകൊണ്ടുള്ള അമിത ആത്മവിശ്വാസമായിരിക്കാം ആ സുഹൃത്തിന്റെ പ്രസ്തുത വെല്ലുവിളിക്ക് പ്രേരകം. ക്വുർആനിലോ നബിവചനങ്ങളിലോ തിന്മയെ നന്മകൊണ്ട് തടുക്കാൻ പഠിപ്പിക്കുന്ന ഒരൊറ്റ പരാമർശം പോലും ഉണ്ടാവില്ല എന്നും, അതിനാൽ ചോദ്യത്തിന് ഉത്തരം പറയാൻ മുസ്‌ലിംകൾക്ക് ഏറെ കഷ്ടപ്പെടേണ്ടിവരുമെന്നും അദ്ദേഹം വിചാരിച്ചിരിക്കണം.

**തിന്മയെ നന്മകൊണ്ട് തടുക്കുക**

വിശുദ്ധ ക്വുർആനിലും വിശുദ്ധ ക്വുർആനിന്റെ വിശദീകരണമായ നബിവചനങ്ങളിലും കണ്ണോടിക്കുന്ന ഒരു സത്യാന്വേഷിക്ക് ഈ വിഷയത്തിലുള്ള നിരവധി വചനങ്ങളാണ് കാണാൻ കഴിയുക. തിന്മയെ നന്മ കൊണ്ട് നേരിടുക വഴി ഏറ്റവും വലിയ ശത്രുപോലും നമ്മുടെ ഉറ്റ സുഹൃത്തായി മാറുമെന്നാണ് അല്ലാഹു പറയുന്നത്. പക്ഷേ, ക്ഷമാശീലരായ ഭാഗ്യവാൻമാരിൽ മാത്രമെ അത്തരം അനുഗൃഹീത സ്വഭാവം കാണപ്പെടുകയുള്ളൂ എന്നാണ് തുടർന്ന് അല്ലാഹു പറയുന്നത്.

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോ ണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (ക്വുർആൻ 41/34,35). മഹാൻമാരായ പ്രവാചകൻമാരിൽ പ്രസ്തുത സ്വഭാവം വേണ്ടുവോളമുണ്ടായിരുന്നു.

പ്രവാചകൻമാരിൽ തന്നെ 'ഉലുൽഅസ്മ്' എന്ന വിശേഷണത്തിനർഹരായ അഞ്ചുപേരാണ് നൂഹ് (അ), ഇബ്‌റാഹീം(അ), മൂസാ(അ), ഈസാ(അ), മുഹമ്മദ് (സ) എന്നിവർ. 'ദൃഢമനസ്‌കർ,'

**"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോ ണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല'' (ക്വുർആൻ 41/34,35). മഹാൻമാരായ പ്രവാചകൻമാരിൽ പ്രസ്തുത സ്വഭാവം വേണ്ടുവോളമുണ്ടായിരുന്നു.**

'മനക്കരുത്തുള്ളവർ' എന്നൊക്കെയാണ് 'ഉലുൽഅസ്മി'ന്റെ അർഥം.

തിന്മ ചെയ്തവരോട് നന്മ ചെയ്താൽ, മോശമായി പെരുമാറിയ ആളുകളോട് നല്ലനിലയിൽ വർത്തിച്ചാൽ അവർ മാനസാന്തരപ്പെട്ട് നമ്മുടെ ഉറ്റമിത്രമായി മാറുമെന്നത് മനുഷ്യമനസ്സിനെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ വാഗ്ദാനമാണ്. അങ്ങനെ സംഭവിക്കുമോ എന്ന തോന്നൽ അല്ലാഹുവിന്റെ വചനത്തിലും കഴിവിലുമുള്ള സംശയമാണ്. കാരണം മനുഷ്യമനസ്സുകളെ നിയന്ത്രിക്കുന്നത് അല്ലാഹുവാണ്. അവന് അസാധ്യമായതൊന്നുമില്ല.

**നാം പടപ്പുകൾക്ക് മാപ്പു കൊടുത്താൽ അല്ലാഹു നമുക്കും മാപ്പുതരും**

ജീവിതത്തിൽ എത്രയോ തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുന്നവരാണ് മനുഷ്യർ. നമ്മുടെ തെറ്റുകൾ പൊറുത്തുതന്ന് അല്ലാഹു അവന്റെ ദിവ്യകാരുണ്യം നമ്മെ പൊതിഞ്ഞെങ്കിൽ മാത്രമെ മരണശേഷം സ്വർഗപ്രവേശം സാധ്യമാവൂ. നമ്മുടെ തെറ്റുകൾ ക്ഷമിച്ച് അല്ലാഹു നമുക്ക് മാപ്പുതരണമെങ്കിൽ നമ്മളോട് തെറ്റ് ചെയ്ത മനുഷ്യരോട് ക്ഷമിച്ച്, അവർക്ക് മാപ്പു കൊടുക്കണമെന്നാണ് അല്ലാഹു ക്വുർആനിൽ പറയുന്നത്:

"അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ"(ക്വുർആൻ 24/22).

അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "നിങ്ങൾ കരുണ കാണിക്കുക. നിങ്ങൾക്ക് (അല്ലാഹുവിന്റെ) കാരുണ്യം ലഭിക്കും. നിങ്ങൾ (മനുഷ്യർക്ക്) മാപ്പുകൊടുക്കുക. നിങ്ങൾക്ക് അല്ലാഹു മാപ്പുതരും" (അഹ്മദ്).

ജരീറുബ്നു അബ്ദുല്ല(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "കരുണ കാണിക്കാത്തവന് കാരുണ്യം ലഭിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).

അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "കാരുണ്യവാന്മാരിലാണ് അല്ലാഹു കരുണ ചൊരിയുന്നത്. ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക. എങ്കിൽ ഉപരിയിലുള്ളവൻ (അല്ലാഹു) നിങ്ങളോട് കരുണ കാണിക്കും" (അബൂദാവൂദ്, തിർമിദി).

**കോപത്തെ നിയന്ത്രിക്കുക**

കോപം ഒതുക്കിവെക്കുകയും മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്ന വിശ്വാസികൾക്കുള്ളതാണ് സ്വർഗമെന്ന് അല്ലാഹു നമ്മെ അറിയിച്ചിട്ടുണ്ട്:


"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു" (ക്വുർആൻ 3:133,134).

കോപം വന്നാൽ പൊറുക്കുകയും ക്ഷമിക്കുകയും ചെയ്യുക എന്നത് വളരെ ഉന്നതമായ സ്വഭാവങ്ങളിലാണ് വിശുദ്ധ ക്വുർആൻ എണ്ണിയിരിക്കുന്നത്:

"നിങ്ങൾക്ക് വല്ലതും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഐഹിക ജീവിതത്തിലെ (താൽക്കാലിക) വിഭവം മാത്രമാകുന്നു. അല്ലാഹുവിന്റെ പക്കലുള്ളത് കൂടുതൽ ഉത്തമവും കൂടുതൽ നീണ്ടുനിൽക്കുന്നതുമാകുന്നു. വിശ്വസിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്തവർക്കുള്ളതത്രെ അത്. മഹാപാപങ്ങളും നീചവൃത്തികളും വർജ്ജിക്കുന്നവരും, കോപം വന്നാലും പൊറുക്കുന്നവരുമായിട്ടുള്ളവർക്ക്" (42/37).

**സഹനശീലനായ ആ പ്രവാചകൻ**

പൂർവപ്രവാചകന്റെ ചരിത്ര



ത്തിൽനിന്നുള്ള ജ്വലിക്കുന്ന ഒരേട് മുഹമ്മദ് നബി(സ്വ) അനുയായികൾക്ക് വിശദീകരിച്ചുകൊടുക്കുന്നത് പ്രാമാണിക നബിവചന സമാഹാരമായ സ്വഹീഹുൽ ബുഖാരിയിലുണ്ട്.

നബി(സ്വ) ഇത് അനുയായികളെ പഠിപ്പിക്കുന്നത് അദ്ദേഹത്തിന്റെ വിട്ടുവീഴ്ചാസ്വഭാവം ജീവിതത്തിൽ പകർത്തി മാതൃകയാക്കാനാണ്. പ്രവാചകൻമാരെല്ലാം മാതൃകാപുരുഷരും പിൻപറ്റപ്പെടേണ്ട വ്യക്തിത്വങ്ങളുമാണെന്നാണ് വിശുദ്ധ ക്വുർആന്റെ അധ്യാപനം:

"അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്നുകൊള്ളുക..." (6:90).

മുഹമ്മദ് നബിക്കും യേശുക്രിസ്തുവിനും (ഈസാനബി), മോശെ പ്രവാചകനും (മൂസാനബി) അബ്രാഹാമിനും (ഇബ്റാഹീംനബി) നോഹ പ്രവാചകനും (നൂഹ്നബി) ദിവ്യബോധനം നൽകിയത് അല്ലാഹുവാണ്. പ്രവാചകൻമാർക്കിടയിൽ വിവേചനം പാടില്ലെന്നത് വിശുദ്ധ ക്വുർആനിന്റെ ഖണ്ഡിത നിയമമാണ്.

"തന്റെ രക്ഷിതാവിങ്കൽനിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ

**തിന്മ ചെയ്തരോട് നന്മ ചെയ്താൽ, മോശമായി പെരുമാറിയ ആളുകളോട് നല്ല നിലയിൽ വർത്തിച്ചാൽ അവർ മാനസാന്തരപ്പെട്ട് നമ്മുടെ ഉറ്റ മിത്രമായി മാറുമെന്നത് മനുഷ്യ മനസ്സിനെ സൃഷ്ടിച്ച സ്രഷ്ടാവിന്റെ വാഗ്ദാനമാണ്. അങ്ങനെ സംഭവിക്കുമോ എന്ന തോന്നൽ അല്ലാഹുവിന്റെ വചനത്തിലും കഴിവിലുമുള്ള സംശയമാണ്. കാരണം മനുഷ്യമനസ്സുകളെ നിയന്ത്രിക്കുന്നത് അല്ലാഹുവാണ്. അവന് അസാധ്യമായതൊന്നുമില്ല.**

റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെതുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതൻമാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്)...''(2:286)

ഇബ്നു മസ്ഊദ്(റ) പറയുന്നു: "മുൻ പ്രവാചകന്മാരിൽ ഒരാളെക്കുറിച്ച് നബി(സ്വ) പറഞ്ഞത് ഞാനിപ്പോഴും നബിയെ നോക്കിക്കാണുന്നത് പോലെ തോന്നുന്നു. ആ പ്രവാചകനെ ജനങ്ങൾ അടിച്ച് രക്തമൊലിപ്പിച്ചു. അദ്ദേഹമാകട്ടെ തന്റെ മുഖത്തുനിന്ന് രക്തം തുടച്ചുകൊണ്ട് പ്രാർഥിച്ചു. അല്ലാഹുവേ, എന്റെ ജനങ്ങൾക്ക് നീ പൊറുത്തുകൊടുക്കേണമേ. അവർ അറിവില്ലാത്തവരാകുന്നു'' (സ്വഹീഹുൽ ബുഖാരി).

**ആ പ്രവാചകൻമാർ അവരുടെ ജനങ്ങളോട് പറഞ്ഞത്**

മഹാന്മാരായ പ്രവാചകൻമാരിൽ ചിലർ പ്രബോധനമധ്യെ സ്വജനതയോട് പറഞ്ഞതായി വിശുദ്ധ ക്വുർആനിൽ ഇങ്ങനെ കാണാം:

"അല്ലാഹു ഞങ്ങളെ ഞങ്ങളുടെ വഴികളിൽ ചേർത്തുതന്നിരിക്കെ അവന്റെ മേൽ ഭരമേൽപിക്കാതിരിക്കാൻ ഞങ്ങൾക്കെന്തു ന്യായമാണുള്ളത്? നിങ്ങൾ ഞങ്ങളെ ദ്രോഹിച്ചതിനെപ്പറ്റി ഞങ്ങൾ ക്ഷമിക്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ മേലാണ് ഭരമേൽപിക്കുന്നവരെല്ലാം ഭരമേൽപിക്കേണ്ടത്'' (14/12).

**യഅ്ക്വൂബ് നബി(അ)യുടെ മാപ്പും വിട്ടുവീഴ്ചയും**

പ്രിയപ്പെട്ട മകൻ യൂസുഫിനെ കൊണ്ടുപോയി കിണറ്റിലിട്ട മക്കൾ മുന്നിൽ വന്ന് മാപ്പു ചോദിക്കുന്ന രംഗം വിശുദ്ധ ക്വുർആൻ വിവരിക്കുണ്ട്.

"അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, ഞങ്ങൾക്കുവേണ്ടി ഞങ്ങളുടെ പാപങ്ങൾ പൊറുത്തുകിട്ടാൻ താങ്കൾ പ്രാർഥിക്കണേ. തീർച്ചയായും ഞങ്ങൾ തെറ്റുകാരായിരിക്കുന്നു. അദ്ദേഹം (യഅ്ക്വൂബ്) പറഞ്ഞു: നിങ്ങൾക്കുവേണ്ടി എന്റെ രക്ഷിതാവിനോട് ഞാൻ പാപമോചനം തേടാം. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു'' (12/97,98).

**തന്നെ ദ്രോഹിച്ചവരോടുള്ള യൂസുഫ് നബി(അ)യുടെ പ്രതികരണം**

പിതാവ് സ്നേഹിച്ചു എന്ന ഒറ്റക്കാരണത്താൽ ഒരു തെറ്റും ചെയ്യാത്ത തന്നെ ചതിച്ച് കൊണ്ടുപോയി കിണറ്റിൽ തള്ളുകയും അതുവഴി മാതാപിതാക്കളിൽനിന്ന് വർഷങ്ങളോളം അകറ്റുകയും ചെയ്ത സഹോദരന്മാരെ മുന്നിൽ കിട്ടിയപ്പോൾ, പ്രതികാരം ചെയ്യാനുള്ള എല്ലാ അവസരവും അധികാരവുമുണ്ടായിട്ടും യൂസുഫ് നബി(അ)യുടെ പ്രതികരണമിതായിരുന്നു:

"അദ്ദേഹം (സഹോദരന്മാരോട്) പറഞ്ഞു: ഇന്ന് നിങ്ങളുടെമേൽ ഒരു ആക്ഷേപവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരട്ടെ. അവൻ കരുണയുള്ളവരിൽ വെച്ച് ഏറ്റവും കാരുണികനാകുന്നു'' (ക്വുർആൻ 12:92).

തിന്മയെ നന്മ കൊണ്ട് നേരിടാനാണ് അല്ലാഹുവിന്റെ കൽപന

1) "ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ തിന്മയെ തടുത്തുകൊള്ളുക...'' (23/96).

2) "നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല'' (41/34,35).

**അവരാണ് സ്വർഗാവകാശികൾ**

1) "അപ്പോൾ നിനക്ക് നിന്റെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് സത്യമാണെന്ന് മനസ്സിലാക്കുന്ന ഒരാൾ അന്ധനായിക്കഴിയുന്ന ഒരാളെപ്പോലെയാണോ? ബുദ്ധിമാൻമാർ മാത്രമെ ചിന്തിച്ച് മനസ്സിലാക്കുകയുള്ളൂ. അല്ലാഹുവോടുള്ള ബാധ്യത നിറവേറ്റുകയും കരാർ ലംഘിക്കാതിരിക്കുകയും ചെയ്യുന്നവരത്രെ അവർ. കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചത് (ബന്ധങ്ങൾ) കൂട്ടിയിണക്കുകയും തങ്ങളുടെ രക്ഷിതാവിനെ പേടിക്കുകയും കടുത്ത വിചാരണയെ ഭയപ്പെടുകയും ചെയ്യുന്നവർ. തങ്ങളുടെ രക്ഷിതാവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ക്ഷമ കൈക്കൊള്ളുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും തിന്മയെ നന്മ കൊണ്ട് തടുക്കുകയും ചെയ്യുന്നവർ. അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിന്റെ പര്യവസാനം. അതായത്, സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവരും അവരുടെ പിതാക്കളിൽനിന്നും ഇണകളിൽ നിന്നും സന്തതികളിൽനിന്നും സദ്വൃത്തരായിട്ടുള്ളവരും അതിൽ പ്രവേശിക്കുന്നതാണ്.

മലക്കുകൾ എല്ലാ വാതിലിലൂടെയും അവരുടെ അടുക്കൽ കടന്നു വന്നിട്ട് പറയും: നിങ്ങൾ ക്ഷമ കൈക്കൊണ്ടതിനാൽ നിങ്ങൾക്ക് സമാധാനം! അപ്പോൾ ലോകത്തിന്റെ പര്യവസാനം എത്ര നല്ലത്!"(13/19-24).

2) "അത്തരക്കാർക്ക് അവർ ക്ഷമിച്ചതിന്റെ ഫലമായി അവരുടെ പ്രതിഫലം രണ്ടുമടങ്ങായി നൽകപ്പെടുന്നതാണ്. അവർ നന്മകൊണ്ട് തിന്മയെ തടുക്കുകയും നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യും" (28/54).

**തിന്മയെ നന്മകൊണ്ട് നേരിടാൻ നബി(സ്വ) പഠിപ്പിക്കുന്നു**

1) അബൂഹുറയ്റ(റ) നിവേദനം, ഒരാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് ഒരു ബന്ധുവുണ്ട്. ഞാൻ അവരുമായി ബന്ധം ചേർക്കുന്നു. എന്നാൽ അവർ എന്നോട് ബന്ധം മുറിക്കുന്നു. ഞാൻ അവർക്ക് നന്മ ചെയ്യുന്നു. അവർ എന്നോട് തിന്മ ചെയ്യുന്നു. ഞാൻ അവരോട് നന്നായി സംസാരിക്കുന്നു. അവർ എന്നോട് മോശമായി പെരുമാറുന്നു.' അപ്പോൾ തിരുദൂതർ(സ്വ) പറഞ്ഞു: 'നീ പറഞ്ഞതു പോലെയാണെങ്കിൽ നീ അവരെ ചൂടുള്ള വെണ്ണീർ തീറ്റിക്കുന്നത് പോലെയാണ്. നീ അങ്ങനെയായിരിക്കുന്ന കാലത്തോളം അവർക്കെതിരിൽ നിനക്ക് അല്ലാഹുവിൽനിന്ന് ഒരു ഒരു സഹായിയുമുണ്ടാകും" (മുസ്‌ലിം).

2) അലി(റ) പറയുന്നു, നബി (സ്വ) ഇപ്രകാരം പറഞ്ഞു: "നിന്നോട് ബന്ധം വിഛേദിച്ചവരോട് നീ ബന്ധം ചേർക്കുക. നിന്നോട് മോശമായി പെരുമാറിയവരോട് നീ നല്ല രീതിയിൽ വർത്തിക്കുക. സ്വന്തത്തിനെതിരായാൽ പോലും നീ സത്യം പറയുക" (ജാമിഉസ്സഗീർ, സിൽസിലതുസ്സ്വഹീഹ).

3) നബി(സ്വ) പറഞ്ഞു: "ഹേയ്, ആമിറിന്റെ പുത്രൻ ഉക്ബാ! താങ്കളോട് ബന്ധം മുറിച്ചവരോട് താങ്കൾ ബന്ധം ചേർക്കുക. താങ്കൾക്ക് (നന്മ) തടഞ്ഞവർക്ക് താങ്കൾ (നന്മ) നൽകുക. താങ്കളോട് അന്യായം പ്രവർത്തിച്ചവർക്ക് താങ്കൾ മാപ്പു നൽകുക" (അഹ്മദ്, സിൽസിലതുസ്സ്വഹീഹ).



അനസ്(റ) നിവേദനം: "പ്രതികാരം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് മുഹമ്മദ് നബി(സ്വ)യുടെ അടുക്കൽ സമർപ്പിക്കപ്പെട്ട കേസുകളിലൊന്നും അവിടുന്ന് വിട്ടുവീഴ്ച ചെയ്യാൻ നിർദേശിക്കാത്ത നിലക്ക് ഞാൻ ഒരിക്കലും കണ്ടിട്ടില്ല" (അബൂദാവൂദ്).

**നബി(സ്വ)യുടെ സ്വഭാവ സവിശേഷതയിൽ പെട്ടത്**

നബി(സ്വ)യുടെ ജീവിതം ക്വുർആനായിരുന്നു എന്ന് പത്നി ആഇശ(റ) പറഞ്ഞതായി പ്രാമാണിക ഹദീസ് ഗ്രന്ഥമായ സ്വഹീഹ് മുസ്‌ലിമിലുണ്ട്. വിശുദ്ധ ക്വുർആനിന് സ്വജീവിതംകൊണ്ട് വ്യാഖ്യാനം രചിച്ച മുഹമ്മദ് നബിയിൽ 'തിന്മയെ നന്മകൊണ്ട് നേരിടുക' എന്ന വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്ന സവിശേഷ സ്വഭാവം വേണ്ടുവോളമുണ്ടായിരുന്നു.

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്(റ)നിവേദനം: അല്ലാഹുവിന്റെ റസൂലിന്റെ വിശേഷണത്തെക്കുറിച്ച് തൗറാത്തിൽ പറഞ്ഞതെന്തെന്ന് അദ്ദേഹം ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'അതെ, പറയാം: അല്ലാഹുവാണെ സത്യം! ക്വുർആനിൽ പറയപ്പെട്ട ചില വിശേഷണങ്ങൾ തൗറാത്തിലും വിശേഷിപ്പിച്ച് പറഞ്ഞിട്ടുണ്ട്. 'അല്ലയോ പ്രവാചകരേ, താങ്കളെ നാം നിയോഗിച്ചിട്ടുള്ളത് സാക്ഷിയായും സന്തോഷവാർത്തയറിയിക്കുന്നവനായും മുന്നറിയിപ്പ് നൽകുന്നവനായും നിരക്ഷരർക്ക് സംരക്ഷകനുമായിട്ടാണ്. നീ എന്റെ ദാസനും ദൂതനുമാണ്. 'മുതവക്കിൽ' (അല്ലാഹുവിൽ ഭരമേൽപിക്കുന്നവൻ) എന്ന് നാം നിനക്ക് പേരു നൽകി. നീ ദുഃസ്വഭാവിയോ കഠിനഹൃദയനോ അല്ല. അങ്ങാടിയിൽ ബഹളമുണ്ടാക്കുന്നവനല്ല. തിന്മയെ തിന്മ കൊണ്ട് തടുക്കുന്നവനല്ല. മറിച്ച് വിട്ടുവീഴ്ച ചെയ്യുന്നവനും മാപ്പ് ചെയ്യുന്നവനുമാണ്" (ബുഖാരി).

**നബി(സ)യെ കുറിച്ച് പ്രിയ പത്നി ആയിശ(റ)യുടെ സാക്ഷ്യപത്രം**

ആയിശ (റ)നിവേദനം: റസൂൽ (സ്വ) അസഭ്യം പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. അങ്ങാടികളിൽ ബഹളമുണ്ടാക്കുകയോ തിന്മകൊണ്ട് പ്രതികാരം ചെയ്യുകയോ ചെയ്തിരുന്നില്ല. മറിച്ച് വിട്ടുവീഴ്ചയും വിശാലമനസ്കതയും കാണിക്കുന്നയാളായിരുന്നു. (തിർമിദി)

ആഇശ(റ)നിവേദനം: വ്യക്തിപരമായ കാര്യങ്ങൾക്ക് വേണ്ടി നബി (സ്വ) ആരോടും പ്രതികാരം ചെയ്തിട്ടില്ല. അല്ലാഹു പവിത്രമാക്കിയതിനെ വല്ലവനും അനാദരിച്ചാലല്ലാതെ. അങ്ങനെ സംഭവിച്ചാൽ അതിന്റെ പേരിൽ അല്ലാഹുവിന് വേണ്ടി പ്രതികാര നടപടിയെടുക്കും. (ബുഖാരി, മുസ്‌ലിം)

ആഇശ(റ)യിൽ നിന്ന് നിവേ

**നബി(സ്വ)യുടെ ജീവിതം ക്വുർആനായിരുന്നു എന്ന് പത്നി ആഇശ(റ) പറഞ്ഞതായി പ്രാമാണിക ഹദീസ് ഗ്രന്ഥമായ സ്വഹീഹ് മുസ്‌ലിമിലുണ്ട്. വിശുദ്ധ ക്വുർആനിന് സ്വജീവിതം കൊണ്ട് വ്യാഖ്യാനം രചിച്ച മുഹമ്മദ് നബിയിൽ 'തിന്മയെ നന്മ കൊണ്ട് നേരിടുക' എന്ന വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്ന സവിശേഷ സ്വഭാവം വേണ്ടുവോളമുണ്ടായിരുന്നു.**

ദനം: റസൂൽ (സ്വ) ഏതെങ്കിലും അക്രമത്തിന് പ്രതികാരം ചെയ്യുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല. അല്ലാഹുവിന്റെ പവിത്രതകൾ ഏതെങ്കിലും ലംഘിക്കപ്പെടുമ്പോഴല്ലാതെ. അല്ലാഹുവിന്റെ പവിത്രതകൾ വല്ലതും ലംഘിച്ചാൽ അതിൽ കഠിനമായി കോപിക്കുന്നയാൾഅവിടുന്നാകുമായിരുന്നു. (തിർമിദി)

**അബ്ദുല്ലാഹിബ്നു അംറ്(റ) പറയുന്നത്**

"നബി(സ്വ) അസഭ്യം പറയുകയോ മ്ലേഛത പ്രവർത്തിക്കുകയോ ചെയ്യുന്ന ആളായിരുന്നില്ല. അവിടുന്ന് ഇങ്ങനെ പറയാറുണ്ടായിരുന്നു: 'നിങ്ങളിൽ ഏറ്റവും ഉത്തമർ ഏറ്റവും നല്ല സ്വഭാവമുള്ളവരാകുന്നു" (ബുഖാരി, മുസ്‌ലിം)

**അനസ്(റ)ന് പറയാനുള്ളത്**

"നബി(സ്വ)മനുഷ്യരിൽ വെച്ച് ഏറ്റവും ഉത്തമമായ സ്വഭാവത്തിന്റെ ഉടമയായിരുന്നു." (ബുഖാരി, മുസ്‌ലിം)

**നബി(സ്വ)യും ഗ്രാമീണ അറബിയും**

അനസ് (റ)പറയുന്നു: "ഞാൻ ഒരിക്കൽ നബി(സ്വ)യോടൊപ്പം നടക്കുകയായിരുന്നു. നജ്റാനിൽ നെയ്തുണ്ടാക്കിയ പരുപരുത്ത വക്ക് കട്ടിയുള്ള ഒരു തട്ടം നബി(സ്വ) യുടെ കഴുത്തിലുണ്ട്. അപ്പോൾ ഒരു ഗ്രാമീണൻ നബി(സ്വ)യെ കണ്ടു. അങ്ങനെ അയാൾ നബി (സ്വ)യുടെ തട്ടം പിടിച്ചു വലിച്ചു. ഞാൻ നബി(സ്വ)യുടെ കഴുത്തിലേക്ക് നോക്കുമ്പോൾ അയാളുടെ വലിയുടെ ശക്തിയിൽ ആ തട്ടത്തിന്റെ പരുപരുത്ത ഭാഗം നബി(സ്വ) യുടെ കഴുത്തിൽ അടയാളമുണ്ടാക്കിയിരിക്കുന്നു. പിന്നീട് അയാൾ പറഞ്ഞു: നിന്റെ കൈവശമുള്ള അല്ലാഹുവിന്റെ ധനത്തിൽ നിന്നും എനിക്ക് അല്പം തരാൻ കല്പിക്കുക. അപ്പോൾ നബി (സ്വ) അയാളുടെ നേരെ തിരിഞ്ഞു. ഒന്ന് പുഞ്ചിരിച്ചു.ശേഷം അയാൾക്ക് അല്പം ദാനം കൊടുക്കാൻ കല്പിക്കുകയും ചെയ്തു.": ബുഖാരി, മുസ്‌ലിം.

**പള്ളിയിൽ മൂത്രമൊഴിച്ച വ്യക്തിയോടെ നബി(സ്വ)ചെയ്തത്**

ബുഖാരി മുസ്‌ലിം പോലുള്ള ഹദീസ് ഗ്രന്ഥങ്ങളിൽ സംഭവം വിശദമായി വന്നിട്ടുണ്ട്...

ഒരു ഗ്രാമീണ അറബി വന്ന് നബിയുടെ പള്ളിയിൽ മൂത്രമൊഴിക്കാൻ തുടങ്ങി. സ്വഹാബികൾ അയാളെ തടയാനൊരുങ്ങിയപ്പോൾ നബി(സ്വ)പറഞ്ഞു: "നിങ്ങൾ അയാളെ മൂത്രമൊഴിക്കാൻ വിടുക. പകുതിയിൽ നിന്ന് നിർത്തിച്ച് മൂത്രം മുറിച്ച് കളഞ്ഞ് അയാളെ പ്രയാസപ്പെടുത്തരുത്". അയാൾ മൂത്രമൊഴിച്ചു കഴിഞ്ഞപ്പോൾ ഒരു ബക്കറ്റ് വെള്ളം കൊണ്ട് വന്ന് അതിലൊഴിക്കാൻ അവിടുന്ന് അനുചരരോട് പറഞ്ഞു: തുടർന്ന് അവരോടായി പറഞ്ഞു: "നിങ്ങൾ എളുപ്പമാക്കുന്നവരായിട്ടാണ് നിയോഗിതരായിട്ടുള്ളത്. പ്രയാസമുണ്ടാക്കുന്നവരായിട്ടില്ല.." മൂത്രമൊഴിച്ച് കഴിഞ്ഞപ്പോൾ റസൂൽ(സ്വ) ഗ്രാമീണനെ അടുത്ത് വിളിച്ചു സൗമ്യതയോടെ ഇങ്ങനെ പറഞ്ഞു കൊടുത്തു "ഈ പള്ളിയിൽ മൂത്രമൊഴിക്കുകയോ, മലിനമാക്കുന്ന മറ്റെന്തെങ്കിലും ചെയ്യാനോ പാടില്ല. ഇത് അല്ലാഹുവിന് സ്തുതി കീർത്തനങ്ങൾ നടത്താനും ഖുർആൻ പാരായണം ചെയ്യാനുള്ളതാണ്...."

അബൂമൂസൽ അശ്അരി നിവേദനം ചെയ്ത സ്വഹീഹ് മുസ്‌ലിമിലെ ഹദീസിൽ ഇങ്ങനെയുണ്ട്. 'നബി(സ്വ)എന്തെങ്കിലും കാര്യത്തിന് സ്വഹാബികളിലാരെയെങ്കിലും അയക്കുമ്പോൾ ഇങ്ങനെ പറയാറുണ്ടായിരുന്നു. 'നിങ്ങൾ സന്തോഷിപ്പിക്കുവിൻ, അകറ്റികളയരുത്.എളുപ്പമുണ്ടാക്കുക പ്രയാസമുണ്ടാക്കരുത്.'

**ശപിക്കാനല്ല; കാരുണ്യമായിട്ടാണ് ഞാൻ വന്നതെന്ന് പ്രവാചകൻ!**

അബൂഹുറയ്റ(റ)ൽ നിവേദനം: അദ്ദേഹം പറഞ്ഞു: "ഥുഫൈലിബ്നു അംറും അദ്ദേഹത്തിന്റെ ചില കൂട്ടുകാരും ഖൈബർ ദിവസം നബി(സ്വ)യുടെ അടുക്കൽ വന്ന് ഇങ്ങനെ ആവശ്യപ്പെട്ടു അല്ലാഹുവിന്റെ റസൂലേ, ദൗസ് ഗോത്രം അല്ലാഹുവിനെയും തിരുദൂതരെയും ധിക്കരിച്ചിരിക്കുന്നു. അതിനാൽ അവർക്കെതിരെ പ്രാർത്ഥിച്ചാലും. ജനങ്ങൾ പറഞ്ഞു: ദൗസ് നശിച്ചത് തന്നെ...! നബി (സ്വ)ഇങ്ങനെയാണ് പ്രാർത്ഥിച്ചത്: 'അല്ലാഹുവേ നീ ദൗസ് ഗോത്രത്തെ നേർവഴിയിലാക്കേണമേ. അവരെ(സത്യത്തിൽ) വരുത്തേണമേ". (ബുഖാരി)

ആഇശ(റ)നിവേദനം: നബി (സ്വ)യോടു ആരോ പറഞ്ഞു: ബഹുദൈവ വിശ്വാസികൾക്കെതിരെ താങ്കൾ പ്രാർത്ഥിക്കുക നബി(സ്വ)പറഞ്ഞു: ഞാൻ ശപിക്കുവാനായിട്ടല്ല. കാരുണ്യമായിട്ടാണ് അയക്കപ്പെട്ടിരിക്കുന്നത്. (മുസ്‌ലിം)

ത്വാഇഫിൽ നബി(സ്വ)യെ ഉപദ്രവിച്ച ജനതയെ നശിപ്പിക്കാമെന്ന് മലക്ക് പറഞ്ഞപ്പോൾ നബി(സ്വ) യുടെ പ്രതികരണമിതായിരുന്നു.

'വേണ്ട,അല്ലാഹുവെ മാത്രം ആരാധിക്കുകയും, അവന്റെ അധികാരാവകാശങ്ങളിൽ ആർക്കുംപങ്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന ചില സന്താനങ്ങൾ അവരിൽ നിന്ന് ജനിച്ച് വരുമെന്ന് ഞാൻ ആശിക്കുന്നു.' (ബുഖാരി, മുസ്‌ലിം)

**നബി(സ്വ)യും കടം നൽകിയ വ്യക്തിയും**

അബൂഹുറയ്റ(റ)നിവേദനം: ഒരാൾ നബി(സ്വ)യുടെ അടുത്ത് തന്റെ കടം വീട്ടാൻ ആവശ്യപ്പെട്ടു വന്നു. അയാൾ വളരെ പരുഷമാ

യി തന്നെ സംസാരിച്ചു. അത് നബി (സ്വ)യുടെ സ്വഹാബികൾക്ക് മനഃപ്രയാസമുണ്ടാക്കി. അപ്പോൾ നബി (സ്വ)പറഞ്ഞു: നിങ്ങൾ അയാളെ വിട്ടേക്കുക. അവകാശിക്ക് സംസാരിക്കാൻ അധികാരമുണ്ട്. നബി (സ്വ)തുടർന്നു പറഞ്ഞു: അയാൾ തന്ന ഒട്ടകത്തിന്റെ തുല്യ പ്രായമുള്ള ഒരൊട്ടകത്തെ അയാൾക്ക് നൽകുക. അവർ പറഞ്ഞു: “അല്ലാഹുവിന്റെ റസൂലേ, അയാളുടെ ഒട്ടകത്തെക്കാൾ കൂടുതൽ പ്രായമായതിനെ (നല്ലതിനെ)യല്ലാതെ ഞങ്ങൾ കാണുന്നില്ല”. നബി(സ്വ) പറഞ്ഞു: “നിങ്ങളത് കൊടുക്കൂ. നിങ്ങളിൽ ഉത്തമൻ നല്ല നിലയിൽ കടം വീട്ടുന്നവനാണ്”. (ബുഖാരി)



**നബി(സ്വ)യും ബഹുദൈവ വിശ്വാസിയും**

മരത്തണലിൽ വിശ്രമിച്ചു കൊണ്ടിരിക്കെ പെട്ടെന്ന് ഒരു ബഹുദൈവവിശ്വാസി വന്ന് മരകൊമ്പിൽ തൂക്കിയിട്ടിരിക്കുന്ന നബി(സ്വ)യുടെ വാൾ ഊരിപ്പിടിച്ച് നബിക്ക് നേരെ നീട്ടുന്ന സംഭവം ബുഖാരി, അഹ്മദ് പോലുള്ള ഹദീസ് ഗ്രന്ഥങ്ങളിലുണ്ട്.

‘എന്നെ നിങ്ങൾ ഭയപ്പെടുന്നുണ്ടോ’ എന്ന ചോദ്യത്തിന് ‘ഇല്ല’ എന്നായിരുന്നു നബിയുടെ ഉത്തരം. നിന്നെ ആര് രക്ഷിക്കും എന്ന ചോദ്യത്തിന് അല്ലാഹു എന്നായിരുന്നു നബിയുടെ ഉറച്ച മറുപടി! പെട്ടെന്ന് അയാളുടെ കയ്യിൽ നിന്ന് വാൾ താഴെ വീണു. നബി അതെടുക്കുകയും മാപ്പ് നൽകി അയാളെ വെറുതെ വിടുകയും ചെയ്യുന്നു. അങ്ങനെ ആ ബഹുദൈവ വിശ്വാസി തന്റെ കൂട്ടുകാരുടെ അടുത്ത് ചെന്ന് പറയുന്നതിങ്ങനെയാണ്. ‘ജനങ്ങളിൽ വെച്ച് ഏറ്റവും ഉത്തമനായ ആളുടെ അടുത്ത് നിന്നാണ് ഞാൻ ഇപ്പോൾ വരുന്നത്.’

**നബി(സ)യും ജൂത സ്ത്രീയും**

അനസ് (റ) നിവേദനം: ഒരിക്കൽ ഒരു ജൂതസ്ത്രീ വിഷം കലർത്തിയ ഒരു ആടിന്റെ മാംസവുമായി തിരുസന്നിധിയിൽ വന്നു. നബി (സ്വ) അതിൽ നിന്ന് കഴിച്ചു. പിന്നീടവർ നബി(സ്വ)യുടെ മുന്നിൽ ഹാജരാക്കപ്പെട്ടപ്പോൾ നബി(സ്വ)യോടു ആരോ ചോദിച്ചു: താങ്കളവളെ വധിക്കുമോ? അവിടുന്ന്പറഞ്ഞു: ഇല്ല. നിവേദകൻ പറയുന്നു: വിഷബാധയുടെ അടയാളങ്ങൾ തിരുകണ്ഠത്തിൽ ഞാൻ കാണാറുണ്ടായിരുന്നു. (ബുഖാരി, മുസ്‌ലിം)

**നബി(സ്വ)യുടെ പെരുമാറ്റവും സുമാമയുടെ മനം മാറ്റവും**

ശത്രുരാജ്യത്തിലെ സൈന്യാധിപനായ സുമാമയെ പിടിച്ച് കൊണ്ട് വന്ന് പള്ളിയിൽ കെട്ടിയിടുകയും മൂന്ന് ദിവസം കഴിഞ്ഞ് അദ്ദേഹത്തെ നബി(സ്വ) വെറുതെ വിടുകയും ചെയ്യുന്നു. സ്വതന്ത്രനായ സുമാമ പള്ളിക്കടുത്തുള്ള ഒരു കുളത്തിലിറങ്ങി കുളിച്ച് ശുദ്ധി വരുത്തി തിരിച്ച് പള്ളിയിൽ കയറി നടത്തിയ പ്രഖ്യാപനമിതായിരുന്നു. “അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാനിതാ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്! ഈ ലോകത്ത് താങ്കളുടെ മുഖത്തോളം വെറുപ്പുള്ള മറ്റൊരു മുഖവുമുണ്ടായിരുന്നില്ല. എന്നാൽ എനിക്കിപ്പോൾ ഏറ്റവും പ്രിയപ്പെട്ട മുഖം താങ്കളുടേതാണ്! അല്ലാഹുവാണേ, താങ്കളുടെ മതത്തിനേക്കാൾ വെറുപ്പുള്ള മറ്റൊരു മതവുമുണ്ടായിരുന്നില്ല. എന്നാൽ എനിക്ക് ഏറ്റവും പ്രിയമുള്ള മതം താങ്കളുടെ മതമാണ്. അല്ലാഹുവാണേ താങ്കളുടെ നാടിനോളം എനിക്ക് വെറുപ്പുള്ള മറ്റൊരു നാടുമുണ്ടായിരുന്നില്ല. ഇന്ന് എനിക്ക് ഏറ്റവും ഇഷ്ടമുള്ള നാട് താങ്കളുടെ നാടായിരിക്കുന്നു...” (ബുഖാരി, മുസ്‌ലിം)

**ജൂതപുരോഹിതനായ സൈദ്ബ്നുസുഅ്ന**

നബി(സ്വ)യുടെ പ്രവാചകത്വത്തെ പരീക്ഷച്ചറിയാൻ വന്ന ജൂതറബ്ബിയായിരുന്നു സൈദ്ബ്നുസുഅന. നബി(സ്വ)യെ പ്രകോപിക്കുന്ന തരത്തിലുള്ള പ്രവർത്തികൾ പലതും അദ്ദേഹം ചെയ്യുന്നു. അതിനോട് ഒരിക്കൽ പോലും അപക്വമായോ അവിവേകത്തോടെയോ വൈകാരികമായോ നബി (സ്വ) പ്രതികരിക്കുന്നില്ല... ശേഷം ആ യഹൂദ പുരോഹിതൻ ഉമർ(റ) നോട് പറയുന്നതിതാണ്. ‘നബിയുടെ മുഖത്ത് ഞാൻ നോക്കി, പ്രവാചകത്വത്തിന്റെ രണ്ട് അടയാളങ്ങളൊഴിച്ച് എല്ലാം ഞാൻ തിരിച്ചറിഞ്ഞു. അവ ഇതായിരുന്നു. അദ്ദേഹത്തിന്റെ വികാരം വിവേകത്തെ മറികടക്കുന്നുവോ അതല്ല എത്ര കഠിനമാണെങ്കിലും അവിവേകം കാണിക്കാതെ യുക്തിദീക്ഷയോടെയും സംയമനത്തോടെയും പ്രവർത്തിക്കുമോ എന്ന് ഞാൻ പരീക്ഷിക്കുകയായിരുന്നു.

**വ്യഭിചാരത്തിന് സമീപിക്കുന്ന ഏതൊരു സ്ത്രീയും ആരുടെയെങ്കിലും മാതാവ്, അല്ലെങ്കിൽ മകളോ പെങ്ങളോ, അതുമല്ലെങ്കിൽ മാതൃസഹോദരിയോ പിതൃസഹോദരിയോ ആയിരിക്കുമെന്ന് പഠിപ്പിച്ചു കൊടുക്കുകയായിരുന്നു നബി. ശേഷം നബി(സ്വ) ആ യുവാവിന്റെ തലയിൽ കൈ വെച്ച് കൊണ്ട് പ്രാർത്ഥിക്കുകയും ചെയ്തു. ശേഷം ആ യുവാവിന് വ്യഭിചാരത്തോട് താല്പര്യം തോന്നിയിട്ടില്ലെന്നാണ് സംഭവത്തിന്റെ ചുരുക്കം. നന്മ കൊണ്ട് എങ്ങനെ നേരിടാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് നബി ജീവിതത്തിലെ ഈ സംഭവം.**

ഇപ്പാൾ എനിക്ക് ബോധ്യമായി. അല്ലാഹുവിനെ രക്ഷിതാവായും ഇസ്‌ലാമിനെ മതമായും മുഹമ്മദിനെ പ്രവാചകനായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു... പിന്നീട് നബി സന്നിധിയിലെത്തി ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് ശഹാദത്ത് കലിമ ചൊല്ലി (ഹാക്കിം, നസാഈ)

**പാപികളും ദുർവൃത്തരുമായ ആളുകളോടുള്ള നബി(സ്വ)യുടെ ഇടപെടലുകൾ**

അംറ്ബ്നു ആസ്(റ) നിവേദനം: 'റസൂൽ(സ്വ)ജനങ്ങളിൽ ഏറ്റവും ദുഷ്ടരായ ആളുകളോടു പോലും സംസാരിക്കുമ്പോൾ അവരെ ഇണക്കിയെടുക്കാൻ വേണ്ടി അവർക്കഭിമുഖമായി ഇരിക്കുമായിരുന്നു.' (തിർമിദി)

ആഇശ(റ)പറയുന്നു: (ദുർവൃത്തനായ ആൾ) കടന്നു വന്നപ്പോൾ നബി(സ്വ)അയാളോട് വളരെ സൗമ്യമായി പെരുമാറി... അയാൾ പോയപ്പോൾ ഞാൻ നബി(സ്വ)യോടു ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ താങ്കളല്ലേ അയാളെ പറ്റി അയാൾ തന്റെ കുടുംബത്തിൽ ഏറെ ദുഷിച്ച മനുഷ്യനാണെന്ന് പറഞ്ഞത്? എന്നിട്ട് താങ്കളയാളോട് വളരെ സൗമ്യമായിട്ടാണല്ലോ സംസാരിച്ചത്?' നബി(സ്വ) പറഞ്ഞു: 'ആഇശാ! ജനങ്ങളിൽ ഏറ്റവും ചീത്തമനുഷ്യൻ അവന്റെ ദുഷ്പ്രവൃത്തി ഭയന്ന് ജനങ്ങളാൽ ഉപേക്ഷിക്കപ്പെട്ടവനാണ്.' (ബുഖാരി, മുസ്‌ലിം)

**എനിക്ക് വ്യഭിചരിക്കണം എന്ന് പറഞ്ഞയാളെ നബി(സ്വ) ചെയ്തത്**

അബൂ ഉമാമ(റ)നിവേദനം ചെയ്ത ഇമാം അഹ്മദും ത്വബ്റാനിയുമൊക്കെ തങ്ങളുടെ ഹദീസ് ഗ്രന്ഥങ്ങളിലുദ്ധരിച്ച സംഭവത്തിന്റെ സംഗ്രഹമിതാണ്

ഒരിക്കൽ ഒരു യുവാവ് നബി (സ്വ)യുടെ അടുത്ത് വന്ന് റസൂലുല്ലാഹ് എന്നെ വ്യഭിചരിക്കാനനുവദിക്കണെമെന്ന് പറഞ്ഞു. ജനങ്ങളാകെ ക്ഷുഭിതരായി അയാൾക്കെതിരെ തിരിഞ്ഞു... നബി(സ്വ) യുവാവിനെ വിളിച്ചു, അടുത്തിരുത്തി. എന്നിട്ട് ശാന്തമായി അയാളുമായി സംസാരിച്ചു. എന്നിട്ടു ചോദിച്ചു: "വ്യഭിചാരം താങ്കളുടെ ഉമ്മയുമായി ആകുന്നത് താങ്കൾക്കിഷ്ടമാണോ ?" യുവാവ് പറഞ്ഞു: "അല്ലാഹുവാണേ ഇല്ല." നബി(സ്വ) പറഞ്ഞു: "ജനങ്ങളും അവരുടെ ഉമ്മമാരുമായുള്ള വ്യഭിചാരം ഇഷ്ടപെടുകയില്ല. ഇനി പെങ്ങളുമായോ മകളുമായോ മാതൃ/പിതൃസഹോദരിമാരുമായോ വ്യഭിചരിക്കുന്നത് താങ്കൾക്കിഷ്ടമാണോ?" യുവാവ് പറഞ്ഞു: "ഇല്ല, ഇല്ല, ഇല്ല." നബി(സ്വ) പറഞ്ഞു: "പെങ്ങളുമായോ മകളുമായോ മാതൃ/പിതൃസഹോദരിമാരുമായോ വ്യഭിചാരത്തിലേർപ്പെടുന്നതിനെ ജനങ്ങളാരും ഇഷ്ടപെടുകയില്ല."

വ്യഭിചാരത്തിന് സമീപിക്കുന്ന ഏതൊരു സ്ത്രീയും ആരുടെയെങ്കിലും മാതാവ്, അല്ലെങ്കിൽ മകളോ പെങ്ങളോ, അതുമല്ലെങ്കിൽ മാതൃസഹോദരിയോ പിതൃസഹോദരിയോ ആയിരിക്കുമെന്ന് പഠിപ്പിച്ചു കൊടുക്കുകയായിരുന്നു നബി. ശേഷം നബി(സ്വ) ആ യുവാവിന്റെ തലയിൽ കൈ വെച്ച് കൊണ്ട് പ്രാർത്ഥിക്കുകയും ചെയ്തു. ശേഷം ആ യുവാവിന് വ്യഭിചാരത്തോട് താല്പര്യം തോന്നിയിട്ടില്ലെന്നാണ് സംഭവത്തിന്റെ ചുരുക്കം..തിന്മയെ നന്മ കൊണ്ട് എങ്ങനെ നേരിടാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് നബി ജീവിതത്തിലെ ഈ സംഭവം..

**വിട്ടുവീഴ്ചയും സൗമ്യതയും പഠിക്കുന്ന ചില തിരുമൊഴികൾ**

അബൂഹുറയ്റ(റ)നിവേദനം: റസൂൽ(സ്വ)പറഞ്ഞു: "ദാനം ധനത്തിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വിട്ടുവീഴ്ച കൊണ്ട് അല്ലാഹു ഒരു ദാസന് പ്രതാപമല്ലാതെ വർദ്ധിപ്പിച്ചിട്ടില്ല..." (മുസ്‌ലിം)

ഇബ്നു മസ്ഊദ്(റ)നിവേദനം: പ്രവാചകൻ(സ്വ)പറഞ്ഞു: "ഞാൻ നിങ്ങൾക്ക് നരകത്തിന് നിഷിദ്ധമായവരെ അല്ലെങ്കിൽ നരകം നിഷിദ്ധമായവരെക്കുറിച്ച് അറിയിച്ച് തരാം. ജനങ്ങളോട് അടുപ്പവും സൗമ്യതയും നൈർമല്യവും വിട്ടുവീഴ്ചാ മനഃസ്ഥിതിയുള്ള എല്ലാവർക്കും അത് നിഷിദ്ധമാണ്." (തിർമിദി)

ആഇശ(റ )നിവേദനം: "നബി (സ്വ)പറഞ്ഞു: നിശ്ചയം അല്ലാഹു സൗമ്യതയുള്ളവനും എല്ലാ കാര്യങ്ങളിലും സൗമ്യത ഇഷ്ടപ്പെടുന്നവനുമാണ്." (ബുഖാരി, മുസ്‌ലിം)

ആഇശ(റ )നിവേദനം: "നബി (സ്വ)പറഞ്ഞു: ആഇശ, അല്ലാഹു സൗമ്യനാണ്, അവൻ സൗമ്യത ഇഷ്ടപ്പെടുന്നു. പാരുഷ്യത്തിന് നൽകാത്തത് അവൻ സൗമ്യതക്ക് നൽകുന്നു. മറ്റൊന്നിനും നൽകാത്തത് അവൻ സൗമ്യതക്ക് നൽകും." (മുസ്‌ലിം)

ജരീർ(റ)നിവേദനം: "നബി (സ്വ)പറഞ്ഞു: സൗമ്യത നിഷേധിക്കപ്പെട്ടവന് നന്മ നിഷേധിക്കപ്പെട്ടു." (മുസ്‌ലിം)

അനസ്(റ)നിവേദനം നബി (സ്വ)പറഞ്ഞു: "നിങ്ങൾ ആശ്വാസം പകരുക; ഞെരുക്കാതിരിക്കുക, അവർക്ക് സംതൃപ്തി കൈവരുത്തുക. അസന്തുഷ്ടി ഉണ്ടാക്കാതിരിക്കുക". (ബുഖാരി, മുസ്‌ലിം)

ഇബ്നു അബ്ബാസ്(റ)ൽ നിന്ന്: "അശജ്ബ്നു അബ്ദുൽ ഖൈസ്(റ)വിനോട് റസൂൽ(സ്വ)പറഞ്ഞു: അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് വിശിഷ്ട ഗുണങ്ങൾ നിങ്ങൾക്കുണ്ട്. വിവേകം, അവധാനത." (മുസ്‌ലിം) ■

ലേഖനം




# മക്കയിലെ അൽഅമീൻ

അബ്ദുൽ മാലിക് സലഫി
: 96565 30656

ഇരുൾ മുറ്റിനിന്നിരുന്ന മക്കയിൽ ഒരു അനാഥൻ പിറക്കുന്നു. വെളുത്ത സുമുഖനായ, ഓമനത്തമുള്ള ഒരാൺകുഞ്ഞ്. 'മുഹമ്മദ്' എന്ന് കുടുംബം പേരിട്ടു. മാതാവിന്റെ പരിലാളനയിൽ പടിപടിയായി വളർന്നു വന്നു. ഓടിച്ചാടി നടക്കാറായതേയുള്ളൂ, അന്നേരം മാതാവും വിടചൊല്ലി. ശേഷം പിതാമഹനും അതിനുശേഷം പിതൃവ്യനും പോറ്റിവളർത്തി.

ചെറുപ്പത്തിൽതന്നെ അസാധാരണ ബുദ്ധിയും സ്വഭാവ മഹിമയും ജീവിതവിശുദ്ധിയും അർപ്പണബോധവും നേതൃപാടവവും തന്റേടവും ധൈര്യവും പ്രകടമാക്കിയ ആ കുഞ്ഞ് ഏറെ വൈകാതെ ആ നാടിന്റെ ഓമനയായി മാറി.

ക്വുറൈശി കുടുംബത്തിലെ സുമുഖനായ ചെറുപ്പക്കാരൻ എല്ലാവർക്കും വേണ്ടപ്പെട്ടവനായി. ആർക്കും ദുഷിച്ചൊന്നും പറയാനില്ല. തിന്മകളുടെ ഓവുചാലുകൾ കരകവിഞ്ഞൊഴുകിയിരുന്ന മക്കയിൽ, തിന്മയുടെ ഗന്ധം പോലും അറിയാതെ വിശുദ്ധ ജീവിതം നയിച്ച അദ്ദേഹത്തെ നാട്ടുകാർ ഓമനിച്ച് വിളിച്ച പേരായിരുന്നു 'അൽ അമീൻ' എന്നത്. ആ ചെറുപ്പക്കാരന് കിട്ടിയ നാടിന്റെ ആദരവായിരുന്നു അത്.

അബൂത്വാലിബിന്റെ സംരക്ഷണയിലാണ് ഇപ്പോൾ ഉള്ളത്. അദ്ദേഹമാവട്ടെ പരമദരിദ്രനും! കഷ്ടിച്ച് മാത്രം ചെലവ് കഴിയുന്ന അവസ്ഥ. തന്റെ പിതൃവ്യനെ സാമ്പത്തികമായി സഹായിക്കണമല്ലോ, എന്തു ചെയ്യും?

ആടിനെ മേയ്ക്കാം. താൻ നിയോഗിതനാവാൻ പോകുന്ന ഉന്നതമായ സ്ഥാനത്തേക്കുള്ള ഒരു പരിശീലനക്കളരി കൂടിയായിരുന്നു അത്. മിക്ക നബിമാരും ആടുമേയ്ച്ചിരുന്നവരായിരുന്നു. ചെറുപ്പത്തിൽ തന്നെ അധ്വാനിച്ച് ആഹരിക്കാനുള്ള അനുഭവ പാഠങ്ങൾ ആടുമേയ്ക്കലിലൂടെ അദ്ദേഹം ആർജിച്ചെടുത്തു.

സമൂഹത്തിൽനിന്ന് അകന്ന് അന്തർമുഖനായിട്ടല്ല അദ്ദേഹം ജീവിച്ചത്. കച്ചവടം നടത്തി ലാഭം നേടുന്ന വഴികൾ നന്നായി ഗ്രഹിച്ച് കുറഞ്ഞ കാലംകൊണ്ട് ഏറെ കേളികേട്ട കച്ചവടക്കാരനായി മാറി. കച്ചവടത്തിൽ നിലനിന്നിരുന്ന അരുതായ്മകളുടെ അരികിലൂടെ പോലും അദ്ദേഹം സഞ്ചരിച്ചില്ല.

ഇപ്പോൾ വയസ്സ് പതിനാലായി. നാട്ടിൽ ഒരു യുദ്ധം നടക്കാനുള്ള ഒരുക്കമാണ്. സ്വന്തം നാടിനെ ഹവാസിനുകാർ ആക്രമിക്കാനിരിക്കുന്നു. ഒട്ടും അമാന്തിച്ചില്ല; പ്രസ്തുത യുദ്ധത്തിൽ നിർണായക പങ്ക് വഹിച്ചു. തന്നിലെ പോരാട്ട വീര്യവും മെയ്വഴക്കവും ജനം ദർശിച്ച നിമിഷമായിരുന്നു അത്.

സമൂഹത്തിലെ സർവ നന്മകളുടെയും മുൻപന്തിയിൽതന്നെ അദ്ദേഹം ഉണ്ടായിരുന്നു. 'ഹൽഫുൽ ഫുദൂൽ' എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെട്ട അനുരഞ്ജന കമ്മിറ്റിയിൽ അദ്ദേഹം ഉണ്ടായിരുന്നു. ഗോത്രങ്ങൾ തമ്മിൽ ഐക്യമുണ്ടാക്കുക, അഗതികൾക്ക് ആശ്രയം നൽകുക, നാടിനെ ശത്രുക്കളിൽ നിന്ന് രക്ഷിക്കുക എന്നിവയായിരുന്നു അതിന്റെ പ്രവർത്തന മേഖലകൾ. അതിലെല്ലാം അദ്ദേഹം മുന്നിലുണ്ടായിരുന്നു.

'എന്റെ പിതൃവ്യന്മാരുടെ കൂടെ അബ്ദുല്ലാഹിബ്നു ജുദ്ആന്റെ ഭവനത്തിൽ നടന്ന സഹകരണ കരാറിൽ ഞാൻ പങ്കെടുത്തിരുന്നു. ചുവന്ന ഒട്ടകത്തെക്കാൾ എനിക്കത് പ്രിയം നിറഞ്ഞതായിരുന്നു' (ഫിക്ഹുസ്സീറ: 72) എന്ന ഹദീസ് അദ്ദേഹത്തിന്റെ സാമൂഹിക ഇടപെടലിനെ അടയാളപ്പെടുത്തുന്നുണ്ട്.

സാമൂഹിക സഹകരണത്തോടൊപ്പം, ഭിന്നതകൾ രമ്യമായി പരിഹരിക്കുന്നതിനാവശ്യമായ സമർഥമായ ഇടപെടലുകൾ നടത്തി മക്കയിലെ നേതൃത്വത്തിന് വ്യക്തമായ ദിശാബോധം നൽകാൻ അദ്ദേഹത്തിനായിരുന്നു. തന്റെ മുപ്പത്തിയഞ്ചാം വയസ്സിൽ നടന്ന, കഅ്ബയുടെ അറ്റകുറ്റ പണികളിൽ നേതൃപരമായ പങ്കുവഹിച്ചു. ഹജറുൽ അസ്‌വദിന്റെ വിഷയത്തിൽ തർക്കം വന്നപ്പോൾ ബുദ്ധിപരമായി അതിനെ കൈകാര്യം ചെയ്തത് ഒരു ഉദാഹരണം മാത്രം.

ചുരുക്കത്തിൽ, സമൂഹത്തിന്റെ നേതൃനിരയിലേക്കു വരേണ്ട വ്യക്തികളിൽ ഉണ്ടാവേണ്ട മുഴുവൻ ഗുണങ്ങളും സമ്പൂർണ രീതിയിൽ തന്നെ അദ്ദേഹത്തിൽ ദർശിക്കപ്പെട്ടിരുന്നു എന്ന് സാരം. അതേസമയം, സമൂഹത്തിന്റെ ആത്മീയ മേഖലയിലെ ജീർണതകളിൽ അദ്ദേഹം ഏറെ ഖിന്നനുമായിരുന്നു. അത് ഉള്ളിൽ നോവായി നില നിൽക്കുമ്പോഴും പരസ്യമായി ഒന്നും പ്രതികരിച്ചില്ല! അതുകൊണ്ടുതന്നെ അബ്ദുല്ലയുടെ മകൻ മുഹമ്മദ് അവർക്ക് എല്ലാ അർഥത്തിലും 'അൽഅമീൻ' തന്നെയായിരുന്നു.




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JULY 30

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

محمد صلى الله عليه وسلم

# നന്മയുടെ ദൂതൻ

# DAILY QUIZ!

JUNE 25 - JULY 30

എല്ലാ ദിവസവും വൈകിട്ട് 6.00 മണിക്ക്



1st Prize LAPTOP
2nd Prize Tablet
3rd Prize Mobile Phone

## കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും

ചോദ്യങ്ങൾ Peace Radio വഴിയും
Wisdom Youth ഫെയ്സ്ബുക്ക് പേജിലും
JUNE 25 മുതൽ കേൾക്കാം

peaceradio

വിസ്ഡം ഇസ്ലാമിക് യൂത്ത് ഓർഗനൈസേഷൻ